

# സെബസ്ത്യാനോസ് ഗീവർഗീസ് അന്തോനീസ്

കാഞ്ഞിരത്തുങ്കൽ

www.malankaralibrary.com

Fr. Geevarghese Charuvilayil
Malankara Catholic Church
Konni. P. O. Pathanamthitta
Pin, 689691

# സെബസ്ത്യാനോസ്
# ഗീവർഗീസ്
# അന്തോനീസ്

വറുഗീസ് കാഞ്ഞിരത്തുങ്കൽ

2004

—പ്രസാധകർ—
ദീപിക ബുക്ക് ഹൗസ്
ശാസ്ത്രി റോഡ്, കോട്ടയം—686 001

www.malankaralibrary.com

(Malayalam)

SEBASTIANOS GEEVARGHESE ANTHONEESE

By Varghese Kanjirathunkal

Third Edition April 1994

Printed at: Anaswara Printers

Sastri Road, Kottayam - 1

Published & Distributed by:

DEEPIKA BOOK HOUSE

Satsri Road, Kottayam - 1

Price Rs. 15

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ആമുഖം

പുസ്തക പ്രസിദ്ധീകരണ രംഗത്തു് ഉന്മിഷത്തായ ആഭിമുഖ്യവും ദൗത്യ പ്രതിബദ്ധതയും പ്രകടിപ്പിക്കുന്ന ദീപികാ ബുക്ക്ഹൗസിൻെറ മുൻ മാനേജർ റവ. ഫാ. ടോം ജോസ് മാത്തച്ചേരി സി. എം. ഐ. യുടെ പ്രത്യേക നിർദ്ദേശമനുസരിച്ചു് ഞാനെഴുതുന്ന ഏതാനും പുസ്തകങ്ങളിൽ ഒന്നാണു് സെബസ്ത്യാനോസ്, ഗീവർഗീസ്, അന്തോനീസ്, എന്ന ഈ ജീവിതസമ്പുടം. വി. സെബസ്ത്യാനോസിൻെറയും, ഗീവർഗീസിൻെറയും, അന്തോനീസിൻെറയും രേഖാമാത്രമായ ജീവിതാഖ്യാനമെന്നതിലുപരി ഉദാരശോഭമായ ആ ദിവ്യ വ്യക്തിത്വങ്ങളുടെ ആനുകാലിക പ്രസക്തിയും മാദ്ധ്യസ്ഥ ശക്തിയും എടുത്തു കാണിക്കാനുള്ള ഒരു വിനീതശ്രമമാണ് തുടർന്നുള്ള പേജുകളിൽ കാണുക.

കടുത്തുരുത്തി
**1—8—1991**

വറുഗീസ് കാഞ്ഞിരത്തുങ്കൽ

www.malankaralibrary.com

# ഗ്രന്ഥകാരനെപ്പററി

1922 ജൂൺ 15—നു് കടുത്തുരുത്തിയിൽ ജനിച്ചു.
കോട്ടയം തിരുഹൃദയക്കുന്നു ഹൈസ്ക്കൂളിൽ വിദ്യാഭ്യാസം.
മലയാളം മുഖ്യപരീക്ഷ പാസ്സായി അദ്ധ്യാപകനായി.
1974—ൽ ഉത്തമാദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡു് ലഭിച്ചു.
വിശുദ്ധദീപ്തി കർമ്മലകുസുമം മാസികകളുടെ
സഹപത്രാധിപത്യം വഹിച്ചിട്ടുണ്ടു്.
ജനകീയ സാഹിത്യ മുന്നണിയുടെ സെക്രട്ടറിയും വിശുദ്ധദീപ്തി
കലാഭവൻ സ്ഥാപക പ്രസിഡൻറും ആയിരുന്നു.
ഗ്രന്ഥശാലാ പ്രസ്ഥാനത്തിലും ട്രേഡു് യൂണിയൻ രംഗത്തും പ്രവർത്തിച്ചിട്ടുണ്ടു്.
പാലാ രൂപതാ മതബോധനോപദേശക സമിതിയംഗവും
രൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പറും ആയിരുന്നു.
സമ്പൂർണ്ണ ബൈബിൾ കഥകൾക്കു കത്തോലിക്കാ കോൺഗ്രസ്സ് അവാർഡും (1981) പ്രകാശം
സാഹിത്യപുരസ്കാരവും ലഭിച്ചിട്ടുണ്ടു്.
ഭാര്യ ഏലിയാമ്മ
മക്കൾ സലില, ലൈല, ആൽഫി

വിലാസം
പാഴത്തുരുത്തു്
തിരുവമ്പാടി പി. ഒ.
പിൻ: 686 612
കടുത്തുരുത്തി

www.malankaralibrary.com

## ഒന്ന്

# വി. സെബസ്ത്യാനോസ്

കേരളീയ ക്രിസ്ത്യാനികൾക്ക പൊതുവേ പ്രിയങ്കരനായ ഒരു വിശുദ്ധനാണ് പുരാതന റോമൻ രക്തസാക്ഷിയായ വി. സെബസ്ത്യാനോസ്. ഈ വിശുദ്ധൻെറ തിരുസ്വരൂപം പ്രതിഷ്ഠിക്കപ്പെടാത്തതോ, തിരുനാൾ ആഘോഷിക്കപ്പെടാത്തതോ ആയ ക്രൈസ്തവ ദേവാലയങ്ങൾ കേരളത്തിൽ തീരെ ദുർലഭമായിരിക്കും. അർത്തുങ്കൽ, അതിരമ്പുഴ മുതലായ പ്രാചീന ദേവാലയങ്ങളിലെ പ്രധാന തിരുനാൾതന്നെ വി. സെബസ്ത്യാനോസിൻെറ തിരുനാളാണ്. കേരളത്തിലെ സാമാന്യജനങ്ങൾക്ക് രോഗവിമോചകനായ ദേവസ്യാനോസ് പുണ്യവാനാണ് അദ്ദേഹം. ചിലർ സെൻറ് സെബാസ്റ്റ്യനെന്നും വ്യവഹരിക്കുന്നു. രക്തസാക്ഷിയെന്ന അർത്ഥത്തിൽ സെബസ്ത്യാനോസ് സഹദാ എന്നും വിശുദ്ധനെ അഭിസംബോധന ചെയ്യാറുണ്ട്. 'റോമിലെ വിശുദ്ധ വേദസാക്ഷി' പരിശുദ്ധനായ യോദ്ധാവ് ഇത്യാദി ഉപസംജ്ഞകളും അദ്ദേഹത്തിനുണ്ട്.

വി. സെബസ്ത്യാനോസിൻെറ മാധ്യസ്ഥശക്തിയെ ആദരിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന ഭക്തജനങ്ങൾ നിരവധിയാണ്. സാംക്രമികരോഗവിനാശകനായിട്ടാണ് അദ്ദേഹം പൊതുവെ അറിയപ്പെടുന്നത്. ക്രി. വ. 680—ൽ റോമാനഗരം മാരകമായ ഒരു സാംക്രമികരോഗബാധയാൽ പീഡിപ്പിക്കപ്പെട്ടപ്പോൾ ഭയാക്രാന്തരായ നഗരവാസികൾ വി. സെബസ്ത്യാനോസിനോടു മാധ്യസ്ഥാപേക്ഷ നടത്തുകയും വിശുദ്ധൻെറ രക്തസാക്ഷിത്വ ചിഹ്നമായ അമ്പ് (കഴുന്ന്) താലങ്ങളിൽ വച്ച് പട്ടണപ്രദക്ഷിണം നടത്തുകയും ചെയ്തതോടെ അത്ഭുതകരമായ രോഗശാന്തിയുണ്ടായി. വിശുദ്ധൻെറ മാതൃസ്വദേശമായ മിലാൻ പട്ടണത്തിൽ 1575—ൽ പടർന്നുപിടിച്ച മാരകമഹാമാരിയും വിശുദ്ധൻെറ മാധ്യസ്ഥത്താൽ തന്നെ നിശ്ശേഷം നിർമാർജനം ചെയ്യപ്പെട്ടു. 1599—ൽ ലിസ്ബൺ നഗരവും ഇതുപോലെ ഘോരഭീകരമായ ഒരു പകർച്ചവ്യാധിയിൽ നിന്നു വി. സെബസ്ത്യാനോസിൻെറ മാധ്യസ്ഥശക്തിയാൽ സമ്പൂർണ്ണ വിമുക്തമായതായി വിശ്വസിക്കപ്പെടുന്നു. തുടർന്നും പലേടത്തും

www.malankaralibrary.com

വി. സെബസ്ത്യാനോസിനോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥനവഴി ധാരാളം സാംക്രമികരോഗശാന്തി ഉണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരളക്കരയിലും സാംക്രമികരോഗ സംഹാരക വിശുദ്ധനായി സെൻറ് സെബാസ്റ്റ്യൻ പരക്കെ വണങ്ങപ്പെടുന്നതിനും, അദ്ദേഹത്തിൻെറ ബഹുമാനാർത്ഥം കഴുന്ന് (അമ്പ്) എഴുന്നെള്ളിച്ച് കാണിക്ക അർപ്പിക്കുന്നതിനും ഇതായിരിക്കാം കാരണം.

വി. സെബസ്ത്യാനോസിൻെറ ജീവചരിത്രം സംബന്ധിച്ച് ലഭ്യമായിട്ടുള്ള ചില വിവരണങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

വിശുദ്ധന്മാരുടെ ജന്മഭൂമിയെന്നു പ്രകീർത്തിക്കപ്പെടുന്ന ഫ്രാൻസുരാജ്യത്തിൻെറ ദക്ഷിണപാർശ്വത്തിൽ, മെഡിററേനിയൻ സമുദ്രതീരത്തുള്ള നർബോൺ നഗരത്തിൽ ക്രി. വ. 255—നോടടുത്ത് സെബസ്ത്യാനോസ് ഭൂജാതനായി എന്നാണ് പാരമ്പര്യ വിശ്വാസം. സമ്പന്നനും ഉൽകൃഷ്ടകുലജാതനും ഉത്തമ ക്രൈസ്തവ ജീവിതത്തിൻെറ ഉടമയുമായ ഒരു നർബോൺ പൗരമുഖ്യനായിരുന്നു അദ്ദേഹത്തിൻെറ പിതാവ്. മാതാവാകട്ടെ, ഇററലിയിലെ മിലാൻകാരിയായ ഒരു പ്രഭുകുടുംബാംഗവുമായിരുന്നു.

മാതാവിൻെറ ജന്മദേശമായ മിലാനിലാണ് സെബസ്ത്യാനോസ് ബാല്യകാലം കഴിച്ചത്. അവിടെവച്ച് മാതാവിൻെറ മേൽനോട്ടത്തിൽ ബാലന് ഉദാത്താശിക്ഷണം ലഭിച്ചു. വംശോചിതമായ ഉന്നതവിദ്യാഭ്യാസവും സെബസ്ത്യാനോസിന് സംസിദ്ധമായി. അക്കാലത്ത് സൈനികസേവനം ശ്രേഷ്ഠമായ ഒരു ജീവിതവൃത്തിയായി മാനിക്കപ്പെട്ടിരുന്നതിനാൽ, തങ്ങളുടെ പുരുഷസന്താനങ്ങളെ ആയോധനവിദ്യ അഭ്യസിപ്പിക്കുന്നതിൽ അഭിജാതരായ മാതാപിതാക്കന്മാർ പ്രത്യേകം താല്പര്യപ്പെട്ടിരുന്നു. ആ പതിവനുസരിച്ച് സെബസ്ത്യാനോസും സൈനികപരിശീലനത്തിനു നിയുക്തനായി.

അസാധാരണമായ കായികശേഷിയും നിഷ്കൃഷ്ടമായ ജീവിതനിയന്ത്രണവും അക്ഷീണമായ അധ്വാനശീലവും ഏകാഗ്രജാഗ്രതയും കൈമുതലായുണ്ടായിരുന്ന ആ യുവാവ്, ആയോധനവിദ്യയിൽ അനായാസശീഘ്രമായി നൈപുണ്യം കൈവരിച്ചു. സെബസ്ത്യാനോസിൻെറ അതുല്യമായ പ്രതിഭാവിലാസവും അന്യാദൃശമായ വിനയം, ദീനാനുകമ്പ, വിപദിധൈര്യം, വിരക്തി മുതലായ സൽഗ്ഗുണങ്ങളും ഗുരുഭൂതന്മാരെയും സഹപാഠികളെയും ഹഠാദാകർഷിച്ചു. ആ സൈനിക വിദ്യാർത്ഥി ബന്ധപ്പെട്ട എല്ലാവരുടേയും കണ്ണിലുണ്ണിയായി.

www.malankaralibrary.com

# രണ്ട്

വിദ്യാഭ്യാസം പൂർത്തിയായ മുറയ്ക്ക്, സ്വന്തം ജീവിതാന്തസ്സു തെരഞ്ഞെടുക്കുവാൻ സെബസ്ത്യാനോസ് നിർബന്ധിതനായി. മത തീക്ഷ്ണതയുള്ള ഒരമ്മായപ്രേഷിതനായി അജ്ഞാതജീവിതം നയിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ താല്പര്യം. കുടുംബാംഗ ങ്ങളാകട്ടെ, ചുണക്കുട്ടിയായ സെബസ്ത്യാനോസ് പട്ടാളത്തിൽ ചേർന്ന് പടനായകനായി ഉയരുന്നതു കാണുവാനാണ് കൊതിച്ചത്. ഒടുവിൽ സെബസ്ത്യാനോസും ആ വഴിക്കു തന്നെ തിരിഞ്ഞു. സൈനികവൃത്തിയുടെ ലൗകികമാന്യതയോ ഔദ്യോഗികരംഗത്ത് ഉന്നത ശ്രേണിയിൽ എത്തിച്ചേരാനുള്ള അഭിലാഷമോ ആയിരു ന്നില്ല സെബസ്ത്യാനോസിനെ അങ്ങോട്ടാകർഷിച്ചത്. കഠിന മായ ക്രിസ്തീയമതമർദ്ദനം സംഹാരതാണ്ഡവമാടിയിരുന്ന അക്കാ ലത്ത് ക്രിസ്ത്യാനികളായ തടവുകാരോടും മററും സ്വതന്ത്രസമ്പർക്കം പുലർത്തുന്നതിനും മർദ്ദിതജനവിഭാഗത്തിന് ഒരു പരിധിവരെ ചില സഹായങ്ങൾ എത്തിച്ചുകൊടുക്കുന്നതിനും സൈനിക ജീവിതം പ്രയോജകീഭവിക്കുമെന്നുള്ള ചിന്തയായിരുന്നു സെബസ്ത്യാനോ സിനെ ആ സാഹസിക ജീവിതത്തിന് പ്രേരിപ്പിച്ചത്.

ഒരു യോദ്ധാവെന്ന നിലയിൽ രാജാവിനും രാജ്യത്തിനും വേണ്ടി വിശ്വസ്തതയോടും കൃത്യബോധത്തോടുംകൂടി സെബസ്ത്യാ നോസ് തന്റെ ഔദ്യോഗിക കർത്തവ്യങ്ങൾ നിർവഹിച്ചു. രാജ്യ ത്തിന്റെ സുരക്ഷിതത്വം കാത്തുസൂക്ഷിക്കുവാനും അസ്ഥിത്വവും അഖണ്ഡതയും നിലനിർത്തുവാനും ആ യുവസൈനികൻ പരമാ വധി പരിശ്രമിച്ചു. അക്കൂട്ടത്തിൽതന്നെ രാജ്യവാസികൾ ക്കെല്ലാം തുല്യമായ പൗരനീതി ഉറപ്പുവരുത്തുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു പോന്നു.

സെബസ്ത്യാനോസ് ഔദ്യോഗികജീവിതം ആരംഭിച്ചകാ ലത്ത് റോമാസാമ്രാജ്യം ഭരിച്ചിരുന്നത് കാരസ് എന്നൊരു ചക്ര വർത്തിയായിരുന്നു. തന്റെ പൂർവ്വഗാമികളായ നീറോ പ്രഭൃതിക ളെപ്പോലെ നിഷ്കണ്ടകനായ ഒരു മതമർദ്ദകനായിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ ഹിതവും മതവും ആരായാതെ, രാജാവി നെക്കാൾ വലിയ രാജഭക്തി നടിച്ചിരുന്ന ഹൃദയശൂന്യരായ ഉദ്യോ

www.malankaralibrary.com

ഗസ്ഥവൃകങ്ങരം ക്രിസ്ത്യാനികളായ പ്രജാസമൂഹത്തെ നാനാപ്രകാരത്തിൽ പീഡിപ്പിച്ചുകൊണ്ടിരുന്നു. ഇതു വിവേചനാപരമായ അന്യായമാണെന്നും രാജ്യത്തിൻെറ ഉത്തമതാല്പര്യങ്ങരംക്കു വിരുദ്ധമാണെന്നും സെബസ്ത്യാനോസ് യഥാവസരം ചൂണ്ടിക്കാണിച്ചു. അതിനും പുറമേ, ബന്ദികളെയും മററു തരത്തിൽ പീഡനവിധേയരായവരെയും അദ്ദേഹം സന്ദർശിച്ച് ആശ്വസിപ്പിക്കുകയും അവരുടെ മോചനത്തിനായി സാധ്യമായ രീതിയിലെല്ലാം യത്നിക്കുകയും ചെയ്തു പോന്നു.

അങ്ങനെ കഴിഞ്ഞു വരവെ ഇല്ലീരിക്കം എന്ന സ്ഥലത്തു വച്ചു, ഡൽമേഷ്യാക്കാരനായ ഡയോക്ലീഷ്യനുമായുണ്ടായ മിന്നൽ യുദ്ധത്തിൽ കാരസ് വധിക്കപ്പെട്ടു. ഡയോക്ലീഷ്യൻ സ്വയം റോമാചക്രവർത്തിയായി സ്ഥാനാരോഹിതനാവുകയും ചെയ്തു. 284—ൽ ആയിരുന്നു ഈ സംഭവം.

വീരയോദ്ധാവായി അംഗീകരിക്കപ്പെട്ടിരുന്ന സെബസ്ത്യാനോസ് പുതിയ ചക്രവർത്തിയുടെ പ്രത്യേക വാത്സല്യത്തിനും പ്രശംസയ്ക്കും ക്ഷണേന പാത്രമായി. ആ യുവസൈനികൻെറ വിശ്വസ്തത, കൃത്യശ്രദ്ധ, കർമ്മകുശലത, ധീരോദാത്തത മുതലായ ഗുണങ്ങരം കണ്ടറിഞ്ഞ ഡയോക്ലീഷ്യൻ അദ്ദേഹത്തെ സൈനികപദവിയിൽ ഉയർത്തുകയും അചിരേണ സ്വന്തം അംഗരക്ഷകസൈന്യത്തിൽ അതിമാന്യമായ സ്ഥാനം ആ വീരയോദ്ധാവിനു നല്കുകയും ചെയ്തു. 'പ്രിട്ടോറിയൻ സേന' എന്നറിയപ്പെട്ടിരുന്ന ആ രാജകീയാംഗരക്ഷകവ്യൂഹം ചക്രവർത്തിക്ക് ഏററവും വിശ്വസ്തരും ഉള്ളിണക്കം തികഞ്ഞവരുമായ രണശൂരന്മാരുരംക്കൊള്ളുന്ന ഒരു ചാവേർ പടതന്നെയായിരുന്നു. റോമിലെ പ്രഭുകുലജാതരായ ആയോധനവീരന്മാർക്കു മാത്രം ലഭ്യമാകാവുന്ന ഒരുന്നതപദവിയായി പരിഗണിക്കപ്പെട്ടിരുന്ന അപൂർവബഹുമതിയായിരുന്നു പ്രിട്ടോറിയൻ അംഗരക്ഷകസ്ഥാനം. ആ പ്രിട്ടോറിയൻ ഗണത്തിൻെറ നായകനായി സെബസ്ത്യാനോസ് നിയമിതനായി എന്നതുതന്നെ 'കുസുമേ കുസുമോല്പത്തി' എന്നു പറഞ്ഞതുപോലെ ചക്രവർത്തിക്ക് അദ്ദേഹത്തോടുണ്ടായിരുന്ന ആഴമായ മതിപ്പും അദ്ദേഹത്തിൻെറ അവിതർക്കിതമായ പ്രാഗത്ഭ്യവും ഒപ്പം തെളിയിക്കുന്നതാണല്ലോ.

www.malankaralibrary.com

# മൂന്ന്

'സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും' എന്നതായിരുന്നു സെബസ്ത്യാനോസിന്റെ ജീവിതപ്രമാണം. തന്റെ ഔദ്യോഗിക കൃത്യങ്ങളെ സ്വന്തം മതവിശ്വാസവും തമ്മിൽ കൂട്ടിക്കുഴയ്ക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ഒന്നു, മറ്റേതിന്നു വിഘാതമായിരിക്കണമെന്നില്ലെന്നും അദ്ദേഹം കരുതി. മാത്രമല്ല മൂല്യവത്തായ ക്രൈസ്തവധർമ്മാനുഷ്ഠാനത്തിൽ ദൃഢവ്രതനായ ഒരു റോമൻ പൗരന് വിശ്വസ്തനും കൃത്യബദ്ധനുമായ ഒരു രാജ്യസ്നേഹിയാകാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിക്കുകയും ചെയ്തു. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മതാത്മകവും ഔദ്യോഗികവുമായ ദ്വിമുഖജീവിതമാണ് സെബസ്ത്യാനോസ് പിന്തുടർന്നു പോന്നതു്. രാജകീയ സേനാനിയെന്ന നിലയിൽ റോമാസാമ്രാജ്യത്തെയും ചക്രവർത്തിയേയും കൂറോടെ സേവിച്ചപ്പോഴും തന്നെ ഒരു ക്രിസ്തീയധർമ്മഭടനെന്ന നിലയിൽ രാജാധിരാജനും സ്വർഗീയസാമ്രാജ്യാധിപനുമായ ദൈവത്തെയും ദൈവത്തിന്റെ മൗതിക ശരീരമായ തിരുസ്സഭയേയും യഥാവിധി അഭ്യർച്ചിക്കുന്നതിൽ വീഴ്ച വരുത്തിയുമില്ല.

ക്രൈസ്തവ മതത്തിന്റെ സാഫല്യത്തിനും, മതാനുയായികളുടെ വിമോചനത്തിനും വേണ്ടി സെബസ്ത്യാനോസ് സുധീരമായി പ്രവർത്തിച്ചു. വിശ്വാസത്തിൽ സംശയാലുക്കളെയും ചഞ്ചലമനസ്ക്കരെയും ഹിതോപദേശം വഴി ധൈര്യപ്പെടുത്തുകയും വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും ചെയ്തു. തടവുകാരാക്കപ്പെട്ട ക്രിസ്ത്യാനികൾക്ക് യഥാവസരം ആത്മീയവും ശാരീരികവുമായ ആവശ്യങ്ങൾ സംലഭ്യമാക്കുവാൻ സഹായിച്ചു. കൂടാതെ, ആധ്യാത്മികവെളിച്ചം നുകരാൻ തരപ്പെടാതെ 'പെയ്ഗൻ' തിമിര ബാധിതരായി അപഥസഞ്ചാരം ചെയ്തിരുന്ന റോമാനിവാസികൾക്ക ക്രിസ്തുവിന്റെ ലോകോത്തരമായ ധർമ്മസന്ദേശങ്ങൾ എത്തിച്ചുകൊടുക്കുവാനും അദ്ദേഹം വഴിയൊരുക്കി. കൂടാതെ ദുഃഖിതരെയും രോഗികളെയും ശുശ്രൂഷിച്ച് ആശ്വസിപ്പിക്കുക, ദരിദ്രരെയും പീഡിതരെയും സംരക്ഷിക്കുക, രക്തസാക്ഷികളുടെ മൃതശരീരങ്ങൾ യഥാവിധി സംസ്ക്കരിക്കുക മുതലായ ജീവകാരുണ്യപ്രവർത്തനങ്ങൾക്കും അദ്ദേഹം നേതൃത്വവും പ്രചോദനവും നൽകി.

www.malankaralibrary.com

സെബസ്ത്യാനോസ്, പൈതൃകമായി തനിക്കു് അവകാശപ്പെട്ട സ്വത്തു മുഴുവൻ പാവങ്ങൾക്കു ദാനം ചെയ്തു. അതിനും പുറമേ, ഉദാരമതികളായ മററു ക്രിസ്ത്യാനികളിൽനിന്നുകൂടി ധർമ്മസഹായങ്ങൾ സ്വീകരിച്ചു് സാധുജനസംരക്ഷണം നിർവഹിച്ചു. അങ്ങനെ അദ്ദേഹം 'ദരിദ്രരുടെ ഔദാര്യമുള്ള പിതാവാ'യും അംഗീകരിക്കപ്പെട്ടു.

തിരുക്കർമ്മങ്ങൾ നിർവിഘ്നം നടത്തുന്നതിനും തടവുകാരായ ക്രിസ്ത്യാനികൾക്കു തിരുപ്പാഥേയം നിർബാധം നൽകുന്നതിനും ക്രിസ്തീയ പുരോഹിതവൃന്ദത്തിനു് സെബസ്ത്യാനോസിന്റെ ബലിഷ്ഠ ഹസ്തങ്ങൾ ഭദ്രമായ രക്ഷാകവചം സൃഷ്ടിച്ചിരുന്നു. സഹപ്രവർത്തകരോടും സുഹൃത്തുക്കളോടും ക്രിസ്തുവിന്റെ ദിവ്യോദാര സന്ദേശങ്ങളെക്കുറിച്ചു് അദ്ദേഹം വാചാലമായി സംസാരിച്ചു. അദ്ദേഹം വേഷപ്രച്ഛന്നനായി കാരാഗൃഹങ്ങളും ഒളിസങ്കേതങ്ങളും സന്ദർശിച്ചു്, ക്രൈസ്തവമനോവീര്യം നിലനിറുത്തുവാനും ക്രിസ്തുവിനുവേണ്ടി സസന്തോഷം പീഡനങ്ങൾ സഹിക്കുവാനും വേണ്ടിവന്നാൽ വീരരക്ത സാക്ഷിത്വം വരിക്കുവാനും ബന്ധ്യരായ സഹോദരങ്ങളെ ഉത്തേജിപ്പിച്ചു. അങ്ങനെ രാജകൊട്ടാരത്തിലും പട്ടാളപ്പാളയത്തിലും തടങ്കൽ തുറുങ്കിലും തെരുവീഥിയിലുമെല്ലാം സെബസ്ത്യാനോസ് ഒരു അപ്പസ്തോലന്റെ ചൈതന്യത്തോടെ പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ജീവിത ലാളിത്യത്തിലും ധർമ്മചാരിത്വത്തിലും ഉപദേശസാരള്യത്തിലും പ്രാർത്ഥനാതീക്ഷ്ണതയിലും ആകൃഷ്ടരായി അനേകർ ക്രിസ്തുമതാവലംബികളാവുകയും വിശ്വാസത്തിൽനിന്നു വ്യതിചലിച്ചുപോയ നിരവധിപേർ സത്യവിശ്വാസത്തെ പുനരാശ്ലേഷിച്ചു്, വിശ്വാസ സംരക്ഷണാർത്ഥം ജീവത്യാഗത്തിനുപോലും സന്നദ്ധരാവുകയും ചെയ്തു.

www.malankaralibrary.com

# നാല്

മാർക്കസ്സെന്നും മാർസല്യാനൂസെന്നും പേരുകാരായ രണ്ടു സഹോദരന്മാർ ക്രിസ്ത്യാനികളായെന്ന കാരണത്താൽ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു കാരാഗൃഹത്തിൽ പാർപ്പിക്കപ്പെട്ടിരുന്നു. റോമയിലെ 'പത്രീസിയൻ' എന്ന ഉന്നതകുലത്തിൽ പെട്ടവരും പൗരമുഖ്യരുമായിരുന്ന ട്രാൻകിലിയാനൂസ്, മാർസിയാ എന്ന പ്രഭുദമ്പതികളായിരുന്നു ആ ഹതഭാഗ്യരുടെ മാതാപിതാക്കന്മാർ.

അക്രൈസ്തവരായിരുന്ന ആ ദമ്പതികൾ തങ്ങളുടെ പുത്രന്മാരെച്ചൊല്ലി ഗവർണർ സമക്ഷം ദയാഹർജി ബോധിപ്പിച്ചു. അതനുസരിച്ച് ആ യുവാക്കളുടെ മരണശിക്ഷ മുപ്പതു ദിവസത്തേക്കു് നീട്ടിവയ്ക്കുവാൻ ഗവർണരായ ക്രോമേഷ്യസ് അനുവദിച്ചു. മുപ്പതു ദിവസത്തിനകം മക്കളെ വിശ്വാസത്യാഗം ചെയ്യിച്ച് റോമാദേവന്മാരുടെ ആരാധകന്മാരാക്കികൊള്ളണമെന്നും അല്ലാത്ത പക്ഷം യാതൊരു വിട്ടുവീഴ്ചയും കൂടാതെ മരണശിക്ഷ നടപ്പാക്കുന്നതാണെന്നും ഗവർണർ തീർപ്പു കല്പിച്ചു.

മതാപിതാക്കന്മാരുടെ പ്രത്യേക സ്വാധീനതാബലംകൊണ്ടു്, വധശിക്ഷാർഹരായ മാർക്കസിനെയും സഹോദരനെയും തടവുകാരായ ക്രിസ്ത്യാനികളെ സാധാരണ പാർപ്പിക്കാറുള്ള ഭൂഗർഭസ്ഥമായ ഇരുട്ടറയിലടയ്ക്കാതെ നീതിന്യായോദ്യോഗസ്ഥനായ നിക്കോസ്ട്രാറസിൻെറ ഭവനത്തിലെ ഒരു തടവുമുറിയിലാണ് അടച്ചിട്ടിരുന്നതു്.

മാർക്കസ്സിനെയും മാർസല്യാനൂസിനെയും വിശ്വാസത്യാഗം ചെയ്യിക്കുവാൻ ബന്ധുമിത്രാദികൾ പലപാടു പരിശ്രമിച്ചു. മാതാപിതാക്കന്മാർ സ്നേഹവാത്സല്യത്തിൻെറ തേനൂറുന്ന വാക്കുകളുമായി അവരെ സമീപിച്ചു. മക്കളെ വളർത്തി വലുതാക്കുന്നതിനു് മാതാപിതാക്കന്മാർ സഹിച്ച ക്ലേശങ്ങളും ത്യാഗങ്ങളും അവർ എടുത്തുകാട്ടി. വാർദ്ധക്യത്തിൽ മാതാപിതാക്കളെ സംരക്ഷിക്കാൻ മക്കൾക്കുള്ള ധാർമ്മികമായ ബാധ്യതയും അവർ മരണം വരിച്ചാൽ മാതാപിതാക്കന്മാർക്കു നേരിടാവുന്ന നിരാശ്രയാവസ്ഥയും ചൂണ്ടിക്കാണിച്ചു. കൂട്ടത്തിൽ മരണത്തിൻെറ ഭയാനകത്വവും ലൗകികസുഖങ്ങളുടെ ആകർഷകത്വവും വർണ്ണിച്ചുകേൾപ്പിക്കുകയും ചെയ്തു.

www.malankaralibrary.com

മാതാപിതാക്കളെ പിരിഞ്ഞു പോകുന്നതിൽ മക്കൾക്കും വലിയ കുണ്ഠിതമുണ്ടായിരുന്നു. എങ്കിലും, 'എന്നെക്കാൾ കൂടുതലായി മാതാവിനെയോ പിതാവിനെയോ സ്നേഹിക്കുന്നവൻ എനിക്ക് അനുയോജ്യനല്ല' എന്നുള്ള ക്രിസ്തുനാഥന്റെ തിരുവാക്യം അവരുടെ അന്തരംഗങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നതുകൊണ്ട് അതിനെ അതിജീവിക്കുവാൻ അവർക്കു കഴിഞ്ഞു.

മാതാപിതാക്കളുടെ ശ്രമം വിഫലമായെന്നു കണ്ടപ്പോൾ, യുവതികളും സൗന്ദര്യധാമങ്ങളുമായ അവരുടെ ഭാര്യമാരും ഓമനത്വമോലുന്ന പിഞ്ചുകുഞ്ഞുങ്ങളും അവരുടെ കൺമുമ്പിലേക്ക് ആനയിക്കപ്പെട്ടു. ലാവണ്യവും താരുണ്യവും ലാലസിക്കുന്ന ആ ലലനാമണികൾ അവരുടെ ശക്തിമത്തായ രണ്ടു് ആയുധങ്ങൾ—പുഞ്ചിരിയും കണ്ണുനീരും—മാറി മാറി പ്രയോഗിച്ച് തങ്ങളുടെ പ്രിയതമന്മാരുടെ മാനസിക പരിവർത്തനത്തിനായി തീവ്രശ്രമം ചെയ്തു. ഗാർഹസ്ഥ്യത്തിന്റെ മധുരാനുഭൂതികളിലേക്ക്, അവർ തങ്ങളുടെ പ്രിയ കണവന്മാരുടെ ശ്രദ്ധ ക്ഷണിച്ചു. വൈധവ്യത്തിന്റെ ദുഃഖസ്മൃതികളും അവർ അയവിറക്കി. അവ്യക്തമേദുരമായ കിളിമൊഴികളാൽ അവരുടെ ഓമനക്കുഞ്ഞുങ്ങളും ആ സാഹസികോദ്യമത്തിൽ നിന്ന് ആ ധർമ്മവീരാർത്ഥികളെ പിന്തിരിപ്പിക്കുവാൻ നോക്കി.

ഈ പ്രലോഭന വശീകരണശ്രമങ്ങൾ ഇടമുറിയാതെ ഏതാനും ദിവസത്തേക്കു നീണ്ടുനിന്നു. ഓരോ ദിവസവും പുതിയ പുതിയ അടവുകളും ശൈലികളുമാണ് അവർ സ്വീകരിച്ചതു്. അത്യന്ത തീവ്രവും അഗാധസ്പർശിയുമായ ഈ അനുസ്യൂത വിലാപങ്ങൾ ആ വീര രക്തസാക്ഷിത്വകാംക്ഷികളുടെ ഹൃദയങ്ങളെ അല്പാല്പമായി ചലിപ്പിക്കുവാൻ തുടങ്ങി. അവരുടെ നിശ്ചയദാർഢ്യത്തിന് ഇളക്കം തട്ടിയതു പോലെ അവർക്കുതന്നെ ഒരു തോന്നൽ.

ഈ സന്ദർഭത്തിലാണ് സെബസ്ത്യാനോസ് അവിടെ എത്തിയതു്. അവരുടെ ചാഞ്ചല്യം മനസ്സിലാക്കി, സത്യത്തിലും സനാതനധർമ്മത്തിലും അടിയുറച്ചു നിൽക്കുവാൻ അദ്ദേഹം അവരെ ഉപദേശിച്ചു. ലോകജീവിതത്തിന്റെ ക്ഷണഭംഗുരതയും വ്യർത്ഥതയും, അതിന്റെ മായികവിലാസങ്ങളിൽ മയങ്ങി ശാശ്വതാനന്ദസന്ദായകമായ സ്വർഗീയസൗഭാഗ്യം കൈവിട്ടു കളയുന്നതിന്റെ ബുദ്ധിശൂന്യതയും അദ്ദേഹം സയുക്തികം ഉപപാദിച്ചു. 'മനുഷ്യരുടെ മുമ്പാകെ എന്നെ ഏററുപറയുന്നവനെ ദൈവദൂതന്മാരുടെ സമക്ഷം മനുഷ്യപുത്രനും ഏററുപറയും' എന്ന സുവിശേഷസൂക്തം അവരെ അനുസ്മരിപ്പിച്ചു. ലോകത്തിൽ ജീവിച്ചുകൊണ്ടു മാതാപിതാക്കൾക്കും ബന്ധുജനങ്ങൾക്കും വേണ്ടി ചെയ്യുന്നതിനെക്കാൾ കൂടുതൽ നൻമ സ്വർഗത്തിൽവച്ചു ചെയ്യുവാൻ കഴിയുമെന്ന് അദ്ദേഹം സമർത്ഥിച്ചു.

www.malankaralibrary.com

സ്വാർത്ഥതയുടെ മൂടുപടമണിഞ്ഞു് പ്രലോഭനങ്ങളിലും കണ്ണീരിലും പുഞ്ചിരിയിലും മയങ്ങി അനശ്വരഭാസുരമായ രക്തസാക്ഷിമകുടം തട്ടിത്തെറിപ്പിച്ചു കളയരുതെന്നു് സെബസ്ത്യാനോസ് ഓർമ്മിപ്പിച്ചു. നിർവൃതിപൂരകമായ പറുദീസയുടെ പടിവാതിലിൽ പാദങ്ങളൂന്നിയിട്ടു്, വീണ്ടും ഈ കണ്ണുനീരിന്റെ താഴ്വരയിലേക്കു തന്നെ മടങ്ങുവാൻ തുനിയുന്നതു മൗഢ്യമാണെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

വികാരഭരിതവും ക്രൈസ്തവ ചൈതന്യ നിർഭരവും തത്വസാരസമ്പൂർണ്ണവുമായ, സെബസ്ത്യാനോസിന്റെ ഈ ഉജ്ജ്വലപ്രഭാഷണം ബന്ദികളായ സഹോദരന്മാരെ പ്രഗാഢം സ്പർശിച്ചു. വിശ്വാസസംരക്ഷണാർത്ഥം രക്തസാക്ഷിത്വം വരിക്കുവാൻ സർവാത്മനാ സന്നദ്ധരാണെന്നു് അവർ അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു.

ഈ സമയത്തു് സെബസ്ത്യാനോസിന്റെ വദനം സ്വർഗീയ പ്രസാദവര കിരണങ്ങളാൽ പ്രോജ്ജ്വലിക്കുന്നതായും ഇരുട്ടു തമ്പടിച്ചിരുന്ന ആ മുറി അഭൗമമായ ഒരു ദീപ്തിപൂരത്തിൽ വെട്ടിത്തിളങ്ങുന്നതായും തോന്നി. ആ പ്രഭാപരിവേഷത്തിനുള്ളിൽ മറെറാരു ജ്യോതിർഗോളംപോലെ ക്രിസ്തുനാഥൻ ഏഴു സ്വർഗീയ പാരിഷദന്മാരാൽ പരിസേവിതനായി അവിടെ പ്രത്യക്ഷപ്പെട്ടു. ആ പരമകാരുണികൻ സെബസ്ത്യാനോസിനെ ചുംബിച്ചുകൊണ്ടു്, 'നീ എപ്പോഴും നമ്മോടുകൂടി വസിക്കും' എന്നു തിരുവായ് മൊഴിഞ്ഞശേഷം മറഞ്ഞുപോവുകയും ചെയ്തു. തുടർന്നു വാനാരൂപികൾ ധവളാഭമായ ഒരു ശുഭ്രവസ്ത്രം—വിശുദ്ധിയുടെയും അപ്പസ്തോലത്വത്തിന്റെയും അഭിജ്ഞാനമായ സ്വർഗീയവസനം — സെബസ്ത്യാനോസിനെ അണിയിക്കുന്നതായും കാണപ്പെട്ടുവെന്നു് സൂരിയസ് എന്ന ചരിത്രകാരൻ പ്രസ്താവിക്കുന്നു.

ആ രംഗം ആദ്യന്തം വീക്ഷിച്ചവർക്കെല്ലാം അവിശ്വസനീയമായ മനംമാററമുണ്ടായി. പ്രലോഭിപ്പിക്കാൻ കച്ചകെട്ടി വന്നവർ തന്നെ പ്രലോഭിതരായിത്തീർന്നു. സെബസ്ത്യാനോസിന്റെ മാർഗം സ്വീകരിക്കുവാൻ അവരും സന്നദ്ധരായി. പൊലിക്കാർപ്പ് എന്ന വൈദികൻ യഥാകാലം അവരെ ജ്ഞാനസ്നാപിതരുമാക്കി.

ജ്ഞാനസ്നാനാവസരത്തിൽ പൊലിക്കാർപ്പച്ചൻ, ബന്ദികളുടെ പിതാവായ ട്രാൻകിലിയാനൂസിനോടു ചോദിച്ചു. ദൈവസുതനായ യേശുക്രിസ്തു ജ്ഞാനസ്നാനംവഴി ആത്മീയപാപങ്ങളോടൊപ്പം ശാരീരികരോഗങ്ങളും നീക്കുവാൻ കഴിവുള്ളവനാണെന്നു നീ വിശ്വസിക്കുന്നുണ്ടോ?

www.malankaralibrary.com

'യേശുക്രിസ്തു ദൈവപുത്രനാണെന്നും അവിടുത്തേക്കു പാപവും രോഗവും പോക്കുവാൻ കഴിയുമെന്നും എനിക്കു പൂർണ്ണവിശ്വാസമുണ്ട്. എങ്കിലും ഇപ്പോൾ എന്റെ പാപമോചനത്തിനുവേണ്ടി മാത്രമേ ഞാൻ പ്രാർത്ഥിക്കുന്നുള്ളു. അവിടുന്ന് എന്റെ ശാരീരിക രോഗത്തെ ഇനിയും നീക്കിയില്ലെങ്കിൽപോലും ഞാൻ യേശുക്രിസ്തുവിൽ ദൃഢമായി വിശ്വസിക്കുന്നു.' ട്രാൻകവിലിയാനൂസ് മറുപടി പറഞ്ഞു.

പതിനൊന്നു സംവത്സരങ്ങളായി രക്തവാതത്താൽ പീഢിതനായ ഒരു രോഗാതുരനായിരുന്നു ട്രാൻകവിലിയാനൂസ്. അയാളുടെ കരങ്ങൾ തളർന്നു ബലഹീനമായിരുന്നു. പക്ഷേ ജ്ഞാനസ്നാനം സ്വീകരിച്ച മാത്രയിൽ, ആ വൃദ്ധരോഗി, അരോഗദൃഢഗാത്രനായ ഒരു യുവാവിനു തുല്യനായി. ട്രാൻകവിലിയാനൂസിനു കുറേക്കാലത്തിനുശേഷം കായൂസ് മാർപ്പാപ്പാ പൗരോഹിത്യം നൽകുകയും അദേഹം വി. പൗലോസിന്റെ കുടീരത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കയിൽ കല്ലെറിഞ്ഞു കൊല്ലപ്പെടുകയും ചെയ്തുവെന്നാണ് പാരമ്പര്യം.

സെബസ്ത്യാനോസ് കാരാഗൃഹവാസികളോടായി നടത്തിയ പ്രസംഗത്തിനു വിസ്മയാവഹമായ അനുകൂലഫലമുണ്ടായി. അതിന്റെ പ്രതികരണമെന്നോണം അറുപത്തെട്ടുപേരോളം മാനസാന്തരപ്പെട്ടതായി ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു.

റോമിലെ ഒരു നീതിന്യായോദ്യോഗസ്ഥനായ നിക്കോസ്റ്റ്രാറസും അദ്ദേഹത്തിന്റെ ഭാര്യ സോവെ എന്ന മഹിളാരത്നവും അക്കൂട്ടത്തിൽപെട്ടിരുന്നു. നിക്കോസ്റ്റ്രാറസിന്റെ ഭവനത്തിലായിരുന്നല്ലോ മാർക്കസ്സിനെയും മാർസല്യാനൂസിനെയും ബന്ധനത്തിൽ പാർപ്പിച്ചിരുന്നതു്. സെബസ്ത്യാനോസിന്റെ പ്രബോധനം സോവെയിലാണ് കൂടുതൽ പരിവർത്തനം ഉളവാക്കിയതു്. ആ മഹതി ഭക്തിഭരിതയായി സെബസ്ത്യാനോസിന്റെ പാദങ്ങളിൽ പ്രണമിക്കയും ക്രിസ്തുമതത്തോടുള്ള ഹൃദയാഭിമുഖ്യം നയനങ്ങളിൽ പ്രദ്യോതിപ്പിക്കുകയും ചെയ്തു. ആറു കൊല്ലമായി നാവു തളർന്നു്, സംസാരശക്തി നിശ്ശേഷം നശിച്ച ഒരു ഭാഗ്യഹീനയായിരുന്നു ആ സ്ത്രീ. സോവെയുടെ മൂകമായ അഭ്യർത്ഥനയനുസരിച്ചു് സെബസ്ത്യാനോസ് അവരുടെ നാവിന്മേൽ കുരിശടയാളം വരയ്ക്കുകയും 'സോവേ, സംസാരിക്കുക. നിങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നുവെന്നു പരസ്യമാക്കുക' എന്നു നിർദ്ദേശിക്കുകയും ചെയ്തു.

www.malankaralibrary.com

'ദൈവകുമാരനായ യേശുക്രിസ്തുവിൽ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു' എന്നു് ഊമയായിരുന്ന ആ സ്ത്രീ തൽക്ഷണം സുസ്പഷ്ടമായി ഏററു പറഞ്ഞു.

ഈ അത്ഭുതം നിക്കോസ്റ്റ്രാററസിനെയുംആശ്ചര്യ വിവശനാക്കി. ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ടു് അദ്ദേഹം സെബസ്ത്യാനോസിനെ ആശ്ലേഷിച്ചു. തന്റെ മേൽനോട്ടത്തിൽ പാർപ്പിച്ചിരുന്ന സകല തടവുകാരെയും അദ്ദേഹം ഉടനടി മോചിപ്പിച്ചു.

നിക്കോസ്റ്റ്രാററസ് ദമ്പതികളെപ്പോലെ, ജയിലറായിരുന്ന ക്ളാഡിയസും അയാളുടെ പുത്രന്മാരായ ഫെലിച്ചിമൂസ്, ഫെലിക്സ് എന്നിവരും സ്ഥലത്തുണ്ടായിരുന്ന മററു ചിലരും ക്രിസ്തുമതം സ്വീകരിക്കുവാൻ തയ്യാറായി. ക്ലാഡിയസ്സിന്റെ പുത്രന്മാർക്കുണ്ടായിരുന്ന രോഗങ്ങൾ—കുഷ്ഠവും മഹോദരവും—ജ്ഞാനസ്നാനത്തോടുകൂടി നിശ്ശേഷം നീങ്ങിപ്പോവുകയും ചെയ്തു.

നവജാതമായ ഈ ക്രൈസ്തവ സമൂഹത്തെ നിക്കോസ്റ്റ്രാററസ് തന്റെ മേൽനോട്ടത്തിൽ തന്നെ താമസിപ്പിച്ചു. സെബസ്ത്യാനോസും പൊലിക്കാർപ്പച്ചനും അവർക്കുവേണ്ട ഉത്തേജനവും ആത്മീയോപദേശവും നൽകിക്കൊണ്ടിരുന്നു. അവരിൽ പലരും പിൽക്കാലത്തു് രക്തസാക്ഷികളായിട്ടാണ് മരണമടഞ്ഞതു്. സോവെ അപ്പസ്തോലകുടീരത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ചക്രവർത്തിയുടെ കിങ്കരന്മാർ ആ ഭക്തയെ പിടികൂടുകയും അഗ്നികുണ്ഡത്തിനു മുകളിൽ തലകീഴായി കെട്ടിത്തൂക്കി തീപ്പുകയേല്പിച്ചു് ശ്വാസം മുട്ടിച്ചു കൊല്ലുകയുമാണുണ്ടായതെന്നു പറയപ്പെടുന്നു.

www.malankaralibrary.com

# അഞ്ച്

അനുവദിച്ചിരുന്ന കാലാവധി തീർന്ന മുറയ്ക്ക് ഗവർണറായ ക്രോമേഷ്യസ് ട്രാൻക്വിലിയാനൂസിനെ തന്റെ സന്നിധിയിൽ വരുത്തി പുത്രന്മാരുടെ മാനസികാവസ്ഥയെപ്പററി ചോദിച്ചു. ട്രാൻക്വിലിയാനൂസ് സംഭവിച്ചതെല്ലാം അപ്പാടെ ഗവർണറെ ധരിപ്പിച്ചു. കൂട്ടത്തിൽ ക്രിസ്തുമതത്തിന്റെ സത്യവത്വത്തെയും ദിവ്യത്വത്തെയും പററി വിശദീകരിക്കുകയും അത് രാജാവിനോ രാജ്യത്തിനോ എതിരായ ഒരു വിദ്ധ്വംസക പ്രസ്ഥാനമല്ലെന്നും സ്നേഹവും സാഹോദര്യവും തുടിക്കുന്ന ഒരു ജീവിതസമ്പ്രദായം മാത്രമാണെന്നും സോദാഹരണം സമർത്ഥിക്കുകയും ചെയ്തു.

ഇതൊക്കെ കേട്ടപ്പോൾ ക്രോമേഷ്യസിനും ക്രിസ്തുമതത്തോട് ആഭിമുഖ്യം തോന്നിത്തുടങ്ങി. അദ്ദേഹവും രക്തവാതത്താൽ ദുസ്സഹമായി പീഡിപ്പിക്കപ്പെട്ടിരുന്ന ഒരു രോഗിയായിരുന്നു. ഒരു വെല്ലുവിളിയെന്നോണം, തന്റെ രോഗം സുഖപ്പെടുത്തിയാൽ ഒരു നല്ല സംഖ്യ പാരിതോഷികം നൽകാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. അത്തരം വാഗ്ദാനമൊന്നും വിലപ്പോവുകയില്ലെന്നും അദ്ദേഹത്തിന്റെ രോഗശമനത്തിനുള്ള ഏക സിദ്ധൗഷധം ക്രിസ്തുവിലുള്ള ദൃഢവിശ്വാസം മാത്രമാണെന്നും ട്രാൻക്വിലിയാനൂസ് പ്രതിവചിച്ചു. അങ്ങനെയെങ്കിൽ ആ വിശ്വാസസംഗതിയെപ്പററി കൂടുതലായറിയുവാൻ അടുത്ത ദിവസം സെബസ്ത്യാനോസിനെയും പൊലിക്കാർപ്പച്ചനെയും തന്റെ സന്നിധിയിലേക്ക് ആനയിക്കണമെന്നും ഗവർണർ ആവശ്യപ്പെട്ടു.

പിറേറദിവസം സെബസ്ത്യാനോസിനോടും ഫാ. പൊലിക്കാർപ്പിനോടുംകൂടി ട്രാൻക്വിലിയാനൂസ് ഗവർണറുടെ വസതിയിലെത്തി. ക്രൈസ്തവവേദതത്ത്വങ്ങളെക്കുറിച്ച് അവർ ഗവർണരുമായി ദീർഘനേരം സംസാരിച്ചു. രോഗശാന്തിയുണ്ടാകുമെങ്കിൽ നല്ല പ്രതിഫലം നൽകാമെന്നായിരുന്നു അപ്പോഴും അദ്ദേഹത്തിന്റെ നിലപാട്. ക്രിസ്തുവിൽ വിശ്വസിക്കണമെന്നും അതുവഴി ആത്മീയവും ശാരീരികവുമായ രോഗശമനമുണ്ടാകുമെന്നും അതല്ലാതെ പ്രതിഫലത്തിന്റെ പ്രശ്നമേ സംഗതമല്ലെന്നും സെബസ്ത്യാനോസ് വ്യക്തമാക്കി.

www.malankaralibrary.com

ക്രോമേഷ്യസ് ക്രിസ്തുവിൽ വിശ്വസിക്കാമെന്നായി. ലൗകികമായ ഫലേച്ഛയോടുകൂടിയ, കേവലം നാമമാത്രമായ ഒരു വിശ്വാസ വാഗ്ദാനമായിരുന്നു അതെന്നു സെബസ്ത്യാനോസിനറിയാമായിരുന്നു. ലൗകികമായ താല്ക്കാലികലക്ഷ്യങ്ങൾ വിഗണിച്ച് പാരത്രികമായ ഏകലക്ഷ്യത്തോടു കൂടിയായിരിക്കണം ജ്ഞാനസ്നാനത്തിന് അണയേണ്ടതെന്ന് അദ്ദേഹം ഗവർണറെ ഉദ്ബോധിപ്പിച്ചു. ഗവർണറുടെ വിശ്വാസസാക്ഷീകരണത്തിനായി, അദ്ദേഹത്തിൻെറ വസതിയിൽവച്ചു പൂജിച്ചിരുന്ന റോമൻ ദേവന്മാരുടെ വിഗ്രഹങ്ങളെല്ലാം നശിപ്പിക്കുവാൻ തയാറുണ്ടോ എന്നു സെബസ്ത്യാനോസ് ചോദിച്ചു. അതിനും ആ വിശ്വാസി ഒരുവിധം സമ്മതം മൂളി.

അതനുസരിച്ച് കുറെ മൺപ്രതിമകൾ തകർത്തുപൊടിക്കുകയും ചെയ്തു. എന്നിട്ടും ക്രോമേഷ്യസിനു സുഖപ്രാപ്തിയുണ്ടായില്ല. പ്രതിമാധ്വംസനത്തിനു പ്രേരിപ്പിച്ചവരെ ആ ചഞ്ചലചിത്തൻ കഠിനമായി ശകാരിച്ചു. രോഗശാന്തിയുണ്ടാകാത്ത പക്ഷം സെബസ്ത്യാനോസിനെയും അനുയായികളെയും തീച്ചൂളയിലിട്ടു ചുട്ടു ചാരമാക്കുമെന്നു ക്രോമേഷ്യസും ഒപ്പം പുത്രൻ തിബൂർഷ്യസും ആക്രോശിച്ചു.

സെബസ്ത്യാനോസാകട്ടെ, തരിമ്പും കൂസൽകൂടാതെ, ദേവവിഗ്രഹങ്ങൾ ഇനിയും പൂജാമുറിയിൽ അവശേഷിക്കുന്നുണ്ടെന്നും അവകൂടി എടുത്തു പുറത്തുകളയാതെ വിശ്വാസം പൂർണ്ണമാകയില്ലെന്നും ധൈര്യസമേതം പ്രസ്താവിച്ചു. ഗത്യന്തരമില്ലായ്കയാൽ, ക്രോമേഷ്യസ് അതും അനുസരിച്ചു. അവസാനത്തെ വിഗ്രഹവും പുറത്തായി. പൂജാമുറി ശൂന്യവുമായി. അതേ മാത്രയിൽ തന്നെ ക്രോമേഷ്യസ് രോഗവിമുക്തനുമായി.

ഈ അത്ഭുതസംഭവം ക്രോമേഷ്യസിൻെറയും പുത്രൻ തിബൂർഷ്യസിൻെറയും കണ്ണു തുറപ്പിച്ചു. ക്രിസ്തുമതത്തെപ്പററി വിശദമായി പഠിച്ചറിഞ്ഞശേഷം അവർ ഇരുവരും ജ്ഞാനസ്നാനവും സ്വീകരിച്ചു.

തിബൂർഷ്യസ് സെബസ്ത്യാനോസിൻെറ ആപ്തമിത്രമായി, വിശ്വാസതീക്ഷ്ണതയുള്ള ഒരു ക്രിസ്ത്യാനിയായി ജീവിതം നയിച്ച്, കാലാന്തരത്തിൽ രക്തസാക്ഷിയായി മരിച്ചു.

ശിഷ്ടകാലമത്രയും അനാർഭാടവും സമാധാനപരവുമായ സുകൃതജീവിതം നയിക്കുന്നതിനായി, ക്രോമേഷ്യസ് കമ്പാനിയാ എന്ന ഗ്രാമത്തിലേക്കു പോയി. നൂതന ക്രിസ്ത്യാനികളിൽ പലരും അദ്ദേഹത്തെ അനുഗമിച്ചു.

www.malankaralibrary.com

# ആറ്

ഭരണാരംഭഘട്ടത്തിൽ ഡയോക്ളീഷ്യൻ ചക്രവർത്തി ക്രിസ്ത്യാനികളോട് ഏറെക്കുറെ മയമുള്ള ഒരു സമീപനമാണ് സ്വീകരിച്ചിരുന്നത്. എങ്കിലും അദ്ദേഹത്തിന്റെ സാമന്തന്മാരായിരുന്ന ഗലേരിയൂസ് മാക്സിമിയൻ തുടങ്ങിയ ഖലകേസരികളുടെ ദുഷ്പ്രേരണയ്ക്കു വശംവദനായി കാലാന്തരത്തിൽ ഡയോക്ലീഷ്യൻ കുപ്രസിദ്ധമായ പത്താം മതപീഡനം അഴിച്ചുവിട്ടു.

രക്തദാഹികളായ ചെന്നായ്ക്കളെപ്പോലെ, ചക്രവർത്തിയുടെ ആജ്ഞാനുവർത്തികളായ കിങ്കരന്മാർ നാലുപാടും പാഞ്ഞു. ക്രിസ്ത്യാനിയാണെന്നു സംശയം തോന്നുന്ന ആരെയും പിടികൂടുവാനും വിചാരണകൂടാതെ ശിരച്ഛേദം ചെയ്യുകയോ മറേറതെങ്കിലും തരത്തിൽ കൊല്ലുകയോ ചെയ്യുവാനും അവരെ അനുവദിച്ചിരുന്നു.

ബന്ദികളായ ക്രിസ്ത്യാനികളെക്കൊണ്ട് തടവറകൾ നിറഞ്ഞു കവിഞ്ഞു. റോമാസാമ്രാജ്യത്തിലെ നദികളായ നദികളെല്ലാം ചോരപ്പുഴകളായി മാറി. കൊലക്കളങ്ങളിൽ ക്രിസ്ത്യാനികളുടെ ജഡങ്ങൾ കുന്നുകൂടി. ക്രൈസ്തവമർദ്ദനം ഇങ്ങനെ ഉഗ്രരൂപം പ്രാപിച്ചിട്ടും ക്രിസ്ത്യാനികളുടെ മനോവീര്യം ഒന്നിനൊന്നു വർദ്ധിച്ചതല്ലാതെ ഒട്ടും കുറഞ്ഞുപോയില്ല. വിശ്വാസസംരക്ഷണത്തിനുവേണ്ടി രക്തസാക്ഷിത്വം വരിക്കാൻ അഹമഹമികയാ ധീരാത്മാക്കൾ സ്ത്രീപുരുഷഭേദമെന്യേ മുന്നോട്ടുവന്നു.

ദൃഢചിത്തയായ സോവെ അഗ്നികുണ്ഡത്തിൽ തലകീഴായി ഞാന്നുകിടന്നു വീർപ്പുമുട്ടി വീരമരണം വരിച്ചു. ട്രാൻകിലിയാനൂസ് കല്ലേറേററ് രക്തം വാർന്നൊഴുകി അന്ത്യശ്വാസം വലിച്ചു. നിക്കോസ്ട്രാറാറസും ക്ളോഡിയസ്സും കഴുത്തിൽ കെട്ടപ്പെട്ട കല്ലുകളോടെ ടൈബർ നദിയിലേക്ക് എറിയപ്പെട്ടു. തിബൂർഷ്യസിനെയും മാർക്കസിനെയും മാർസല്യാനൂസിനെയും സൂചാഗ്രസ്തംഭങ്ങളിൽ കുരുക്കിക്കിടത്തി കുന്തംകൊണ്ടു കുത്തിക്കൊന്നു. കിരാതമായ ആ നരമേധം അങ്ങനെ അനസ്യൂതം തുടർന്നു.

സമയത്തിന്റെ പൂർണ്ണതയിൽ സെബസ്ത്യാനോസിനും ആ അസുലഭാവസരം കരഗതമായി. സെബസ്ത്യാനോസും ഒരു ക്രൈസ്തവ വിശ്വാസിയാണെന്നു ചക്രവർത്തി അറിഞ്ഞു. കോപാന്ധനായ ചക്രവർത്തി ആ പ്രിട്ടോറിയൻ നായകനെ തന്റെ

www.malankaralibrary.com

സന്നിധിയിൽ വരുത്തി ചോദ്യം ചെയ്തു. കൊടിയ വഞ്ചകനും രാജദ്രോഹിയുമായി സെബസ്ത്യാനോസ് മുദ്രകുത്തപ്പെട്ടു. ജൂപ്പിററർ ദേവനു ധൂപാർപ്പണം നടത്തി പരസ്യമായി ക്ഷമായാചനം ചെയ്താൽ കഠിനശിക്ഷയിൽ നിന്ന് ഒഴിവാക്കാമെന്നു നയകോവിദനായ ചക്രവർത്തി ഒരു സൗജന്യ വ്യവസ്ഥ നിർദ്ദേശിച്ചു സെബസ്ത്യാനോസിനെ അനുനയിപ്പിക്കുവാൻ ഒരു ശ്രമവും നടത്തി.

താൻ ചക്രവർത്തിയോടും സാമ്രാജ്യത്തോടുമുള്ള തന്റെ ഔദ്യോഗിക ബാധ്യതകരം വിശ്വസ്തതയോടും കാര്യക്ഷമതയോടുംകൂടി നിർവഹിച്ചിട്ടുണ്ടെന്നും അക്കാര്യത്തിൽ താൻ യാതൊരു വഞ്ചനയും കുറില്ലായ്മയും കാണിച്ചിട്ടില്ലെന്നും സെബസ്ത്യാനോസ് രാജസമക്ഷം നിവേദനം നടത്തി. 'അധികാരങ്ങളെല്ലാം ദൈവത്തിൽ നിന്നുള്ളതാണെന്നു' വിശ്വസിക്കുന്ന ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് വ്യവസ്ഥാപിതാധികാരത്തിനു വിധേയനാകാതിരിക്കുവാൻ സാധ്യമല്ലെന്നു് അദ്ദേഹം വ്യക്തമാക്കി. പക്ഷേ തന്റെ പവിത്രമായ മതവിശ്വാസം ആക്കുവേണ്ടിയും ബലി കഴിക്കുവാൻ നിർവാഹമില്ലെന്നും തന്റെ അനശ്വരമായ ആത്മസത്ത റോമാചക്രവർത്തിക്ക് അടിയറ വയ്ക്കാനുള്ളതല്ലെന്നും സെബസ്ത്യാനോസ് ഖണ്ഡിതമായി പ്രസ്താവിച്ചു. മതവിശ്വാസാനുഷ്ഠാനം, തന്റെ വ്യക്തിസ്വാതന്ത്ര്യത്തിൽപ്പെട്ട കാര്യമാകയാൽ അതിൽ ചക്രവർത്തി കൈകടത്തുന്നതു് ഒട്ടും നീതീകരിക്കാവുന്നതല്ലെന്ന് ആ നിറഞ്ഞ രാജസദസ്സിൽ സെബസ്ത്യാനോസ് അസന്ദിഗ്ദ്ധമായി വ്യക്തമാക്കി.

അനുനയോപദേശമോ നിർബന്ധഭീഷണിയോ സെബസ്ത്യാനോസിന്റെ ദൃഢനിശ്ചയത്തെ ഇളക്കുന്നതിനു തെല്ലും പര്യാപ്തമല്ലെന്നു കണ്ടു് ക്രുദ്ധനായ ചക്രവർത്തി ആ ധർമ്മധീരനെ ഒരു മരത്തിൽ കെട്ടിനിറുത്തി അമ്പെയ്തു കൊല്ലുവാൻ ആജ്ഞ നൽകി.

ആജ്ഞാകരന്മാരായ വില്ലാളികരം, അപ്പോരം തന്നെ സെബസ്ത്യാനോസിനെ ബന്ധിച്ച് വധസ്ഥലമായ അഡോണീസ് മൈതാനത്തിലേക്കു കൊണ്ടുപോയി. അവർ അദ്ദേഹത്തെ വിവസ്ത്രനാക്കിയശേഷം ഒരു മരത്തോടുചേർത്തു ബന്ധിച്ചു. തന്റെ ആത്മത്യാഗം മർദ്ദനമനുഭവിക്കുന്ന തിരുസ്സഭയ്ക്കുവേണ്ടി സെബസ്ത്യാനോസ് ദൈവസന്നിധിയിൽ സമർപ്പിച്ചു. തന്റെ രക്തം തിരുസ്സഭയുടെ വളർച്ചയ്ക്കുപകരിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്തു. അതേത്തുടർന്ന് അദ്ദേഹം സ്വർഗ്ഗീയമായ ഒരു സമാധിയിൽ ലയിച്ചു. വാനാരൂപികരം അദ്ദേഹത്തെ അണിയിക്കാൻ രക്തസാക്ഷിമകുടം തയ്യാറാക്കുന്നതായും സ്വർഗ്ഗീയനാഥൻ ഈ സ്വീകരണസംരംഭത്തെ ആശീർവദിക്കുന്നതായും സമാധിസ്ഥനു തോന്നിയിരിക്കണം. അതിന്റെ പ്രതിഫലനമെന്നോണം, സൂര്യപ്രകാശത്തെ

www.malankaralibrary.com

വെള്ളുന്ന ഒരു പ്രഭാപൂരത്താൽ സെബസ്ത്യാനോസിന്റെ മുഖം പ്രോജ്ജ്വലിക്കുന്നതായി വില്ലാളികൾ കണ്ടു.

ലക്ഷ്യവേധികളായ ആ നിഷ്കണ്ടകന്മാർ സെബസ്ത്യാനോസിന്റെ മേൽ ശരവർഷം ആരംഭിച്ചു. അസ്ത്രപാതമേററ് അദ്ദേഹം തളർന്നു. അമ്പുകൾ തറച്ച് ആപാദചൂഡം മുറിഞ്ഞു രക്തം ധാരധാരയായി ഒഴുകി. തുരുതുരെ വർഷിച്ച ഈ അസ്ത്രമാരിയാൽ സെബസ്ത്യാനോസ് അസഹനീയമായ പ്രാണവേദനയനുഭവിച്ചു. എല്ലാ വേദനയും ഒരു ധീരരക്തസാക്ഷിയുടെ നെഞ്ചുറപ്പോടും സുദൃഢമായ വിശ്വാസത്തോടും ദീർഘശാന്തതയോടും സ്വർഗ്ഗീയമായ പ്രത്യാശയോടും കൂടി അദ്ദേഹം സഹിച്ചു. അദ്ദേഹത്തിന്റെ അധരങ്ങൾ അനവരതം ഈശോ എന്ന തിരുനാമം മാത്രം ഉരുവിട്ടു കൊണ്ടിരുന്നു.

ഒരൊററ ബാണം പ്രയോഗിച്ച് ആ വില്ലാളിവീരന്മാർക്ക് അദ്ദേഹത്തെ വധിക്കാമായിരുന്നു. പക്ഷേ സർവാംഗം അമ്പു തുളച്ചു കയററി, ശകലിത ശരീരനാക്കി രക്താസിക്തനാക്കി വഞ്ചകനായ ആ അംഗരക്ഷകനായകനെ ചിത്രവധം നടത്തണമെന്നായിരുന്നു ചക്രവർത്തിയുടെ കല്പന.

ആ കൊലയാളികൾ, തങ്ങളുടെ യജമാനന്റെ രാക്ഷസീയമായ അഭിലാഷം അക്ഷരംപ്രതി നിറവേററി. രക്തം വാർന്നു തളർന്നു സെബസ്ത്യാനോസിന്റെ തല ചാഞ്ഞു. കണ്ണുകൾ അടഞ്ഞു. അദ്ദേഹം ബോധരഹിതനായി.

സെബസ്ത്യാനോസ് വിഗതപ്രാണനായിരിക്കുമെന്നു കരുതി, ആരാച്ചാരന്മാർ അദ്ദേഹത്തെ അവിടെ ഉപേക്ഷിച്ചിട്ടു പോയി. പ്രിട്ടോറിയൻ സേനാനായകനായ സെബസ്ത്യാനോസ് ശരവിദ്ധനായി മരണമടഞ്ഞുവെന്ന വാർത്ത കാട്ടുതീപോലെ സാമ്രാജ്യമെങ്ങും പരക്കുകയും ചെയ്തു.

ആ ധർമ്മസാക്ഷിയുടെ മൃതശരീരം സംസ്കരിക്കുന്നതിനായി കസ്തുലസ് എന്ന ധീരരക്തസാക്ഷിയുടെ വിധവയായ ഐറീൻ എന്ന ഭക്ത സ്ത്രീ അഡോണീസ് മൈതാനത്തു വന്ന് ആ മൃതശരീരം പരിശോധിച്ചു. രക്തം മുഴുവൻ വാർന്നുപോയിരുന്നെങ്കിലും, ശരീരത്തിൽ ജീവൻ തങ്ങിനില്പുണ്ടെന്ന് ബോദ്ധ്യമായി. ഉടനെ ആ സ്ത്രീ സെബസ്ത്യാനോസിനെ തന്റെ ഭവനത്തിലേക്ക് എടുപ്പിച്ചു കൊണ്ടുപോയി.

ഐറീന്റെ സനിഷ്കർഷമായ പരിചരണങ്ങളും ചികിത്സയും കൊണ്ടു മുറിവുകൾ ഉണങ്ങുകയും സെബസ്ത്യാനോസ് അചിരേണ സുഖം പ്രാപിക്കുകയും ചെയ്തു.

www.malankaralibrary.com

ഉടൻതന്നെ റോമാവിട്ട സുരക്ഷിതമായ എവിടെയെങ്കിലും പോയി അജ്ഞാതവാസം ചെയ്കയായിരിക്കും നല്ലതെന്ന് ക്രിസ്ത്യാനികളായ പല മിത്രങ്ങളും സെബസ്ത്യാനോസിനെ ഉപദേശിച്ചു. വീണ്ടുമൊരു രക്തസാക്ഷിത്വത്തിനായി തീവ്രമായി അഭിലഷിച്ചിരുന്ന അദ്ദേഹം ആപ്തന്മാരുടെ ആ അഭ്യർത്ഥന തള്ളിക്കളഞ്ഞിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

ഒരു ദിവസം യാദൃച്ഛികമാണെന്നു പറഞ്ഞുകൂടാ, അരമനപ്പടിക്കൽ വച്ച് സെബസ്ത്യാനോസ് ചക്രവർത്തിയെ കണ്ടുമുട്ടി. മുൻപതിവുള്ള ഉപചാരങ്ങളൊന്നും കൂടാതെ, ഡയോക്ലീഷ്യൻെറ ക്രൂരമായ മതമർദ്ദനങ്ങളെ നിശിതമായി അപലപിക്കുവാനാണ് തദവസരത്തിൽ ആ ധർമ്മധീരൻ മുതിർന്നത്. സ്വന്തം പ്രജകളിൽ ഒരു വിഭാഗത്തിൻെറ മതവിശ്വാസത്തെ രാഷ്ട്രാധികാരം ഉപയോഗിച്ചു മർദ്ദിച്ചൊതുക്കുവാൻ നോക്കുന്നതും കടുത്ത അന്യായമാണെന്ന് ആ നൃശംസൻെറ മുഖത്തുനോക്കി അപ്പോഴും അദ്ദേഹം ആവർത്തിച്ചു.

മരിച്ച സെബസ്ത്യാനോസ്, ഏതോ ആഭിചാരം വഴി ഉയിർത്തെഴുന്നേററു വന്നിരിക്കുകയാണെന്നു വിചാരിച്ച് ചക്രവർത്തി വല്ലാതെ അന്ധാളിച്ചുവശായി. എങ്കിലും ധൈര്യം അവലംബിച്ചുകൊണ്ട്, തൻെറ കൺമുമ്പിൽ വച്ചുതന്നെ ആ മായാമാന്ത്രികനെ ഗദകൊണ്ടടിച്ചുകൊല്ലുവാൻ ചക്രവർത്തി പടയാളികളോടു ഗർജ്ജിച്ചു.

കൊട്ടാരത്തിൻെറ ചത്വരത്തിൽ വച്ച്, ഗദാധാരിയായ ഒരു പടയാളി തൽക്ഷണം അദ്ദേഹത്തിൻെറ ശിരസ്സിൽ ആഞ്ഞൊരടി.

ക്രൂരനായ ചക്രവർത്തിയുടെ മൃഗീയമായ അഭിനിവേശം നിറവേറി. സെബസ്ത്യാനോസിൻെറ ചിരപ്രാർത്ഥിതമായ ഹൃദയാഭിലാഷം സഫലമായി. സ്വർഗ്ഗീയ കവാടങ്ങൾ ആ രക്തസാക്ഷിക്കായി തുറക്കപ്പെട്ടു. സെബസ്ത്യാനോസിൻെറ പാവനാത്മാവ് ക്രിസ്തുവിൽ സായൂജ്യമടഞ്ഞു.

ക്രി. വ. 288 ജനുവരി 20--ാം തീയതിയാണ് ഈ വീരമരണം നടന്നതെന്ന് പാരമ്പര്യമായി വിശ്വസിക്കപ്പെടുന്നു.

സെബസ്ത്യാനോസിൻെറ മൃതദേഹം, രാജാജ്ഞയനുസരിച്ച്, റൈബർ നദിയിൽ ചെന്നു ചേരുന്ന ഒരോഴുക്കുചാലിൽ തള്ളപ്പെട്ടു. അതു്, ആരും കണ്ടുപിടിക്കുകയില്ലെന്നും അവിടെക്കിടന്നു ചീഞ്ഞഴിഞ്ഞു് കൃമികൾക്കിരയായിത്തീർന്നുകൊള്ളുമെന്നുമായിരുന്നു അവരുടെ മനസ്സിലിരിപ്പ്.

www.malankaralibrary.com

# ഏഴ്

രക്തസാക്ഷിയായ സെബസ്ത്യാനോസിൻെറ മൃതദേഹം എവിടെ തള്ളിക്കളഞ്ഞുവെന്നറിയാതെ അദ്ദേഹത്തിൻെറ മിത്രങ്ങൾ വിഷമിച്ചു. അങ്ങനെയിരിക്കെ, ഒരു ദിവസം ലൂസീനാ എന്ന ഭക്തസ്ത്രീക്ക് വിശുദ്ധൻ പ്രത്യക്ഷനായി, തൻെറ ശരീരം കിടക്കുന്ന സ്ഥലം ഏതെന്ന് വെളിപ്പെടുത്തികൊടുത്തു. സന്തുഷ്ടചിത്തരായ ക്രിസ്ത്യാനികൾ ലൂസീനായുടെ നേതൃത്വത്തിൽ പ്രസ്തുത സ്ഥലത്തു ചെന്ന് വിശുദ്ധൻെറ പൂജ്യശരീരാവശിഷ്ടങ്ങൾ കണ്ടെടുത്തു.

അക്കാലങ്ങളിൽ, രക്തസാക്ഷികളും സുകൃതികളുമായ ക്രിസ്ത്യാനികളുടെ മൃതദേഹങ്ങൾ സംസ്കരിച്ചിരുന്നത് ഭൂഗർഭ സ്ഥലങ്ങളായ കല്ലറകളിലായിരുന്നു. ഈ മൃതസംസ്കാരഗൃഹകളെ കാററകോംബ്സ് (Catacombs) എന്നു വിളിച്ചിരുന്നു. മതപീഡനകാലങ്ങളിൽ ദിവ്യപൂജാർപ്പണത്തിനും അജ്ഞാതവാസത്തിനും ഈ ഗുഹകളിൽ സൗകര്യങ്ങളുണ്ടായിരുന്നു. ഭൂമിക്കടിയിൽ അനേകശതം ചതുരശ്രമൈൽ വിസ്താരത്തിൽ തുരന്നുണ്ടാക്കപ്പെട്ടവയായിരുന്നു ഈ ഗുഹാഗൃഹങ്ങൾ. മൃതശരീരം തുണിയിൽ പൊതിഞ്ഞ് കല്ലറയിൽ നിക്ഷേപിച്ചശേഷം, അതിൻെറ മുൻഭാഗം സ്മാരകലിഖിതം കൊത്തിയ മാർബിൾപ്പലകകൊണ്ട് അടയ്ക്കും. സ്മാരകഫലകങ്ങളിൽ അടക്കപ്പെട്ട (Buried) എന്നതിനു പകരം നിക്ഷേപിക്കപ്പെട്ട (Deposited) എന്ന പദമാണ് ഉപയോഗിച്ചിരുന്നത്. പിൽക്കാലങ്ങളിൽ ഈ ശവകുടീരങ്ങളിലേക്കുള്ള പ്രവേശന കവാടങ്ങൾ വലുതാക്കുകയും, നിലയറകളിൽ വാതായനങ്ങൾ നിർമ്മിക്കുകയും കുടീരങ്ങളുടെ ഉപരിതലങ്ങളിൽ ദേവാലയങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

രക്തസാക്ഷികളുടേയും സുകൃതാത്മാക്കളുടേയും കുടീരങ്ങൾ നിറന്ന റോമിലെ ഈ പുരാതന സംസ്കാരകുടീരങ്ങൾ ഇന്നു പൂജ്യസ്ഥലങ്ങളായി സൂക്ഷിക്കപ്പെടുകയും നിത്യനഗരങ്ങളിലെത്തുന്ന തീർത്ഥാടകരും ഭക്തജനസഹസ്രങ്ങളും പ്രസ്തുത കുടീരങ്ങൾ സന്ദർശിച്ച് ആത്മനിർവൃതിനേടുകയും ചെയ്തു പോരുന്നു.

ആപ്പിയൻ റോഡിനടുത്തുള്ള ഭൂഗർഭാലയത്തിലാണ് ലൂസീനാ, വിശുദ്ധ സെബസ്ത്യാനോസിൻെറ പൂജ്യാവശിഷ്ടങ്ങൾ സംസ്കരിച്ചത്. ലൂസീനാ, വിശുദ്ധൻെറ കുടീരാന്തികത്തിൽ മുപ്പതു ദിവസം ധ്യാനവും പ്രാർത്ഥനയും നടത്തി. അഞ്ചാം നൂററാണ്ടിൽ ആ സ്ഥലത്ത് ബ്രഹ്മാണ്ഡമായ ഒരു ദേവാലയം സ്ഥാപിതമാകയും ചെയ്തു.

www.malankaralibrary.com

# അനുചിന്തനം

ജീവിതകാലത്തും മരണശേഷവും വി. സെബസ്ത്യാനോസ് വഴി പ്രകൃത്യതീതമായ പല അത്ഭുതസംഭവങ്ങളും നടന്നതായി പറയപ്പെടുന്നുണ്ട്. ഇവയുടെ വിശ്വാസ്യതയെപ്പററി സംശയിക്കുന്നവരും കണ്ടേക്കാം. ദൈവത്തിന്റെ അനന്തമായ അനുഗ്രഹശക്തിയും പ്രസാദവരവും വെളിപ്പെടുത്തുന്നതിനു്, തന്റെ പ്രിയപ്പെട്ടവരെ അവിടുന്നു ചിലപ്പോഴൊക്കെ ഉപകരണങ്ങളാക്കാറുണ്ടു് എന്നു വിശ്വസിക്കുന്നവർക്കു് ഇങ്ങനെയൊരു സംശയത്തിനിടയില്ല. യുക്തിയിൽനിന്നു വിശ്വാസത്തിലേക്കു പോകാതെ വിശ്വാസത്തിൽ നിന്നു യുക്തി കണ്ടെത്തുകയാണു് മതമേഖലകളിൽ എപ്പോഴും ആശാസ്യമെന്നു തോന്നുന്നു.

വി. സെബസ്ത്യാനോസിന്റെ ജീവിതം പരിശോധിച്ചാൽ സജീവവും ക്രിയാത്മകവുമായ അൽമായാപ്പോസ്തലത്വത്തിന്റെ ഉന്നത മാതൃകയായിരുന്നു അതെന്നു കാണാവുന്നതാണു്. ഏതു ജീവിതത്തുറയിൽ പ്രവർത്തിക്കുന്ന അൽമായനും ദൗത്യപ്രതിബദ്ധതയുള്ള പക്ഷം, ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും പ്രേഷിതത്വത്തിനു പ്രചോദനമേകുവാനും അപാരമായ സാധ്യതകളുണ്ടെന്നു് വിശുദ്ധന്റെ ജീവിതം വ്യക്തമാക്കുന്നു. ലൗകികമായ നേട്ടങ്ങൾക്കോ ലക്ഷ്യങ്ങൾക്കോ വേണ്ടി സ്വന്തം വിശ്വാസങ്ങളെ തള്ളിപ്പറയാനോ മനസ്സാക്ഷിയെ വളച്ചൊടിക്കാനോ മടികാണിക്കാത്ത അവസരവാദികൾക്കു് വി. സെബസ്ത്യാനോസിന്റെ ഉദാത്ത ജീവിതം ഉഗ്രമായൊരു താക്കീതാണു്. അപ്പക്കഷണങ്ങൾക്കുവേണ്ടി ആദർശം കളഞ്ഞുകുളിക്കുവാൻ അദ്ദേഹം ഒരിക്കലും തയ്യാറായില്ല. സ്വന്തം സ്ഥാനമാനങ്ങൾ നിലനിറുത്തുന്നതിനു്, മനസ്സാക്ഷിക്കു നിരക്കാത്ത ഒരൊത്തുതീർപ്പിനും, അവിഹിതമായ ഒരു കീഴടങ്ങലിനും അദ്ദേഹം തലകുനിച്ചില്ല. സ്വന്തം മനസ്സാക്ഷി സ്വാതന്ത്ര്യം വെല്ലുവിളിക്കപ്പെട്ടപ്പോൾ, സെബസ്ത്യാനോസ് അതിനെതിരെ, സധൈര്യം ശക്തിയുക്തം പ്രതികരിച്ചു, പ്രതിഷേധിച്ചു. ഭീഷണമായ എല്ലാ ഭവിഷ്യത്തുകളെയും മുന്നിൽ കണ്ടുകൊണ്ടുതന്നെ അധർമ്മത്തിന്റെ ശക്തികളുമായി അദ്ദേഹം തുറന്ന സംഘട്ടനത്തിലേർപ്പെട്ടു.

ആ ധീരതയും ആ സത്യസന്ധതയും ആർജ്ജവത്വവും നിശ്ചയദാർഢ്യവും ആദർശാഭിമുഖ്യവും, ദൈനംദിന ജീവിതത്തിൽ നേരിടുന്ന ചെറുതും വലുതുമായ പരീക്ഷണങ്ങളെയും വെല്ലുവിളികളെയും പ്രലോഭനങ്ങളെയും അതിജീവിക്കുവാൻ നമുക്കും മാർഗ്ഗദീപമാകട്ടെ.

www.malankaralibrary.com

## ഒന്ന്

# വി. ഗീവർഗീസ്

ക്രൈസ്തവ സഭ ഉടലെടുത്തതിനു ശേഷമുള്ള ആദ്യത്തെ മൂന്നു നൂററാണ്ടുകാം സഭയെ സംബന്ധിച്ചിടത്തോളം കടുത്ത മത പീഡനങ്ങളുടെ കാലഘട്ടമായിരുന്നല്ലോ. റോമാചക്രവത്തിയായിരുന്ന നീറോ ക്രി. 64—ൽ രാജ്യവ്യാപകമായ ക്രൈസ്തവ സംഹാരത്തിനു തുടക്കം കുറിച്ചു. ക്രിസ്ത്യാനികളെ പിടിച്ചുകെട്ടി മൃഗ ചർമ്മം ധരിപ്പിച്ച് വന്യമൃഗങ്ങളുടെ മുമ്പിലേയ്ക്കു് എറിഞ്ഞു കൊടുക്കുന്നതു് ചക്രവത്തിയുടെ ഒരു വിനോദമായിരുന്നു. ചിലരുടെ ശരീരത്തിൽ പഴന്തുണി പൊതിഞ്ഞു് എണ്ണയിൽ നനച്ചു പന്തങ്ങളാക്കി ചക്രവത്തിയുടെ ഉദ്യാനത്തിൽ ദീപയഷ്ടികളായി ഉപയോഗിച്ചിരുന്നുവത്രെ.

നീറോയേക്കാം നിഷ്ഠൂരനായിരുന്നു പിൻഗാമിയായി വന്ന ഡൊമീഷ്യൻ. ക്രൈസ്തവ വിശ്വാസികളെ തിളച്ച എണ്ണയിൽ മുക്കിക്കൊല്ലുകയായിരുന്നു ആ ക്രൈസ്തവ വിദ്വേഷിയുടെ മുഖ്യ ഭരണനയം.

താരതമ്യേന രൂക്ഷത കുറഞ്ഞ ഒരു മദ്ധ്യനനയമാണ്. ക്രി. വ. 98 മുതൽ 117 വരെ സാമ്രാജ്യം ഭരിച്ച ട്രാജൻ എന്ന ചക്രവർത്തി സ്വീകരിച്ചതു്. ട്രാജനെത്തുടന്നു രാജ്യം ഭരിച്ച ഹാഡ്രിയാനും ഏറെക്കുറെ തന്റെ മുൻഗാമിയുടെ നയം തന്നെ തുടർന്നു.

ക്രി. വ 138—ൽ സിംഹാസനാരൂഢനായ അന്റോണീനസ് പീയൂസ് തന്റെ പൂർവ്വഗാമികളുടെ കാലത്തു് മന്ദഗതിയിലായിരുന്ന ക്രൈസ്തവപീഡന പ്രക്രിയ കഠോരകരമാക്കി. ഹിജിനസ്, പീയൂസ് ഒന്നാമൻ എന്നീ മാർപ്പാപ്പാമാർ രക്തസാക്ഷിത്വം വരിച്ചതു് ഈ കാലഘട്ടത്തിലായിരുന്നു. മഹാനായ പൊളിക്കാർപ്പ മെത്രാൻ വധിക്കപ്പെട്ടതും അന്റോണീനസ് പീയൂസിന്റെ കാലത്തുതന്നെ.

www.malankaralibrary.com

പൊളിക്കാപ്പ് മെത്രാനെ ബന്ധിച്ച് വധസ്ഥലത്തു കൊണ്ടു വന്നു നിറുത്തിയിട്ട് വിശ്വാസത്യാഗം ചെയ്യുവാൻ ആവശ്യപ്പെട്ടു.

'സത്യമായി ഞാൻ പ്രഖ്യാപിക്കുന്നു, ഞാനൊരു ക്രിസ്ത്യാനിയാണ്'' എന്നായിരുന്നു മെത്രാൻെറ മറുപടി.

'സിംഹം തയ്യാറായി നില്പുണ്ട്.' പടയാളികൾ ഓർമ്മിപ്പിച്ചു.

'എങ്കിൽ ആജ്ഞ കൊടുക്കു.' മെത്രാൻെറ ധീരമായ സന്നദ്ധതാപ്രകടനം.

'നിങ്ങളെ സിംഹത്തിന്നിരയാക്കാനല്ല. കത്തിച്ചു കളയാനാണ് ചക്രവർത്തിയുടെ കല്പന.'

'അതു പെട്ടെന്നു കത്തിത്തീരുന്ന തീയാണ്. എന്നാൽ എന്നെന്നും കത്തിക്കാളിക്കൊണ്ടിരിക്കുന്ന ഒരു തീക്കുണ്ഡമുണ്ട്. അതു നിങ്ങൾക്കുള്ളതാണ്. വരൂ. എന്നെ എന്തു വേണമെങ്കിലും ചെയ്തുകൊള്ളൂ.'

താമസംവിനാ ആ ധർമ്മധീരൻെറ ശരീരം തീയിലേക്ക് എറിയപ്പെട്ടു.

തുടർന്നു ഭരണം നടത്തിയ ഔറേലിയൂസ്, സെവേരുസ് എന്നീ ചക്രവർത്തിമാരുടെ കാലത്തും ക്രൈസ്തവ മതപീഡനം തുടർന്നു പോന്നിരുന്നെങ്കിലും 249—ൽ ഭരണമേററ ദേച്ചിയൂസ് രാജ്യവ്യാപകമായ ഒരു ക്രൈസ്തവ വിരുദ്ധവിളംബരം പ്രസിദ്ധപ്പെടുത്തി. രാജ്യത്തെ സമസ്ത പൗരന്മാരും പരസ്യമായി റോമൻ ദേവന്മാർക്ക് ആരാധനയർപ്പിച്ചുകൊള്ളണമെന്നായിരുന്നു ആ രാജകീയ വിളംബരത്തിൻെറ താല്പര്യം. ഈ കല്പന അനുസരിക്കാൻ കൂട്ടാക്കാതിരുന്നവരെയെല്ലാം രാജകിങ്കരന്മാർ വേട്ടയാടി. അനേകരുടെ മരണത്തിനും മാരകദുരിതങ്ങൾക്കും കാരണമായി അന്യായമായ ഈ വിളംബരം.

ദേച്ചിയൂസിനേക്കാൾ വിദ്രോഹപരമായ വിളംബരങ്ങളും കൊണ്ടായിരുന്നു പിന്നാലെ വന്ന വലേരിയൻെറ തിരപ്പുറപ്പാട്. തൽഫലമായി അനേകരുടെ സമ്പത്തും സ്ഥാനമാനങ്ങളും നഷ്ടപ്പെട്ടു. ഒട്ടേറെപ്പേർ നാടുകടത്തപ്പെട്ടു. തടങ്കലിൽ കിടന്നു നരകയാതന അനുഭവിച്ചവരുടെ എണ്ണവും അസംഖ്യമായിരുന്നു. ബിഷപ്പ് സിപ്രിയാൻ, സിക്സ്റ്റസ് രണ്ടാമൻ മാർപാപ്പാ, ഡീക്കൻ

www.malankaralibrary.com

ലോറൻസ് തുടങ്ങിയവർ അക്കാലത്തെ രക്തസാക്ഷികളിൽ ചില രാണ്.

തുടർന്നു ഭരിച്ചതു് ഡയോക്ലീഷ്യൻ എന്ന ചക്രവർത്തിയായിരുന്നു. 'മതപീഡനദശകം' എന്നു സഭാചരിത്രകാരന്മാർ വിവരിക്കുന്ന, മതപീഡകരായ പത്തു ചക്രവർത്തിമാരിൽ പത്താമനായിരുന്നു ഡയോക്ലീഷ്യൻ. തൻെറ മുൻഗാമികളെക്കാൾ തന്ത്രശാലിയായിരുന്ന ആ സാമ്രാട്ട് ആദ്യഘട്ടത്തിൽ ഒരു മതനിഷ്പക്ഷതാമനോഭാവക്കാരനായി പ്രത്യക്ഷപ്പെടുകയും ക്രമേണ ഭരണത്തിൽ കാലുറപ്പിച്ചശേഷം സംഹാരാത്മകമായ തനിനിറം വെളിപ്പെടുത്തുകയും ചെയ്തു. ഇരുമ്പുകമ്പി പഴുപ്പിച്ചുവച്ചു കണ്ണുകൾ ചൂഴ്ന്നെടുക്കുക, ഓരോ കാൽ മാറിമാറി മുറിച്ചുകളയുക തുടങ്ങിയ മനുഷ്യത്വരഹിതമായ ദണ്ഡനമുറകളാണ് ആ ചക്രവർത്തി ക്രിസ്ത്യാനികളുടെ മേൽ പ്രയോഗിച്ചതു്. ഫ്രീജിയാനഗരം, അതിലെ നിവാസികളോടൊപ്പം ആ ഖലകേസരി ചുട്ടുകരിച്ചു കളഞ്ഞു. വി. ആഗ്നസ്, വി. സെബസ്ത്യാനോസ്, ഫെലിക്സ്, മാർപാപ്പയായിരുന്ന മാർ സെല്പിനോസ്, വി. ആഗ്ലസ്, വി. അൽബാൻ തുടങ്ങിയവർ ഇക്കാലത്തു രക്തസാക്ഷിത്വം വരിച്ച വീരാത്മാക്കളാണ്.

അത്യന്തം ക്രൂരമായിരുന്ന ആ മത മർദ്ദനത്തിൻെറ ഒരു വാങ്മയരൂപം കവിഭാവനയിൽ കൂടി കാണുക:

'കൂരമ്പാൽ മാർ പിളർന്നും കൊടിയൊരു കുരിശിൽ
തൂക്കിയും തോലുരിഞ്ഞും

ക്രൂരൻ സിംഹത്തിനുണ്ടായരുളിയുമസിയാൽ കണ്ഠ
നാളം മുറിച്ചും

തീരത്തിൽ താഴ്ത്തിയും മെയ് മുഴുവനുമടിയാൽ
കീറിയും തീയിലിട്ടും

പാരം മാൽചേർത്തു യോധാധമരനവധിയായ്
ക്രിസ്ത്യരെക്കൊന്നു കഷ്ടം.

മെയ്യിൽ കീലും കൊഴുപ്പും മുടിമുതലൊരുപോൽ
തേച്ചു കത്തിക്കവോരാ—

ത്തീയ്യിൽ ദേഹം കരിച്ചും കുതിരയുടെ കണങ്കാലിൽ
ബന്ധിച്ചിഴച്ചും

www.malankaralibrary.com

മെയ്യിൽക്കല്ലാലെറിഞ്ഞും തനുലത തടിപോലരീർച്ച
വാളാലറുത്തും

നെയ്യിൽ ഗാത്രം പൊരിച്ചും ഖലഗണമവരേ നിർദ്ദയം
നിഗ്രഹിച്ചു.

(ശ്രീയേശുവിജയം മഹാകാവ്യം)

ഈ മർദ്ദനം കൊണ്ടൊന്നും ക്രിസ്തുമതത്തെ ഉന്മൂലനം ചെയ്യാൻ ഒരു രാജശക്തിക്കും കഴിഞ്ഞില്ല. ഓരോ മർദ്ദനത്തിൽ നിന്നും പുതിയ ആവേശവും ചൈതന്യവും വീര്യവും നേടി ക്കൊണ്ടു് സഭ ഉത്തരോത്തരം ശക്തി പ്രാപിച്ചതേയുള്ളു. ഫീനി ക്സ് പക്ഷിയുടെ പുനർജനിപോലെയുള്ള അത്ഭുതപ്രതിഭാസം ഈ ശക്തിയുടെ ഉറവിടമാകട്ടെ. വിശ്വാസ സംരക്ഷണത്തിനു വേണ്ടി വീരമരണം വരിച്ച അനേകായിരം രക്തസാക്ഷികൾ ചൊരിഞ്ഞ ചുടുചോരയത്രെ. സഭാചരിത്രത്തിന്റെ താളുകളിൽ തങ്കലിപിയിൽ രേഖപ്പെടുത്തേണ്ട ആ വീരാഗ്രണികളുടെ ഗണ ത്തിലെ ഒരു മുന്നണിപ്പോരാളിയായിരുന്നു നമ്മുടെ കഥാനായക നായ വി. ഗീവറുഗീസ്.

www.malankaralibrary.com

# രണ്ട്

ഐതിഹ്യങ്ങളിൽ കെട്ടുപിണഞ്ഞു കിടക്കുന്ന ചില ചരിത്രാംശങ്ങളല്ലാതെ, വി. ഗീവറുഗീസിനെ സംബന്ധിക്കുന്ന ആധികാരികവും വിശദവുമായ ചരിത്രവസ്തുതകളൊന്നുംതന്നെ ലഭ്യമായിട്ടില്ല.

ഗ്രീക്കുഭാഷയിൽ കൃഷീവലൻ എന്നർത്ഥമുള്ള ഗെയോൻ ഗിയോസ് എന്നായിരുന്നു നമ്മുടെ വിശുദ്ധന്റെ നാമധേയം. ലത്തീനിൽ ആ പേരു് ജെ ഓർജിയൂസ് എന്നായി. ഇംഗ്ളീഷിലായപ്പോൾ അതു് ജോർജായി മാറി. ഗ്രീക്കുപദത്തിൽ നിന്നുള്ള സുറിയാനി തത്ഭവരൂപമാണ് ഗീവർഗീസ്. അതുതന്നെ മലയാളത്തിലെ ഗീവറുഗീസുമായി.

ഏഷ്യാമൈനറിൽപ്പെട്ട കപ്പദോച്യ (Cappadocia) ദേശത്തായിരുന്നു ഗീവറുഗീസ് ജനിച്ചതെന്നു പാരമ്പര്യമായി വിശ്വസിച്ചുപോരുന്നു. ജനനം മൂന്നാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിലായിരുന്നിരിക്കാമെന്നും കരുതപ്പെടുന്നു.

അശ്വഭടന്മാർക്കു പേരുകേട്ട ഒരു നാടായിരുന്നു കപ്പദോച്യ. ആ പാരമ്പര്യമനുസരിച്ചു്, ഗീവറുഗീസിന്റെ പിതാവും അശ്വസേനയിൽപെട്ട ഒരു യോദ്ധാവായിരുന്നുവെന്നാണ് പറയപ്പെടുന്നതു്. ഗീവറുഗീസിന്റെ ബാല്യകാലത്തുതന്നെ പിതാവു മരിച്ചുപോയെന്നും ഏതോ സൈനികസംഘട്ടനത്തിലാണ് മരണം സംഭവിച്ചതെന്നും അഭിപ്രായപ്പെടുന്നവരുണ്ട്.

ഏതായാലും പിതാവിന്റെ മരണശേഷം, അമ്മ, പുത്രനെയും കൊണ്ടു്, തന്റെ ജന്മദേശമായ ലിഡ്ഡാ (Lydda) യിലേക്കു മടങ്ങിപ്പോന്നു. പലസ്തീനായിലെ ഒരു സമ്പന്നനഗരമായിരുന്നു ലിഡ്ഡാ. ഡയോസ് പോളിസ് എന്നും അതിനു പേരുണ്ട്. പിൽക്കാലത്തു ഗീവറുഗീസിനോടു ബന്ധപ്പെട്ടു് പ്രസിദ്ധിയാർജ്ജിച്ചപ്പോൾ ലിഡ്ഡായ്ക്കു് ജോർജിയോ പോളീസ് എന്ന പേരും ലഭിക്കുകയുണ്ടായി.

ലിഡ്ഡായിലെ എണ്ണപ്പെട്ട പ്രഭു കുടുംബത്തിലെ അംഗമായിരുന്ന ആ കുലീന വനിത, പുത്രന്റെ വിദ്യാഭ്യാസ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരിക്കും എന്നു കരുതുന്നതിൽ തെററില്ല. അക്കാലത്തു് ഒരു സമ്പന്നകുമാരനു് സ്വായത്തമാക്കാൻ കഴിയുന്ന ഏററം മികച്ച വിദ്യാവിജ്ഞാനാദികൾ ഗീവറുഗീസ് ആർജിച്ചിരിക്കണം. ആയോധനവിദ്യയിലെന്നപോലെ മൂല്യവത്തായ ധർമ്മശാസ്ത്രങ്ങളിലും ആ യുവാവു സുശിക്ഷിതനായിരുന്നു എന്നു കരുതാൻ ന്യായമുണ്ട്. മാതാവിൽനിന്നു ലഭിച്ച ശിക്ഷണവും വിദ്യാഭ്യാസത്തിൽനിന്നു സ്വാംശീകരിച്ച അടിസ്ഥാനതത്വങ്ങളുമാണ് ഗീവറുഗീസിന്റെ ഭാവിക്കു് അടിത്തറ പാകിയതെന്നു് നിസ്സംശയം പറയാം.

www.malankaralibrary.com

# മൂന്ന്

പ്രഭുകുലജാതന്മാരായ യുവാക്കന്മാർ അക്കാലങ്ങളിൽ ഏററം കാമ്യമായി കരുതിയിരുന്ന ജീവിതാവൃത്തി സൈനികസേവനമായിരുന്നു. അഭിജാതകുടുംബങ്ങളിൽപ്പെട്ടവക്ക് മാത്രമേ അതിന് അർഹതയും ഉണ്ടായിരുന്നുള്ളു. ആ പാരമ്പര്യമനുസരിച്ച്, ഏകദേശം പതിനെട്ടു വയസ്സായതോടുകൂടി ഗീവറുഗീസ് സൈനികവൃത്തിക്കു വിളിക്കപ്പെട്ടു.

അക്കാലത്ത് റോമാസാമ്രാജ്യം ഭരിച്ചിരുന്നത് ഡയോക്ലീഷ്യൻ ചക്രവത്തിയായിരുന്നു. ഭരണാരംഭഘട്ടത്തിൽ അദ്ദേഹം ക്രിസ്ത്യാനികളോടും മററും പ്രായേണ ഉദാരമായ ഒരു നയമാണ് സ്വീകരിച്ചു പോന്നതെന്ന് അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ഗീവറുഗീസിൻെറ ധീരത, സംഘടനാപാടവം, രണശൂരത, സ്വരാജ്യാഭിമാനം, യുദ്ധതന്ത്രജ്ഞത, കൃത്യബോധം തുടങ്ങിയ അനിതരസാധാരണമായ ഗുണവിശേഷങ്ങൾ ചക്രവർത്തിയെ സവിശേഷം ആകർഷിച്ചു. യുവാവായ ഗീവറുഗീസിന്, ട്രിബ്യൂൺ അഥവാ കേണൽ എന്ന ഉന്നതസൈനിക പദവി നൽകി ചക്രവത്തി ആ യുവയോദ്ധാവിനെ ആദരിച്ചു.

ഒരു സന്തോഷം മറെറാരു ദുഃഖത്തിൻെറ അകമ്പടിയായിരിക്കും എന്നു പറയുമ്പോലെ, ആയിടയ്ക്കുണ്ടായ മാതൃവിയോഗം ട്രിബ്യൂൺ ഗീവറുഗീസിനെ വല്ലാതെ തളത്തിക്കളഞ്ഞു. പിതാവിൻെറ മരണശേഷം, ബാല്യാരിഷ്ടതകളിൽനിന്നു തന്നെ സംരക്ഷിക്കുകയും ഉൽകൃഷ്ട ശിക്ഷണം നൽകി തൻെറ ജീവിതത്തിന് ഉന്നതമാനങ്ങൾ രൂപപ്പെടുത്തുകയും ചെയ്ത വാത്സല്യനിധിയായ മാതാവിൻെറ സ്ഥാനത്ത്, ദൈവമാതാവായ സ്വർഗീയ നാഥയെ പ്രതിഷ്ഠിച്ച്, ഗീവറുഗീസ് മാതൃവിയോഗത്തിൻെറ നഷ്ടബോധത്തിൽനിന്ന് ക്രമേണ മുക്തനായി.

ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരിക്കുന്നവൻ വലിയ കാര്യങ്ങൾക്കു നിയോഗിക്കപ്പെടുമെന്നുള്ള ചൊല്ലിനെ സാർത്ഥകമാക്കുമാറ്, ട്രിബ്യൂൺ ഗീവറുഗീസിനെ ചക്രവത്തി സൈനികത്താവളങ്ങൾ പരിശോധിക്കുക, അതിത്തിസംരക്ഷണത്തിൻെറ മേൽനോട്ടം വഹിക്കുക തുടങ്ങി ഉത്തരവാദിത്വമേറിയ പല ജോലികളിലും നിയമിച്ചു. ഏല്പിക്കപ്പെട്ട ജോലികളെല്ലാം അങ്ങേയററം

www.malankaralibrary.com

സ്തുത്യർഹമാംവണ്ണം ഗീവറുഗീസ് നിർവഹിക്കുകയും ചെയ്തു. രാജാവ് ദൈവത്തിൻെറ പ്രതിപുരുഷനാണെന്നുള്ള സാത്വികചിന്തയുടെ അടിസ്ഥാനത്തിൽ ദൈവഹിതത്തിനു വിരുദ്ധമല്ലാത്ത രാജഹിതം പരമാവധി കൂറോടും വിശ്വസ്തതയോടുംകൂടി നിറവേററണമെന്നുള്ളതായിരുന്നു ഗീവറുഗീസിൻെറ ഉറച്ച നിലപാട്. ദൈവത്തിനും രാജ്യത്തിനും വേണ്ടി സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു ജീവിതമായിരുന്നു അതു്.

ഉപര്യുപരി രാജപ്രീതിക്കു പാത്രമായിക്കൊണ്ടിരുന്ന ഗീവറുഗീസ് രാജപ്രതിനിധിയായി പേർഷ്യയിലെ അർമ്മീനിയായിലേക്ക് അയയ്ക്കപ്പെട്ടു. ഭരമേൽപിക്കപ്പെട്ട രാജകീയ കൃത്യനിർവഹണത്തിനു ലേശവും ലോപം വരുത്താതെ അവിടെ ആദർശനിഷ്ഠമായ ഒരു അടിസ്ഥാനം ക്രിസ്തീയ സമൂഹത്തിന് അദ്ദേഹം രൂപം നൽകുകയും ചെയ്തു. അർമ്മീനിയായിലെ ആ ക്രിസ്തീയ ജനവിഭാഗം ജോർജിയൻസ് എന്ന പേരിൽ പിൽക്കാലത്ത് അറിയപ്പെട്ടിരുന്നു. വി. ഗീവറുഗീസിനോടുള്ള അവരുടെ പൈതൃകമായ ബന്ധത്തെയാണ് ആ പദം സൂചിപ്പിക്കുന്നതെന്ന് ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായമുണ്ട്.

പിന്നെയും പല ഉന്നതപദവികളും ഗീവറുഗീസിനെ തേടിയെത്തി. ചക്രവർത്തിയുടെ ആലോചനാ സമിതിയംഗമായും യുദ്ധകാര്യ സചിവനായും അദ്ദേഹം നിയമിക്കപ്പെട്ടു. നിയമിക്കപ്പെട്ട എല്ലാ തുറകളിലും മററാർക്കും കൈവരിക്കാനാവാതിരുന്ന അപൂർവ വിജയത്തിൻെറ വെന്നിക്കൊടി പാറിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

www.malankaralibrary.com

# നാല്

യുദ്ധകാര്യ സചിവനെന്ന നിലയിൽ, ചാരചക്ഷുസ്സുമായി, രാജ്യത്തുടനീളം വേഷപ്രച്ഛന്നനായും മററും ഗീവറുഗീസ് സദാ സഞ്ചരിക്കാറുണ്ടായിരുന്നു. ഈ സഞ്ചാരത്തിനിടയിൽ പല ദുഷ്ട ശക്തികളേയും ഉന്മൂലനം ചെയ്ത് സാധുക്കളായ സാധാരണ പ്രജകൾക്കിടയിൽ സമാധാനവും സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിൽ ഗീവറുഗീസ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ സാഹസിക സഞ്ചാരത്തോടു ബന്ധപ്പെടുത്തി വീരേതിഹാസ സദൃശമായ പല കഥകളും പ്രചാരത്തിലുണ്ട്. അവയിലൊന്നാണ് സർപ്പഹിംസ.

ഗീവറുഗീസ്, ഔദ്യോഗികപര്യടനത്തിന്റെ ഭാഗമായി, അശ്വാരൂഢനായി ലിബിയായിലെ പർവതപ്രാന്തത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. അവിടെ വിജനമായ ഒരു ഗുഹാമുഖത്ത് രമണീയരൂപിണിയായ ഒരു യുവതി ഏകാകിനിയായി കണ്ണീർപൊഴിച്ചുകൊണ്ടു നിൽക്കുന്നതു ഗീവറുഗീസിന്റെ ദൃഷ്ടിയിൽ പെട്ടു. അദ്ദേഹം അടുത്തുചെന്നു വിവരം അന്വേഷിച്ചു. നാട്ടുകാർക്കു കൊടും ഭീഷണിയായിരുന്ന ഒരു ഡ്രാഗൺ—ഘോര സർപ്പം—ആ ഗുഹയിൽ താവളമടിച്ചിരിക്കുകയാണെന്നും ആ ക്രൂരജന്തുവിന് ഇരയായിത്തീരുവാൻ താൻ വിധിക്കപ്പെട്ടിരിക്കയാണെന്നും ആ യുവതി ഗീവറുഗീസിനെ ധരിപ്പിച്ചു. നരഭോജിയായ ആ ഉഗ്രജീവിയെപ്പററി കൂടുതൽ വിവരങ്ങൾ അറിയാൻ ഗീവറുഗീസ് ജിജ്ഞാസ പ്രകടിപ്പിച്ചു. സർപ്പത്തിന്റെ വിഷദൂഷിതമായ ഉഛ്വാസവായു വേററ് പ്രാണൻ പിടഞ്ഞു മരിക്കുന്ന ശപ്തനിമിഷവും കാത്ത് ജീവച്ഛവമായി നിന്ന യുവതി ഗദ്ഗദകണ്ഠയായി, ഭീകരമായ ആ സർപ്പവൃത്താന്തം മുഴുവൻ ആഗതനെ വിവരിച്ചു കൊടുത്തു. ക്ഷുധാർത്തി പൂണ്ട ആ ജന്തു നാട്ടിൽ കടന്ന് വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തി. ആടുമാടുകളെയും മനുഷ്യരെയും കൊന്നൊടുക്കി. സ്ത്രീജനങ്ങളെ ചുററിപ്പിണഞ്ഞ് ശ്വാസം മുട്ടിച്ച് കൊല്ലാക്കൊല ചെയ്തു. ഈ ഉപദ്രവം സഹിക്കവയ്യാതായപ്പോൾ നാട്ടുകാർ ഒന്നുചേർന്ന് പ്രശ്നം വച്ചു. അതു് സംഹാരരൂപിയായ ഒരു നാരകീയമൂർത്തിയാണെന്നും അതിനെ പ്രീതിപ്പെടുത്താഞ്ഞാൽ നാടു മുടിയുമെന്നും മാസംതോറും കൊഴുത്ത ഒരാട്ടിൻമുട്ടനേയും ഒരു മനുഷ്യകന്യകയേയും സർപ്പത്തിനു കാഴ്ച വച്ചാൽ സർപ്പം പ്രസാദിച്ചുകൊള്ളുമെന്നും പ്രശ്നവിധിയുണ്ടായി. അതനുസരിച്ച് സർപ്പം ഗുഹയിൽ ഒതുങ്ങിപ്പാർത്തുകൊണ്ട് നാട്ടുകാർ മുറതെററാതെ മാസം തോറും നല്കിക്കൊണ്ടിരുന്ന കാഴ്ച ദ്രവ്യങ്ങൾ ആഹരിച്ചു തൃപ്തിപ്പെട്ടുപോരികയാണ്, ഓരോ മാസവും

www.malankaralibrary.com

സർപ്പത്തിനു് ഇരയാകേണ്ട കന്യകയെ കുറിയിട്ടാണ് നിശ്ചയിച്ചിരുന്നതു്. തന്മാസം കുറിവീണതു് നാടുവാഴിയുടെ ഏകപുത്രിയായ, തന്റെ പേരിലായതുകൊണ്ടു് താൻ സർപ്പത്തിനു ബലികന്യകയായി വന്നിരിക്കുകയാണെന്നു് ആ യുവതി ഇടനെഞ്ചു പൊട്ടുമാറു വിലപിച്ചുകൊണ്ടു പറഞ്ഞു. സർപ്പം ഗുഹാമുഖത്തുനിന്നും ഉടൻ പാഞ്ഞെത്തുമെന്നും വേഗം സ്ഥലം വിട്ടു പോയില്ലെങ്കിൽ അദ്ദേഹത്തിനും അപകടം ഉണ്ടാകുമെന്നുകൂടി അവൾ മുന്നറിയിപ്പു നല്കി.

ഇതെല്ലാം കേട്ടിട്ടും തികച്ചും അചഞ്ചലനായി ഏതു് അപകടത്തെയും നേരിടുവാൻ സന്നദ്ധനായി ഗീവറുഗീസ് നിലകൊണ്ടു. ഉത്തരക്ഷണത്തിൽ ഹുങ്കാരാരവത്തോടെ പർവതാകാരനായ ഒരു ഭീകരസത്വം അവരുടെ നേരെ പാഞ്ഞണഞ്ഞു. ഗീവറുഗീസ് കുതിരയാളം വരച്ചുകൊണ്ടു സർപ്പത്തെത്തടഞ്ഞു. തുടർന്നു് ഒരു ജീവന്മരണ പോരാട്ടം തന്നെ നടന്നു. സർപ്പം കുതിരയുടെ കാലിൽ ചുററി ഗീവറുഗീസിനെ വിഴുങ്ങുവാനായി മേല്പോട്ടു വായ് പിളർത്തി. തൽക്ഷണം ഗീവറുഗീസ് സർപ്പത്തിന്റെ വായിൽ കുന്തം പിടിവരെ കുത്തിയിറക്കി. അതിനെ തറയിൽ ചേർത്തു തറച്ചു നിർത്തി.

തന്നെ വിഴുങ്ങുവാൻ ആർത്തിപൂണ്ടു് ആഞ്ഞടുത്ത ആ സത്വം ചത്തുമലച്ചു കിടക്കുന്നതു കണ്ടു്, സന്തോഷംകൊണ്ടു മതിമറന്ന രാജകന്യക തന്റെ ഉപകർത്താവിനു നന്ദി പറഞ്ഞശേഷം കൊട്ടാരത്തിലെത്തി വിവരം പിതാവിനെയും ബന്ധുജനങ്ങളെയും അറിയിച്ചു. ഈ അത്ഭുതവാർത്ത കേട്ടു് നാടു് ഒന്നടങ്കം ഉണർന്നു. നാട്ടുകാരെല്ലാം ഗുഹാമുഖത്തേയ്ക്കോടി. ഒഴിയാബാധയിൽ നിന്നു നാടിനെ വിമോചിപ്പിക്കുകയും നാട്ടാരുടെ ജീവൻ രക്ഷിക്കുകയും ചെയ്ത അമാനുഷപ്രഭാവനായ ആ വീരയോദ്ധാവിനു ചുററുംകൂടി ജനങ്ങൾ ആനന്ദനൃത്തം ചെയ്തു. രാജപുത്രിയുടെ ഭർത്തൃപദവും നാടിന്റെ അർദ്ധാവകാശവും നാടുവാഴി വാഗ്ദാനം ചെയ്തു.

ഗീവറുഗീസ് അതെല്ലാം വിനയപൂർവം നിരസിച്ചു. തന്റെ സ്വന്തം ശക്തികൊണ്ടല്ല, താൻ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ക്രിസ്തു എന്ന സത്യദൈവത്തിന്റെ അപ്രമേയ പ്രഭാവം തന്നിലൂടെ പ്രവർത്തിച്ചതുകൊണ്ടാണ് തനിക്കു് ആ പൈശാചിക സത്വത്തിന്റെ മേൽ വിജയം വരിക്കാൻ സാധിച്ചതെന്നും ഇക്കാര്യത്തിൽ എല്ലാ പ്രതിനന്ദിയും സ്തുതിയും പുകഴ്ചയും സത്യസ്വരൂപനായ അവിടുന്നു മാത്രമാണ് അർഹിക്കുന്നതെന്നും ഗീവറുഗീസ് വ്യക്തമാക്കി. അനേകരുടെ ക്രിസ്തുമതാശ്ലേഷത്തിനും ഈ സംഭവം ഹേതുഭൂതമായെന്നു പറയപ്പെടുന്നു.

www.malankaralibrary.com

ഈ സംഭവത്തിന്റെ ചരിത്രീയതയെക്കുറിച്ച് പലർക്കും സംശയമുണ്ട്. ഒരു ഐതിഹ്യത്തിൽ കവിഞ്ഞ പ്രാധാന്യമൊന്നും ഇതിനു കല്പിക്കേണ്ടതില്ലെന്നാണ് പല ചരിത്രപണ്ഡിതന്മാരുടെയും അഭിപ്രായം. പ്രതിരൂപകാത്മകമായ വ്യാഖ്യാനമാണ് ചില പണ്ഡിതന്മാർ ഇതിനു നൽകുന്നത്. അവരുടെ കാഴ്ചപ്പാടിൽ ഡ്രാഗൺ എന്നു പറയുന്ന ഘോരസർപ്പം സഭയെ പീഡിപ്പിക്കുന്ന ക്ഷുദ്രശക്തികൾ തന്നെ. ആ നാരകീയ ശക്തികളുടെ ആക്രമണത്തിൽ നിന്നും വി. ഗീവറുഗീസ് തന്റെ അതുല്യമായ ആത്മശക്തികൊണ്ടു സഭാമാതാവിനെ രക്ഷിക്കുന്നതിനെ പ്രതീകാത്മകകമായി ചിത്രീകരിച്ചിരിക്കുകയാണ്. ഈ സംഭവത്തിലൂടെ തിരുസ്സഭയുടെ പ്രതീകമായിട്ടാണ് രാജകുമാരിയെ സങ്കല്പിച്ചിരിക്കുന്നത്.

ഈ സർപ്പസംഹാര കഥയ്ക്കു് രൂപകാർത്ഥകമായ മറ്റൊരു മാനവും നൽകപ്പെടുന്നുണ്ട്. സർപ്പങ്ങൾക്ക് ദേവത്വവും പുരുഷത്വവും ആരോപിച്ച് ബലിപൂജകളും കന്യാദാനം മുതലായ ഹീനകർമ്മങ്ങളും അനുഷ്ഠിച്ചിരുന്ന അക്കാലത്തെ അന്ധവിശ്വാസത്തിന്റെ മസ്തകം സനാതന സത്യവിശ്വാസത്തിന്റെ മൂർച്ചയേറിയ കുന്തംകൊണ്ടു വി. ഗീവറുഗീസ് കുത്തിപ്പിളർന്നുവെന്ന അനുമാനവും അപ്രസക്തമാണെന്നു പറഞ്ഞുകൂടാ.

ഈ സർപ്പകഥയുടെ നിജസ്ഥിതി എങ്ങനെയിരുന്നാലും വി. ഗീവറുഗീസ് വനിതാകുല വിമോചകനായും കേരളത്തിലെങ്കിലും സർപ്പഭയഹരനായ മധ്യസ്ഥനായും വണങ്ങപ്പെടുന്നതിനു് ഈ കഥ ഏറെ സഹായകമായിട്ടുണ്ട്.

www.malankaralibrary.com

# അഞ്ച്

കാലം നീണ്ടുന്തോറും ഡയോക്ലീഷ്യന്റെ മനസ്സ് കലുഷമാകാൻ തുടങ്ങി. കർണ്ണേജപന്മാരായ സാമന്തന്മാരുടെ ദുഷ്പ്രേരണയാലാണെന്നു പറയപ്പെടുന്നു. ഏതായാലും ക്രിസ്ത്യാനികൾക്കെതിരായി അദ്ദേഹം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ക്രിസ്തുമതം വൈദേശികവും വിദ്ധ്വംസകവുമായ ഒരു വിപ്ലവപ്രസ്ഥാനമാണെന്നും അതിൽ ഉൾപ്പെട്ടുപോയിട്ടുള്ളവർ താമസംവിനാ അതിൽനിന്നു വിട്ടുപോരണമെന്നും അല്ലാത്തപക്ഷം കഠിനശിക്ഷയ്ക്കു വിധേയരാകുമെന്നും മററുമായിരുന്നു വിളംബരത്തിന്റെ ഉള്ളടക്കം.

രാജശിക്ഷ പേടിച്ച് അല്പവിശ്വാസികളും അധീരമനസ്കരുമായിരുന്ന പലരും ക്രിസ്തുമതം ഉപേക്ഷിച്ച് റോമാദേവന്മാർക്കു ധൂപാർച്ചന നടത്തി. മതത്യാഗം ചെയ്യാൻ വിമനസ്സായിരുന്ന മററു ചിലർ നാടുവിട്ടോടി. ട്രിബ്യൂൺ ഗീവറുഗീസാകട്ടെ, നേരേ രാജസന്നിധിയിലേയ്ക്കു ചെന്നു. രാജകീയ വിളംബരത്തിന്റെ ന്യായാന്യായതയെക്കുറിച്ച് അദ്ദേഹം ചക്രവർത്തിയുമായി ആശയസംവാദം നടത്തി. മനുഷ്യന്റെ മൗലീകവും പ്രകൃതിദത്തവുമായ മനസ്സാക്ഷി സ്വാതന്ത്ര്യത്തിനും ഈശ്വരാരാധനാവകാശത്തിനും വിലക്കു കല്പിക്കുന്നതു നീതിയല്ലെന്നു ഗീവറുഗീസ് വാദിച്ചു. പ്രജകൾക്കിടയിൽ ചേരിതിരിവും മതവൈരവും രാജ്യത്ത് അസമാധാനവും അരാജകത്വവും സൃഷ്ടിക്കുവാനേ ആ വിളംബരം വഴിയൊരുക്കുകയുള്ളുവെന്ന് അദ്ദേഹം യുക്തിപൂർവം സമർത്ഥിച്ചു. സ്വാഭാവിക ന്യായങ്ങൾക്കു തീരെ നിരക്കാത്തതും തികച്ചും പ്രതിലോമകരവുമായ ആ വിളംബരം ഒരു പുനശ്ചിന്തനത്തിനു വിധേയമാക്കണമെന്ന് ആ സചിവമുഖ്യൻ അഭ്യർത്ഥിച്ചു.

പക്ഷേ അന്ധമായ ക്രൈസ്തവ വൈരംകൊണ്ടു വിവേകം നശിച്ച ഡയോക്ലീഷ്യൻ ട്രിബ്യൂൺ ഗീവറുഗീസിന്റെ ന്യായവാദങ്ങളെല്ലാം പുച്ഛിച്ചുതള്ളിയതേയുള്ളു. ക്രൈസ്തവ മർദ്ദനത്തിന് അരയും തലയും മുറുക്കിയിറങ്ങിയിരിക്കുന്ന ചക്രവർത്തിയിൽ നിന്നു തരിമ്പിനുപോലും നീതി പ്രതീക്ഷിച്ചിട്ടു കാര്യമില്ലെന്നു ബോധ്യമായ ഉടനെ ഗീവറുഗീസ്, മാമ്മോനേയും ദൈവത്തെയും ഒപ്പം സേവിക്കാൻ സാധ്യമല്ലെന്നുള്ള പ്രമാണമനുസരിച്ച്, തന്റെ മനസ്സാക്ഷിസ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാനായി, രാജകീയമായ എല്ലാ ഔദ്യോഗിക പദവികളും രാജിവച്ചിരിക്കുന്നതായി രേഖാമൂലം ചക്രവർത്തിയെ അറിയിച്ചു.

www.malankaralibrary.com

അപ്രതീക്ഷിതമായി ഒരടിയേററ അവസ്ഥയിലായി ചക്രവർത്തി. ഇത്ര കാര്യശേഷിയും ഭരണപരിചയവുമുള്ള ഒരു ഉന്നത സൈനികോദ്യോഗസ്ഥൻെറ സേവനം പൊടുന്നനെ നഷ്ടപ്പെട്ടു പോകുന്നതിൽ ചക്രവർത്തിക്കു കുണ്ഠിതമുണ്ടായിരുന്നു. ക്രിസ്ത്യാനിയാണെങ്കിലും അക്കാര്യം വെളിപ്പെടുത്താതെ, പുറമേ രാജകീയമതാനുയായിയായി നടിക്കുകയെങ്കിലും ചെയ്തിരുന്നെങ്കിൽ അദ്ദേഹത്തിനു മാപ്പുകൊടുക്കുവാനും ഔദ്യോഗികരംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകുവാനും ചക്രവർത്തി തയ്യാറുമായിരുന്നു. പക്ഷേ ആ പ്രലോഭനവാഗ്ദാനങ്ങളെല്ലാം പുല്ലുപോലെ തള്ളിക്കളഞ്ഞിട്ട് ചക്രവർത്തിയുടെ മുഖത്തുനോക്കി സ്വന്തം മതവിശ്വാസ സംരക്ഷണത്തിനുവേണ്ടി യുക്തിവാദം ചെയ്യുവാനാണ് ആ സൈനികോദ്യോഗസ്ഥൻ മുതിർന്നത്. അതിൻെറ വരുംവരായ്കയെക്കുറിച്ച് അദ്ദേഹത്തിനു തികഞ്ഞ ബോധ്യമുണ്ടായിരുന്നു. ചക്രവർത്തിയുടെ കോപാഗ്നി തനിക്കെതിരെ തീക്കുണ്ഡങ്ങളും ശരശയനങ്ങളും ഒരുക്കുമെന്നു ഗീവറുഗീസിനറിയാമായിരുന്നു. ഭവിതവ്യത എല്ലാം അറിഞ്ഞുകൊണ്ടു തന്നെ സ്വന്തം വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിയാകുവാൻ അദ്ദേഹം അന്തിമമായും അചഞ്ചലമായും ഉറച്ചു. നിമിഷങ്ങൾ നീങ്ങി. രാജസഭയാകെ കാതോർത്തുനിന്നു. അപ്പോഴതാ നിർണ്ണായകമായ വിധിവാചകം! രാജദ്രോഹക്കുററം ചുമത്തി, ക്രിസ്ത്യാനിയായ ഗീവറുഗീസിനെ ജയിലിലടയ്ക്കുവാൻ ഡയോക്ലീഷ്യൻ ഉത്തരവായി.

തുടർന്നങ്ങോട്ടു മർദ്ദനങ്ങളുടെ ഒരു പരമ്പര തന്നെ ഗീവറുഗീസിൻെറ മേൽ പ്രയോഗിക്കപ്പെട്ടു.

തൂണിൽ കെട്ടി ചമ്മട്ടികൊണ്ട് അടിപ്പിച്ചു. കൈകാലുകൾ ബന്ധിച്ച് ഇരുട്ടറയിലടച്ചു. കുതിരയുടെ കാലിൽ കെട്ടി വലിപ്പിച്ചു. നെഞ്ചിൽ ഭാരമേറിയ കല്ലുകൾ കയററിവച്ചു. പാദങ്ങളിൽ കൂർത്തുമൂർത്ത ആണികൾ പതിച്ച ഇരുമ്പുചെരുപ്പ് അടിച്ചുകയററി. ഈർച്ചവാൾകൊണ്ടു ശരീരാവയവങ്ങൾ അറുത്തുമുറിച്ചു. ഗീവറുഗീസ് രക്തം വാർന്നു മയങ്ങി നിശ്ചേഷ്ടനായി. ആൾ മരിച്ചിരിക്കുമെന്നു കരുതി ഭടന്മാർ ആ ശരീരം കോട്ടയ്ക്കു വെളിയിലുള്ള വൻകിടങ്ങിലേക്ക് എറിഞ്ഞുകളഞ്ഞു.

പക്ഷേ എല്ലാവരെയും അത്ഭുതസ്തബ്ധരാക്കുമാറ് ഗീവറുഗീസ് വീണ്ടും ജീവിതത്തിലേക്ക് തിരിച്ചു വന്നു. മർദ്ദനമുറകളുടെ അപര്യാപ്തതയോ മർദ്ദകരുടെ കഴിവുകേടോ കൊണ്ടായിരിക്കും ഗീവറുഗീസ് രക്ഷപ്പെട്ടതെന്നു കരുതി ഡയോക്ലീഷ്യൻ കൂടുതൽ ക്രൂരമായ ദണ്ഡനമുറകൾ പ്രയോഗിച്ച് ഗീവറുഗീസിനെ ഇല്ലായ്മ ചെയ്യുവാൻ ആസുരമനസ്സുരായ ആരാച്ചാരന്മാരെ നിയോഗിച്ചു.

www.malankaralibrary.com

അവർ പഠിച്ചപണികളൊം മാറിമാറി നോക്കിയിട്ടും ആ ധർമ്മധീരന്റെ ജീവൻ വേർപെടുത്തുവാൻ കഴിഞ്ഞില്ല.

ഒടുവിൽ ഗീവറുഗീസിന്റെ പാവനാത്മാവ് സ്വർഗ്ഗത്തിലേയ്ക്കെടുക്കപ്പെടുവാൻ ദൈവം നിശ്ചയിച്ച സമയം വന്നു. പ്രാർത്ഥനാനിമഗ്നനായ ആ മരണാർത്ഥി കൊലയാളിയുടെ മുമ്പിൽ തലകുനിച്ചുകൊടുത്തു. അവർ അനായാസം ശിരച്ഛേദം ചെയ്ത് ആ ധന്യജീവിതത്തിന് അന്ത്യം കുറിച്ചു. ക്രി. വ. 303 ഏപ്രിൽ 23—ാം തീയതി ദുഃഖവെള്ളിയാഴ്ച ദിവസമായിരുന്നു ആ രക്തസാക്ഷിത്വം നടന്നതെന്നു പാരമ്പര്യമായി വിശ്വസിക്കപ്പെടുന്നു.

വി. ഗീവറുഗീസിന്റെ അനുസ്യൂതദീർഘമായ പീഡാസഹനവും അത്ഭുതകരമായ ചെറുത്തു നില്പും വീരോചിതമായ രക്തസാക്ഷിത്വവും ഡയോക്ളീഷ്യന്റെ പട്ടമഹിഷി അലക്സാണ്ട്രിയാരാജ്ഞി ഉൾപ്പെടെ അനേകരുടെ മാനസാന്തരത്തിനു കാരണമായി.

ആ സംഭവം ഡയോക്ലീഷ്യനെയും ചകിതചിത്തനാക്കി. ആ മർദ്ദകസാമ്രാട്ട് ഒന്നുരണ്ടു വർഷത്തിനുശേഷം സ്ഥാനത്യാഗം ചെയ്യുകയും സ്വദേശമായ സലോനായിൽവച്ച് ആത്മഹത്യയിലൂടെ ജീവിതം ഒടുക്കുകയുമാണുണ്ടായതത്രെ.

വി. ഗീവറുഗീസിന്റെ മൃതദേഹം അദ്ദേഹത്തിന്റെ വിശ്വസ്തശിഷ്യനും അനുയായിയുമായിരുന്ന പാഷിക്രാററസ് ലിഡായിൽ കൊണ്ടുപോയി യഥാവിധി സംസ്കരിച്ചു എന്നാണ് പാരമ്പര്യം.

www.malankaralibrary.com

# ആറ്

വിശുദ്ധനായ ഗീവറുഗീസിനെ മഹാരക്തസാക്ഷിയെന്നാണ് ഗ്രീക്കുകാർ അഭിസംബോധന ചെയ്തിരുന്നത്. ചിലർ അദ്ദേഹത്തെ പടയാളികളുടെ മധ്യസ്ഥനായും മാടമ്പി രക്തസാക്ഷിയായും പ്രകീർത്തിച്ചിരുന്നു.

മതമർദ്ദനകാലഘട്ടത്തിനുശേഷം റോമാസാമ്രാജ്യം ഭരിച്ച കോൺസ്റ്റന്റയിൻ ചക്രവർത്തി കോൺസ്റ്റാന്റിനോപ്പിളിൽ വി. ഗീവറുഗീസിന്റെ നാമത്തിൽ നാലു പള്ളികൾ സ്ഥാപിച്ചതായി പ്രസ്താവിക്കപ്പെടുന്നു. ഗലേഷ്യസ് ഒന്നാമൻ മാർപ്പാപ്പാ 494—ൽ വി. ഗീവറുഗീസിനു് പരസ്യവണക്കം അനുവദിച്ചതായി പറയപ്പെടുന്നു.

ഫ്രാൻസിലെ രാജാവായിരുന്ന ക്ലോവിസ്സിന്റെ പത്നി ക്ളോട്ടിൽഡാ വി. ഗീവറുഗീസിന്റെ നാമത്തിൽ ബലിപീഠങ്ങൾ സ്ഥാപിക്കുകയുണ്ടായെന്നും പറയുന്നുണ്ടു്.

ഇംഗ്ലണ്ടിലെ രാജാവായിരുന്ന റിച്ചാർഡ് ഒന്നാമന്റെ കാലത്തു നടന്ന മൂന്നാം കുരിശുയുദ്ധത്തിൽ, തന്റെയും സൈന്യത്തിന്റെയും സംരക്ഷകനായി വി. ഗീവറുഗീസിനെ അവർ സ്വയം വരിച്ചു. രണാങ്കണത്തിൽ വച്ചു് അശ്വാരൂഢനായ ഒരു യോദ്ധാവ്, വെള്ള വസ്ത്രം ധരിച്ച് കുരിശടയാളമുള്ള ചെമന്ന അരക്കെട്ടുമായി പ്രത്യക്ഷപ്പെട്ടു് അവരെ സഹായിക്കയുണ്ടായത്രെ. ഈ സംഭവത്തെ ആദരിച്ച് വി. ഗീവറുഗീസിനെ ഇംഗ്ലണ്ടിന്റെ മധ്യസ്ഥനായി ഇംഗ്ലീഷുകാർ സ്വീകരിച്ചു. 1223—ൽ ഓക്സ്ഫോർഡിൽ കൂടിയ ഇംഗ്ലീഷ് ദേശീയ കൗൺസിൽ വി. ഗീവറുഗീസിന്റെ തിരുനാൾ ദിനമായ ഏപ്രിൽ 23—ാം തീയതി ദേശീയദിനമായി ആചരിക്കുവാൻ ആഹ്വാനം ചെയ്തു. 1349—ൽ എഡ്വേർഡ് മൂന്നാമൻ രാജാവ് വി. ഗീവറുഗീസിനെ ഇംഗ്ലണ്ടിന്റെ ഔദ്യോഗിക സംരക്ഷകനാക്കി. വിശുദ്ധന്റെ ആകൃതി പതിച്ച സ്വർണ്ണനാണയങ്ങൾ നടപ്പാക്കുകയും ചെയ്തു. ഇംഗ്ലീഷുപതാകയിലും വി. ഗീവറുഗീസിന്റെ അടയാളമായ വെള്ളയിൽ ചെങ്കുരിശു സ്വീകരിക്കപ്പെട്ടു. 14—ാം ബനഡിക്റ്റ് മാർപ്പാപ്പായും വി. ഗീവറുഗീസിനെ ഇംഗ്ലണ്ടിന്റെ ആദ്ധ്യാത്മിക മധ്യസ്ഥനായി അവരോധിച്ചു, പക്ഷേ

www.malankaralibrary.com

പ്രോട്ടസ്റ്റൻറു പരിവത്തനത്തിൻെറ കാലത്തു് മററു വിശ്വാസവ്യതിയാനങ്ങളുടെ കൂട്ടത്തിൽ വി. ഗീവറുഗീസിനോടുള്ള ഇംഗ്ലണ്ടിൻെറ രാജകീയ വണക്കത്തിനും ഇളക്കം തട്ടിയെന്നു പറയേണ്ടതില്ലല്ലോ.

എങ്കിലും പാശ്ചാത്യ പൗരസ്ത്യ ഭേദമെന്യെ പല രാജ്യങ്ങളിലും അശ്വഭടന്മാരുടെയും കർഷകജനതയുടെയും സൈനികസ്സൗട്ടുകളുടെയും മററും മധ്യസ്ഥനായി വി. ഗീവറുഗീസ് പരക്കെ ആദരിക്കപ്പെട്ടുപോരുന്നു.

വി. ഗീവറുഗീസിനോടുള്ള ഭക്തിയിൽ വളരെ മുന്നിട്ടു നില്ക്കുന്ന നാടാണ് നമ്മുടെ കേരളം. ആണ്ടുതോറും വിശുദ്ധൻെറ തിരുനാൾ ആഘോഷിക്കാത്ത ദേവാലയങ്ങളോ തിരുനാൾ ദിവസം, വിശുദ്ധൻെറ പേരിൽ പ്രത്യേക കാണിക്ക അർപ്പിക്കാത്ത ക്രിസ്തീയഭവനങ്ങളോ കേരളത്തിൽ ചുരുക്കമായിരിക്കും. അനേക സഹസ്രം തീർത്ഥകരെ ആകർഷിക്കുന്ന, കേരളത്തിലെ പ്രമുഖ ദേവാലയങ്ങളായ ഇടത്വാ, ഇടപ്പള്ളി, അരുവിത്തുറ, അങ്കമാലി, കുമ്പളങ്ങി, പുതുപ്പള്ളി മുതലായ പള്ളികളിലെ പ്രധാന തിരുനാൾ വി. ഗീവറുഗീസിൻെറ തിരുനാളാണെന്നുള്ളതും സ്മരണീയമാണ്.

www.malankaralibrary.com

# ഏഴ്

പുരാതന യവനമാതാക്കൾ വീരേതിഹാസങ്ങൾ വിരചിച്ചിട്ടുള്ള മഹാരഥന്മാരുടെ അപദാനങ്ങൾ തങ്ങളുടെ മക്കൾക്കു വിവരിച്ചു കൊടുക്കുന്ന ഒരു പതിവുണ്ടായിരുന്നു. മുലപ്പാലോടുകൂടിത്തന്നെ അത്തരം വീരഗാഥകൾ കൂടി നുണഞ്ഞുകൊണ്ടാണ് അക്കാലത്തെ ഗ്രീക്കുശിശുക്കൾ വളർന്നിരുന്നത്. പ്രായപൂർത്തിയാകുമ്പോൾ സ്വരാജ്യസ്നേഹികളായ രണശൂരന്മാരും ധീരദേശാഭിമാനികളുമായിത്തീരുവാൻ ബാല്യകാലത്തു പറഞ്ഞുകേട്ടിരുന്ന ഈ കഥകൾ കുറച്ചൊന്നുമല്ല. അവരെ സഹായിച്ചിരുന്നത്.

'നമ്മുടെ ജീവിതവും ഉൽകൃഷ്ടതരമാക്കാമെന്ന് മഹാന്മാരുടെ ജീവിതങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു' എന്നുള്ള മഹാകവി ലോംഗ്ഫെലോയുടെ ഉദ്ബോധനം തികച്ചും സാർത്ഥകമാണ്. വിശുദ്ധനായ ഇഗ്നേഷ്യസ് ലയോളയുടെ ജീവിതം തന്നെ ഇതിനു മികച്ച ഉദാഹരണമായെടുക്കാം. പുണ്യചരിതരായ ഏതാനും മഹത്തുക്കളുടെ ജീവചരിത്രങ്ങൾ വായിച്ചതോടുകൂടി ആ യുവാവിന്റെ മനസ്സിന് അടിസ്ഥാനപരമായ ഒരു മാററം സംഭവിച്ചു. കേവലം ലൗകികലക്ഷ്യങ്ങൾക്കുവേണ്ടി ജീവിതം തുലച്ചുകളയുന്നതിനെക്കാൾ മഹത്തരവും അഭികാമ്യവുമായിട്ടുള്ളത് ദൈവത്തിനുവേണ്ടി അധർമ്മത്തോടു പടപൊരുതുന്നതും സഹജീവികളെ സേവിക്കുന്നതുമാണെന്ന് അദ്ദേഹം കണ്ടു. 'അവർക്കും ഇവർക്കുമൊക്കെ ദൈവത്തിന്റെ മുമ്പാകെ ഇത്രത്തോളം ഉയരാമെങ്കിൽ എനിക്കും എന്തുകൊണ്ട് അവരിൽ ഒരുവനെപ്പോലെ ആയിക്കൂടാ?' ഈ ചിന്ത ഒരു വെല്ലുവിളി പോലെ ഇഗ്നേഷ്യസ് ലയോളയുടെ അന്തരംഗത്തിൽ ഉയർന്നു. ആ ചിന്താതരംഗങ്ങൾ ആ വ്യക്തിയിൽ സമൂലമായ ചില രാസപരിണാമങ്ങൾ വരുത്തി. അങ്ങനെ ഇഗ്നേഷ്യസ് ലയോള എന്ന മഹാവിശുദ്ധൻ ഉദയം കൊള്ളുകയും ചെയ്തു. മഹാത്മാക്കളുടെ ജീവചരിത്രപഠനം എത്രമേൽ പ്രേരണാ സമർത്ഥമാണെന്ന് ഇതിൽ നിന്നു തെളിയുന്നുണ്ടല്ലോ.

മഹത്തായ ആദർശങ്ങളിലൂടെ ജീവിതത്തെ ഉദാത്തവല്ക്കരിച്ച ധന്യാത്മാക്കൾ, ലോകത്തിന് എന്നും വെളിച്ചം നൽകുന്ന നിത്യഭാസുരനക്ഷത്രങ്ങളാണ്; അജ്ഞാനാന്ധതയുടെ കൂരിരുട്ടിൽ തപ്പിത്തടയുന്നവർക്കു നേർവഴി കാട്ടുന്ന ദീപസ്തംഭങ്ങളാണ്. അതു തന്നെയാണ് മഹാത്മാക്കളുടെ ജീവചരിത്രപഠനത്തിന്റെ പ്രയോജനവും പ്രസക്തിയും.

www.malankaralibrary.com

വി. ഗീവറുഗീസിൻെറ ജീവിത കഥയിലൂടെ കടന്നുപോകുമ്പോഠം ആ മഹാജീവിതത്തിൻെറ ചില സവിശേഷതകഠം നമ്മെ അത്യന്തം ആകർഷിക്കുന്നു. സ്വന്തം കത്തവ്യം നിർവഹിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആത്മാത്ഥതയും നിഷ്ഠയും എടുത്തു പറയേണ്ടതാണ്. അതുപോലെതന്നെ ബദ്ധപ്രതിജ്ഞയായ ഔദ്യോഗിക കടമകഠംക്കു വിഘ്നംകൂടാതെ, ഒരു അൽമായപ്രേഷിതനെന്ന നിലയിൽ മതപരമായ തൻെറ ദൗത്യം നിറവേററുന്നതിൽ വിശുദ്ധൻ പ്രദർശിപ്പിച്ച തീക്ഷ്ണതയും അന്യാദശ്മായിരുന്നു. അശരണരും ദുഃഖിതരും ആപൽഗ്രസ്തരുമായ ആളുകളെ സഹായിക്കുന്നതിൽ ഏതു് അഗ്നിപരീക്ഷണത്തെ നേരിടുവാനും അദ്ദേഹം സന്നദ്ധനായിരുന്നു. തൻെറ ആത്യന്തികമായ വിശ്വാസവും ജീവിത പ്രമാണവും കാത്തുസൂക്ഷിക്കുന്നതിന്, വിലങ്ങുതടിയാണെന്നു കണ്ട മാത്രയിൽ ലൗകിക ദൃഷ്ട്യാ വിലോഭനീയമായ ഉദ്യോഗവും സ്ഥാനമാനങ്ങളും വലിച്ചെറിഞ്ഞ് മരണഭീകരമായ അപകടത്തിൻെറ നടുക്കടലിലേക്ക് എടുത്തു ചാടുവാൻ ആ ധർമ്മഭടൻ പ്രകടിപ്പിച്ച ധീരസാഹസികതയാണ് ഏററം ശ്ലാഘനീയം. വിശ്വസിച്ചാദരിക്കുന്ന ആദർശങ്ങളിൽ അടിപതറാതെ നില്ക്കുവാൻ ആ ധാർമ്മിക ധീരത നമുക്കും കരുത്തേകട്ടെ.

www.malankaralibrary.com

## ഒന്ന്

# വി. അന്തോനീസ്

1231 ജൂൺ 13—ാം തീയതി വെള്ളിയാഴ്ച. ഇററലിയിലെ പാദുവാക്കടുത്തുള്ള അർസെലായിലെ ക്ലാരമഠം വക അതിഥിമന്ദിരത്തിൽ കിടന്നു മുപ്പത്തേഴുകാരനായ ഒരു ഫ്രാൻസിസ്കൻ സന്യാസി മരണം പ്രാപിച്ചു. മൃതശരീരം പാദുവായിലെ സെൻറ് മേരീസ് ദേവാലയത്തിലാണു സംസ്കരിക്കേണ്ടതെന്ന് അവിടുത്തെ അന്തേവാസികൾ അവകാശമുന്നയിച്ചു. മരിച്ച സന്യാസി തങ്ങളുടെ ആശ്രമാംഗമായിരുന്നുവെന്നതാണ് അവരുന്നയിച്ച മുഖ്യമായ അവകാശവാദം. പക്ഷേ ക്ലാരമഠക്കാർ സമ്മതിച്ചില്ല. തങ്ങളുടെ വക സ്ഥലത്തു വച്ചു സമാധിയടഞ്ഞ സന്യാസിയുടെ മൃതദേഹം തങ്ങളുടെ കപ്പേളയിലാണ് അടക്കം ചെയ്യേണ്ടതെന്നായിരുന്നു അവരുടെ ന്യായവാദം. അർസെലായിലെയും കാപ്പൊഡ്ഡി പോണ്ടിലേയും ആബാലവൃദ്ധം ജനങ്ങളും അങ്ങനെതന്നെ ശഠിച്ചു. അവർ ശവമഞ്ചത്തിനു ചുററും അഞ്ജലീബദ്ധരായി പ്രാർത്ഥനാപൂർവ്വം നിലയായി.

പാദുവാക്കാരു പിന്നോക്കം മാറുവാൻ ഒട്ടും കൂട്ടാക്കിയില്ല. ബലപ്രയോഗം കൊണ്ടു കാര്യം നേടാൻ പററില്ലെന്നു കണ്ടപ്പോൾ അവർ മെത്രാൻ കച്ചേരിയിലും ഗവർണറുടെ കോടതിയിലും പരാതി ബോധിപ്പിച്ചു. അവരുടെ അനുകൂലമായ തീർപ്പുണ്ടായിട്ടും നാട്ടുകാർ വിട്ടുകൊടുത്തില്ല. ഇരുഭാഗത്തും കൂടുതൽ കൂടുതൽ ആളുകൾ അണിനിരന്നു. ആൾത്തിരക്കും ബഹളവും വർദ്ധിച്ചു. മൃതശരീരം ഒരു നോക്കു കാണുവാനും പാദാന്തികത്തിലെങ്കിലും ഒന്നു സ്പർശിക്കുവാനും ജനം തിങ്ങിക്കൂടി. അങ്ങനെ ദിവസം നാലു കടന്നു പോയി.

ഒടുവിൽ അധികാരത്തിൻെറ ഉരുക്കുമുഷ്ടി പ്രയോഗിച്ചു തന്നെ മൃതദേഹം നീക്കം ചെയ്യാൻ നടപടി ആരംഭിച്ചു. ഗവർണർ, മെത്രാൻ, നഗരാധിപൻ, കൗൺസിൽ അംഗങ്ങൾ, പൗരപ്രമുഖന്മാർ

www.malankaralibrary.com

തുടങ്ങിയവർ കത്തിച്ച മെഴുകുതിരികളുമായി മൃതദേഹത്തെ അകമ്പടി സേവിച്ചു. നഗരസഭാംഗങ്ങളും ഉദ്യോഗസ്ഥമുഖ്യരും പൗരപ്രമാണിമാരുമായിരുന്ന ശവമഞ്ചവാഹകർ, നഗരങ്ങളും ഗ്രാമങ്ങളും ഒന്നടങ്കം ഈ വിലാപയാത്രയിൽ ഭക്തിപൂർവം പങ്കെടുത്തു. ജൂൺ 17-ാം തീയതി ചൊവ്വാഴ്ച പാദുവായിലെ സെൻറ് മേരീസ് ആശ്രമോപാന്തത്തിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു. പ്രാർത്ഥനാപൂർവം ആ ശവമഞ്ചത്തിൽ തൊട്ടവർക്കെല്ലാം അപ്പോഴം തന്നെ ഉദ്ദിഷ്ട ഫലസിദ്ധിയുണ്ടായി. അചിരേണ ആ ശവകുടീരം ശരണാർത്ഥികളായ അനേകരെ ആകർഷിക്കുന്ന ഒരു തീർത്ഥകേന്ദ്രമായി പരിണമിക്കുകയും ചെയ്തു.

'അവിശ്വാസികളുടെ ചുററിക' 'ഉടമ്പടിയുടെ പേടകം' 'ഫ്രാൻസീസ് അസ്സീസ്സിയുടെ സീമന്തപുത്രൻ' 'അത്ഭുതപ്രവർത്തകനായ പുണ്യവാൻ' എന്നീ അപരനാമങ്ങളിൽ ദിഗന്തവിശ്രാന്തകീർത്തിമാനായി, വ്യഥിതജനബാന്ധവനായി, സർവജന സന്തർപ്പകനായി, ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്ന പാദുവായിലെ വിശുദ്ധ അന്തോനീസിൻെറ പൂജ്യദേഹ സംസ്കാരത്തെച്ചൊല്ലിയുള്ള ആരോഗ്യകരമായ മാത്സര്യബുദ്ധി പ്രകടമാക്കുന്ന അവകാശത്തർക്ക വിതർക്കങ്ങളാണ് ഇതിനുപരി പരാമർശിച്ചത്.

www.malankaralibrary.com

# രണ്ട്

1195 ആഗസ്റ്റ് 15—ാം തീയതി, പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾ ദിനത്തിൽ പോർട്ടുഗൽ രാജ്യത്തിന്റെ തലസ്ഥാനമായ ലിസ്ബൺ നഗരത്തിൽ അന്തോനീസ് ജനിച്ചു. അന്തോനീസിന്റെ പിതാവായ മാർട്ടിൻ ദെ ബോയിലൺ പ്രശസ്ത സൈനികപാരമ്പര്യമുള്ള ഒരു കുടുംബത്തിലെ അവരജാംഗവും പരമ്പരയാ രാജകീയ മാടമ്പിയുമായിരുന്നു. മാതാവായ ത്രേസ്യാ തവേരായും തത്തുല്യമായ കുലമഹിമയും രാജകീയ പ്രതാപവും അവകാശപ്പെടാവുന്ന ഒരു സമ്പന്ന കുടുംബത്തിലെ സന്താനമായിരുന്നു. ലൗകികസൗഭാഗ്യങ്ങൾ കനിഞ്ഞനുഗ്രഹിച്ചിരുന്നെങ്കിലും അവയിലൊന്നും ഏറെ മനവും മിഴിയും ചായ്ക്കാതെ ദൈവിക ചിന്തയോടും മാനുഷിക സൽഭാവത്തോടുംകൂടി മാതൃകാ ദമ്പതികളായി ജീവിക്കുവാനാണ് അവരിരുവരും യത്നിച്ചുപോന്നത്.

ബോയിലൺ ദമ്പതികളുടെ ആദ്യത്തെ കൺമണിയായിരുന്ന അന്തോനീസിന് ജ്ഞാനസ്നാനത്തിൽ നൽകപ്പെട്ട പേര് ഫെർണാൻഡോ എന്നായിരുന്നു.

പരിശുദ്ധ കന്യകാമാതാവിനോടു പ്രത്യേക ഭക്തി പുലർത്തുവാൻ ശൈശവം മുതലേ അമ്മ കൊച്ചുഫെർണാൻഡോയെ പ്രേരിപ്പിച്ചു. ഉണ്ണിയെ മുലയൂട്ടുമ്പോൾ പോലും മനോഹരമായ മരിയസ്തവങ്ങളാണ് തവേരാമ്മ ആലപിച്ചിരുന്നത്. ദിവസത്തിൽ പല വട്ടം മേരീനാമം ഉരുവിട്ടു ചൊല്ലിക്കുമായിരുന്നു. പരിശുദ്ധ കന്യകാമാതാവിലൂടെ, സ്വർഗ്ഗീയ കുമാരനായ യേശുവിന്റെ ഉദാര ചേതോഹരമായ സുവിശേഷ ചരിതത്തിലേക്കു സ്വപുത്രനെ നയിക്കുവാനും തവേരാമ്മ ശ്രദ്ധിച്ചു. അങ്ങനെ കളിത്തൊട്ടിൽ മുതലേ വിശുദ്ധിയുടെ ആവരണത്തിനുള്ളിൽ സുകൃതജീവിതത്തിന്റെ സൗരഭ്യം ശ്വസിച്ചു വളരുവാൻ കൊച്ചു ഫെർണാൻഡോയ്ക്കു് അവസരം ലഭിച്ചു.

'ഓ ലോകമേ, നിനക്കു വാസ്തവത്തിൽ എന്തു വിലയുണ്ട്! നിന്റെ ശക്തി വെറും ഞാങ്ങണയ്ക്കു സമമല്ലേയുള്ളു! നിന്റെ സമ്പത്തോ, വെറും പുകയും. നിന്റെ സന്തോഷമോ, പുണ്യത്തിന്റെ

www.malankaralibrary.com

കപ്പൽ ചെന്നടിച്ചുടയാനുള്ള ഒരു ചതിയൻ പാറക്കെട്ടുതന്നെ.' എന്നിങ്ങനെ മായികപ്രപഞ്ചത്തിന്റെ നൈമിഷികാനുഭൂതികളെ തീരഞ്ഞും പുച്ഛിച്ചുതള്ളുവാനും കൊച്ചു ഫെർണാൻഡോയ്ക്കു കഴിഞ്ഞിരുന്നു.

ലിസ്ബണിലെ ഒരു അഗസ്റ്റീനിയൻ വിദ്യാലയത്തിലാണ് ഫെർണാൻഡോ പഠിക്കാൻ ചേർന്നത്. രണ്ടു വർഷത്തെ അഭ്യസനത്തെ തുടർന്നു ഫെർണാൻഡോ അഗസ്റ്റീനിയൻ സഭക്കാരുടെ വക സെൻറ് വിൻസൻറ് ആശ്രമത്തിൽ അംഗമായി. അചിരേണ വൈദികപഠനം പൂർത്തിയാക്കി അഗസ്റ്റീനിയൻ വൈദിക സന്യാസിമാരുടെ ധവളവസ്ത്രം സ്വീകരിക്കുകയും ചെയ്തു.

കുറേ നാളുകൾക്കുശേഷം, ലിസ്ബൺ നഗരപ്രാന്തത്തിലെ ആശ്രമത്തിൽ നിന്ന്, പഠനത്തിനും ധ്യാനത്തിനും അജ്ഞാതജീവിതത്തിനും കൂടുതൽ സൗകര്യപ്രദമായ കൊയിമ്പ്രായിലെ സാന്താക്രൂസ് ആശ്രമത്തിലേക്ക് ഫാദർ ഫെർണാൻഡോ സ്ഥലം മാറി. 'പരിശുദ്ധമായ സ്ഥലത്തു ജീവിച്ചതുകൊണ്ടായില്ല; അവിടെ പരിശുദ്ധമായിത്തന്നെ ജീവിക്കണ'മെന്നുള്ള ഉറച്ച അഭിപ്രായക്കാരനായിരുന്നു ഫെർണാൻഡോ. പുതിയ ആശ്രമത്തിൽ അതിനു സാഹചര്യം ഒത്തുകിട്ടിയതിൽ അദ്ദേഹം ചാരിതാർത്ഥ്യം പൂണ്ടു.

ദൈവശാസ്ത്രം, ചരിത്രം, തത്ത്വശാസ്ത്രം, ബൈബിൾവിജ്ഞാനീയം തുടങ്ങിയ വിഷയങ്ങളിൽ ആഴമായ അറിവു നേടുന്നതിനും അവിടെ സൗകര്യം ലഭിച്ചു. ഏതു വിഷയവും പെട്ടെന്നു ഗ്രഹിക്കുവാനും ഗ്രഹിച്ചവ, എന്നെന്നും സ്മരണയിൽ നിലനിറുത്തുവാനും അത്ഭുതാവഹമായ കഴിവുണ്ടായിരുന്നതുകൊണ്ട് ആ യുവപഠിതാവിന് വിദ്വത്ത്വത്തിന്റെ ഉന്നതശ്രേണികളിൽ എത്തിച്ചേരുവാൻ നിഷ്പ്രയാസം സാധിച്ചു.

www.malankaralibrary.com

# മൂന്ന്

ആശ്രമത്തിന്റെ സ്വീകരണമുറിയിൽ അതിഥികളെ സ്വീകരിച്ചുപചരിക്കുന്ന ജോലിയാണ് ഫെർണാൻഡോയ്ക്ക കിട്ടിയതു്. ഈ ജോലിയിലിരിക്കെ, ആയിടെ സ്ഥാപിതമായ ഫ്രാൻസീസ് അസ്സീസ്സിയുടെ സഭയിൽപ്പെട്ട ഏതാനും ധർമ്മഭിക്ഷുക്കളെമായി പരിചയപ്പെടുവാൻ അദ്ദേഹത്തിന് അവസരമുണ്ടായി. അവരുടെ ദാരിദ്ര്യവ്രതവും ജീവിതലാളിത്യവും ആത്മാർത്ഥതയും പ്രേഷിത തീക്ഷ്ണതയും ഫെർണാൻഡോയെ സവിശേഷം ആകർഷിച്ചു. മൊറോക്കോയിൽ കുരിശുയുദ്ധരംഗത്തു് ക്രൈസ്തവ സാക്ഷീകരണത്തിന്റെ പേരിൽ രക്തസാക്ഷിത്വം വരിച്ച അഞ്ചു ഫ്രാൻസിസ്കൻ ധർമ്മ ഭടന്മാരുടെ ധീരോജ്ജ്വലമായ ആത്മത്യാഗം അദ്ദേഹത്തെ അത്യധികം പ്രചോദിപ്പിച്ചു.

തനിക്കും ഒരു എളിയ ഫ്രാൻസിസ്കൻ ധർമഭിക്ഷുവാകണം. കുരിശുയുദ്ധജേതാവായി ക്രിസ്തുവിനെപ്രതി രക്തം ചിന്തി വേദസാക്ഷിത്വം വരിക്കണം. ഇതായിരുന്നു ഫെർണാൻഡോയുടെ ഉള്ളിൽ അലയടിച്ചുകൊണ്ടിരുന്ന ഏകാഭിലാഷം.

'സത്യവിശ്വാസത്തിനുവേണ്ടി കഠിന പീഡകൾ സഹിക്കുന്നതിനും മുട്ടിന്മേൽ നിന്നു യേശുനാമം ഉരുവിട്ടുകൊണ്ടു് കൊലയാളിക്കു കഴുത്തു നീട്ടിക്കൊടുക്കുന്നതിനുമുള്ള ദിവ്യാനുഗ്രഹം എനിക്കു സിദ്ധിച്ചിരുന്നുവെങ്കിൽ ഹാ, ഞാൻ എത്ര ഭാഗ്യവാൻ!' രക്തസാക്ഷിത്വവാഞ്ഛയിൽ ത്രസിച്ചുകൊണ്ടിരുന്ന ഫെർണാൻഡോയുടെ ഹൃദയം ആത്മഗതം ചെയ്തു.

ഒരിക്കൽ ഭിക്ഷാന്നം തേടി സാന്താക്രൂസ് ആശ്രമത്തിന്റെ സന്ദർശകമുറിയിലെത്തിയ ഏതാനും ഫ്രാൻസിസ്കൻ ധർമഭിക്ഷുക്കളോടു് ഫെർണാൻഡോ പറഞ്ഞു: 'പ്രിയപ്പെട്ട സഹോദരന്മാരേ, നിങ്ങളുടെ സഭയുടെ വിശുദ്ധ വസ്ത്രം ധരിക്കുവാൻ ഞാൻ സർവാത്മനാ ആഗ്രഹിക്കുന്നു. നിങ്ങളുടെ വിശുദ്ധന്മാരായ രക്തസാക്ഷികൾക്കു സിദ്ധിച്ച മഹത്വത്തിൽ എനിക്കും പങ്കുകാരനാകണം,'

www.malankaralibrary.com

ഫെർണാൻഡോവിന്റെ അഭീഷ്ടം നിറവേററാമെന്ന് ആ ദാരിദ്ര്യോപാസകർ സമ്മതിച്ചു. താമസിയാതെ, മേലധികാരിയുടെ അനുമതിയോടെ ഫെർണാൻഡോ അഗസ്റ്റീനിയൻ ശ്വേതാംബരത്തിനു പകരം നിതാന്തനിസ്വതയുടെ പ്രതീകമായ ഫ്രാൻസിസ്കൻ പരുക്കൻ തവിട്ടുവസ്ത്രം അണിഞ്ഞു. സഭാപരിവർത്തനത്തിന്റെയും ജീവിതപരിവർത്തനത്തിന്റെയും സൂചകമായി അന്തോനീസ് എന്ന പുതിയ നാമധേയവും സ്വീകരിച്ചു.

തങ്ങളുടെ പ്രിയങ്കരനായ സഹോദരനെ വിട്ടുപിരിയുന്നതിൽ അഗസ്റ്റീനിയൻ സന്യാസിമാർക്ക് അടക്കവെയ്യാത്ത ദുഃഖമുണ്ടായിരുന്നു. എങ്കിലും അവർ അദ്ദേഹത്തിനു ഭാവുകമാശംസിച്ചു. 'നീ തീർച്ചയായും ഒരു പുണ്യവാനായിത്തീരും' എന്ന് ഒരു സഹോദരന്റെ നർമമധുരമായ ആശംസയ്ക്ക് അന്തോനീസ് അതേ നാണയത്തിൽ തന്നെ ഇങ്ങനെ മറുപടി നൽകി. 'ഞാൻ ഒരു പുണ്യവാനായി എന്നു കേൾക്കുമ്പോൾ സഹോദരൻ ദൈവത്തെ സ്തുതിക്കുക.'

www.malankaralibrary.com

# നാല്

രക്തസാക്ഷിത്വമകുടം ചൂടണമെന്നുള്ള അത്യാകാംക്ഷയോടെ 1220–ൽ അന്തോനീസ് മൊറോക്കോയിലേക്കു കപ്പൽ കയറി. പക്ഷേ 'അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ' എന്ന ചൊല്ല് എത്ര സാർത്ഥകം!

മൊറോക്കോയിൽ കാലു കുത്തിയ പാടേ അന്തോനീസിനു ഗുരുതരമായ ജ്വരം പിടിപെട്ടു. രണ്ടു മാസത്തോളം അടകിടപ്പായി പ്പോയി. താൻ ദാഹിച്ചുമോഹിച്ചുപോയ കാര്യത്തിനുവേണ്ടി ചുണ്ടു നക്കുവാൻ പോലും അന്തോനീസിനു കഴിഞ്ഞില്ല. കഷ്ടിച്ച് എഴു ന്നേല്ക്കാറായപ്പോഗം മടങ്ങിപ്പോരാൻ നിർബന്ധിതനായി.

പോർട്ടുഗലിലേക്കായിട്ടായിരുന്നു അന്തോനീസിൻെറ മടക്ക യാത്ര ഉദ്ദേശിക്കപ്പെട്ടിരുന്നതെങ്കിലും കപ്പൽ ഒരു കൊടുങ്കാററിൽ പെട്ടു ഗതിമാറി സിസിലിയുടെ തീരത്താണു ചെന്നടുത്തതു്. ചോ ദിച്ചും കേട്ടും അദ്ദേഹം മെസീനായിലെ ഫ്രാൻസിസ്കൻ ആശ്ര മത്തിൽ ചെന്നുപററി. രണ്ടു മാസത്തോളം അവിടെ തങ്ങി. പി ന്നീട്, ഫ്രാൻസിസ്കൻ പൊതുസമ്മേളനത്തിൽ സംബന്ധിക്കാ നായി ഫിലിപ്പിനോ എന്ന സഹോദരനോടൊന്നിച്ച് അസ്സീസ്സി യിലെ പൊർസ്യൻകുലായിലേക്കു പോയി.

1221 മെയ് 30–ാം തീയതി പൊർസ്യൻകുലായിൽ സെൻറുമേരീസ് ദേവാലയ പ്രാന്തത്തിലുള്ള വിശാല വിജനസ്ഥല ത്തായിരുന്നു സമ്മേളനം. മൂവായിരത്തിൽപരം ഫ്രാൻസിസ്കൻ സന്യാസിമാർ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. സഭാസ്ഥാ പകനായ ഫ്രാൻസീസ് രോഗാതുരനായിരുന്നെങ്കിലും സമ്മേളന ത്തിൽ സന്നിഹിതനായിരുന്നു. എങ്കിലും ബ്രദർ ഏലിയാസ് ആ യിരുന്നു സമ്മേളനത്തിൻെറ പ്രധാനവക്താവും നിയന്താവും. ഏഴു ദിവസം നീണ്ടുനിന്ന സമ്മേളനത്തിൻെറ അന്ത്യത്തിൽ ജർമ്മനി യിൽ പ്രേഷിതപ്രവർത്തനത്തിന് ഏതാനും സന്യാസിമാരെ തെര ഞ്ഞെടുത്തു. മററുള്ളവരും ഓരോരോ ദൗത്യനിർവഹണത്തിനു നിയു ക്തരായി.

www.malankaralibrary.com

അന്തോനീസ് മാത്രം ഒററപ്പെട്ട നിലയിലായി. മുഖപരിചയമില്ലാത്ത ആ യുവസന്യാസിയെ ആരും ഗൗനിച്ചതേയില്ല. അങ്ങനെ നില്ക്കുമ്പോഠം, അതിലെ കടന്നുപോയ ഒരു ഫ്രാൻസിസ്ക്കൻ വൈദികനെ നോക്കി അദ്ദേഹം അഭിവാദ്യം ചെയ്തു. പുഞ്ചിരിച്ചുകൊണ്ടു് ആ അപരിചിതൻ പ്രത്യഭിവാദനം നൽകി.

'ഞാനും അങ്ങയുടെ കൂടെ വരുന്നു' അന്തോനീസ് അറിയിച്ചു. സസന്തോഷം അദ്ദേഹം അന്തോനീസിനെ സ്വാഗതം ചെയ്തു. ബൊളോണാ സ്വദേശിയായ ഗ്രസ്യാൻ എന്ന വൈദികോത്തംസമായിരുന്നു അന്തോനീസുമായി ബന്ധപ്പെട്ട വ്യക്തി. റൊമാനാ പ്രവിശ്യയിലെ പ്രൊവിൻഷ്യലായിരുന്ന അദ്ദേഹത്തോടൊപ്പം അന്തോനീസും ബൊളോണായിലേക്കു പോയി.

ബൊളോണായിൽ അപ്പിനയിൻ പർവതചരിവിൽ ഫോർലി എന്ന സ്ഥലത്തിനു സമീപം മോണ്ടിപാവ്ലൊ എന്ന വനപ്രദേശത്തു് ഒരു ചെറിയ ഫ്രാൻസിസ്ക്കൻ ആശ്രമമുണ്ടായിരുന്നു. ഏകാന്തതപോവൃത്തിക്കും ഈശ്വരോന്മുഖമായ പ്രകൃത്യുപാസനയ്ക്കും പററിയ ആ ആശ്രമത്തിൽ അന്തോനീസ് സ്വമനസാ താമസമാക്കി. ആശ്രമത്തിനടുത്തായി ഒരു ഗുഹാഗൃഹവും ഉണ്ടായിരുന്നു. പകൽ മുഴുവൻ അന്തോനീസ് ആ പർണ്ണശാലയിൽ, ദാരിദ്ര്യാരൂപിയിലും പ്രാർത്ഥനാപരതയിലും ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള പ്രണിധാനത്തിലും കഴിച്ചുകൂട്ടി. ആശ്രമാധിപസ്ഥാനംകൂടി ഉണ്ടായിരുന്നതുകൊണ്ടു് കുറേസമയം ആശ്രമത്തിലും കഴിച്ചുകൂട്ടേണ്ടിയിരുന്നു. കർബാന അർപ്പണത്തിനും ഉപദേശനിർദേശങ്ങഠംക്കും പുറമേ, അടുക്കളജോലിയിലും ഭക്ഷണമേശ വൃത്തിയാക്കുന്നതിലും തറ തുടച്ചു വെടിപ്പാക്കുന്നതിലുമൊക്കെ അദ്ദേഹം ഏർപ്പെട്ടിരുന്നു. അല്ലാത്ത സമയമത്രയും വാനപ്രസ്ഥനെപ്പോലെ ഗുഹാഗൃഹത്തിലും.

www.malankaralibrary.com

# അഞ്ച്

1222 മാർച്ച 19–ാം തീയതി ഫോർലിയിൽ ഒരു പൗരോഹിത്യാഭിഷേകാഘോഷം. ഫ്രാൻസിസ്കൻസഭയിലും ഡൊമിനിക്കൻ സഭയിലും പെട്ട ഒട്ടേറെ ശെമ്മാശന്മാർ വൈദികപട്ടം സ്വീകരിക്കുന്ന സന്തോഷാവസരം. അഭിഷേകകർമ്മത്തിൽ പങ്കെടുക്കാൻ പ്രൊവിൻഷ്യലിനോടൊപ്പം അന്തോനീസും പോയിരുന്നു. തദവസരത്തിൽ ഒരു പ്രസംഗം ചെയ്യണമെന്ന് മുഖ്യകാർമ്മികനായിരുന്ന മെത്രാൻ ഫാദർ ഗ്രസ്യാനോട്ട് ആവശ്യപ്പെട്ടു. അദ്ദേഹം ആ ബഹുമതി ഡൊമിനിക്കൻ വൈദികരെ ഏല്പിക്കാൻ നോക്കി. പക്ഷേ അവരൊക്കെ ഒഴിഞ്ഞുമാറിയതേയുള്ളു.

ഒടുവിൽ ആ വിഷമസന്ധി പരിഹരിക്കാൻ പ്രൊവിൻഷ്യൽ കണ്ടെത്തിയത് മോണ്ടിപാവ്ലൊയിലെ വാനപ്രസ്ഥനെ ആയിരുന്നു.

അനുസരണത്തിന്റെ ചൈതന്യത്തിൽ അന്തോനീസ് ആ ചുമതല ഏറ്റെടുത്തു.

'ക്രിസ്തു മരണത്തോളം കീഴ്വഴങ്ങി. കുരിശുമരണത്തോളം തന്നെ അനുസരണയുള്ളവനായിരുന്നു.' എന്നുള്ള സുവിശേഷവാക്യം ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പ്രസംഗം ആരംഭിച്ചു. പൗരോഹിത്യ ശുശ്രൂഷയുടെ മാഹാത്മ്യത്തെയും തത്തുല്യമായ ബാധ്യതകളെയും പ്രസംഗകൻ വിശദമായി പ്രതിപാദിച്ചു. വേദപുസ്തകത്തിൽ നിന്നുള്ള ഉദ്ധരണികളും ആശയങ്ങളും ആസ്പദമാക്കിയായിരുന്നു പ്രസംഗം.

ശ്രോതാക്കളെല്ലാം അത്ഭുതസ്തബ്ധരായി. അഭിനന്ദനത്തിന്റെ ഹർഷാരവം എമ്പാടും മുഴങ്ങി. പ്രൊവിൻഷ്യലച്ചൻ ആനന്ദാശ്രുക്കൾ പൊഴിച്ചു. ഇതുപോലൊരു പ്രസംഗം അതിനു മുമ്പ് അവിടെയാരും കേട്ടിരുന്നില്ല. അത്രയ്ക്ക് ആശയപുഷ്ടി, ശബ്ദസൗകുമാര്യം, ഭാവഗാംഭീര്യം, ഹൃദയാവർജ്ജകത്വം, ആത്മപ്രബോധകത്വം. എല്ലാം ഒത്തിണങ്ങിയ വാഗ്മിത്വവിലാസം.

www.malankaralibrary.com

വിലപ്പെട്ട ഒരു നിധിയാണ് തൻെറ അധീനതയിൽ വന്നു ചേർന്നിരിക്കുന്നത് എന്നു ഫാദർ ഗ്രസ്യാൻ മനസ്സിലാക്കി. ഒട്ടും വൈകാതെ ആ അജ്ഞാതരത്നത്തെ ഗുഹാഗൃഹത്തിൽനിന്നു പുറത്തെടുത്തു് അദ്ദേഹം ജനമദ്ധ്യത്തിൽ പ്രതിഷ്ഠിച്ചു. അന്തോനീസ് അനുഗൃഹീതനായ ഒരു സുവിശേഷപ്രഭാഷകനായി പ്രസംഗ പീഠങ്ങളിൽ പ്രത്യക്ഷീഭവിക്കാനും തുടങ്ങി.

പ്രൊവിൻഷ്യൽ ഗ്രസ്യാൻ വഴി അന്തോനീസിൻെറ പാണ്ഡിത്യത്തെയും വാഗ്മിത്വത്തെയും ജീവിതലാളിത്യത്തെയും ആദർശശുദ്ധിയേയുംപററി ഗ്രഹിച്ച ഫ്രാൻസിസ് അസ്സീസി 'അങ്ങനെ നമുക്കൊരു മെത്രാനുമായി' എന്നു സന്തുഷ്ടി പ്രകടിപ്പിച്ചു. വിനാ വിളംബം ഫ്രാൻസിസ്സൻ സഭാപിതാവ് അന്തോനീസിനു് ഇങ്ങനെയൊരു കത്തെഴുതുകയും ചെയ്തു:

'പ്രിയപ്പെട്ട സഹോദരൻ അന്തോനീസിനു് സഹോദരൻ ഫ്രാൻസിസ് ദൈവനാമത്തിൽ വന്ദനം പറയുന്നു. അങ്ങു നമ്മുടെ സഹോദരന്മാരെ പഠിപ്പിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതനിയമങ്ങൾ അനുശാസിക്കുന്ന തപോനിഷ്ഠയ്ക്കും പ്രാർത്ഥനാനുധ്യാനങ്ങൾക്കും ഭംഗം വരാതിരിക്കത്തക്കവണ്ണമായിരിക്കണം ആ കൃത്യം നിർവ്വഹിക്കേണ്ടതു്. ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ.'

പിന്നീടു നാം അന്തോനീസിനെ കാണുന്നതു് ബൊളോണായിലെ ദൈവശാസ്ത്രാദ്ധ്യാപകനായിട്ടാണ്. ദൈവം, പ്രകൃതി, ജീവിതസത്യങ്ങൾ, ഫ്രാൻസിസ്സൻ ആദ്ധ്യാത്മികത, വിശുദ്ധിയുടെ വൈശിഷ്ട്യം, സുവിശേഷ സന്ദേശങ്ങൾ മുതലായ വിഷയങ്ങൾ ലളിതമായും യുക്തിയുക്തമായും ആത്മസാക്ഷികമായും ആകർഷണശക്തമായും അന്തോനീസ് എന്ന അദ്ധ്യാപകൻ സന്യാസവിദ്യാർത്ഥികൾക്കു വിശദീകരിച്ചുകൊടുത്തു. 'അറിയുക, സ്നേഹിക്കുക' എന്നതായിരുന്നു അദ്ദേഹത്തിൻെറ അദ്ധ്യാപനത്തിൻെറ മൗലികമുദ്രയും സാരസർവസ്വവും. കൂടുതലായി സ്നേഹിക്കണമെങ്കിൽ കൂടുതലായി അറിയണമെന്നു് അദ്ദേഹം സമർത്ഥിച്ചു. യഥാർത്ഥജ്ഞാനത്തിൻെറയും സ്നേഹത്തിൻെറയും പരിപൂർണ്ണതയാകണം സന്യാസം. വിശ്വാസവും പ്രാർത്ഥനയും ആത്മസമർപ്പണവുംവഴി മനുഷ്യാത്മാവ് ആദ്ധ്യാത്മികാനുഭൂതിയുടെ പടികൾ കയറണം: അന്തോനീസ് പഠിതാക്കളെ ഉപദേശിച്ചു.

www.malankaralibrary.com

# ആറ്

അക്കാലത്തു ഫ്രാൻസിലും സമീപപ്രദേശങ്ങളിലും ആൽബിജെൻസിയനിസം എന്നൊരു മതവിരുദ്ധപ്രസ്ഥാനം ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. ധാർമ്മികമൂല്യങ്ങളെയും സദാചാരനിയമങ്ങളെയും ഏകപത്നീവ്രതത്തെയും, എന്നുവേണ്ട, മതം പരിശുദ്ധമെന്നു കരുതുന്ന എല്ലാ അനുഷ്ഠാനവിധികളെയും പല്ലും നഖവും ഉപയോഗിച്ച് എതിർക്കുന്ന ഒരു ധാർമ്മികാരാജകത്വപ്രസ്ഥാനമായിരുന്നു അതു്.

ഫ്രാൻസിസ്കൻ സഭാപിതാവ് ഫ്രാൻസിനെ ഗ്രസിച്ചു കൊണ്ടിരുന്ന ഈ മാരകവിപത്തിനെക്കുറിച്ച് ഉൽക്കണ്ഠിതനായി. പക്ഷേ അനാരോഗ്യം മൂലം ഫ്രാൻസീസ് അസ്സീസ്സിക്കു അവിടെ ച്ചെന്നു നേരിട്ട് അതിനെതിരെ എന്തെങ്കിലും പ്രവർത്തിക്കാൻ വിവ്വാഹമില്ലാതെവന്നു. പകരം ബൊളോണായിലെ വേദാദ്ധ്യാപകനെയാണ് ആ പുണ്യാത്മാവ് മതനിഷേധികളും അധർമ്മചാരികളുമായ ആ ജനങ്ങൾക്കിടയിലേക്കു നിയോഗിച്ചതു്.

അന്തോനീസ് തന്നിൽ അർപ്പിതമായ ദൗത്യം തികഞ്ഞ തീക്ഷ്ണതയോടും ആത്മാർത്ഥതയോടും ഊർജ്ജസ്വലതയോടും കൂടി നിർവഹിച്ചു. അദ്ദേഹത്തിന്റെ ആകാരസൗകുമാര്യവും ആത്മീയതേജസ്സും ഹൃദയങ്ങളിൽ ആഞ്ഞുപതിക്കുന്ന വചന സുധാധാരയും എതിരാളികളുടെ നാവടസ്സുന്ന ഉക്തിയുക്തികളും അമ്പരപ്പിക്കുന്ന അറിവിന്റെ ആഴവും അത്ഭുതഫലമുളവാക്കിയെന്നു നിസ്സംശയം പറയാം.

ഒരു പ്രേഷിതനെന്നനിലയിൽ എങ്ങനെ പ്രവർത്തിക്കണമെന്നുള്ളതിനെക്കുറിച്ച് അന്തോനീസിനു വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഒന്നാമതു് താൻ പ്രബോധിപ്പിക്കുവാൻ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന സുവിശേഷസന്ദേശങ്ങൾക്ക് അനുരൂപമായി ഉൽകൃഷ്ടമായ ഒരു ജീവിതമാതൃകയായിരിക്കണം അയാൾ പിൻതുടരേണ്ടതു്. പരിശുദ്ധകാര്യങ്ങളെപ്പററി മാത്രമായിരിക്കണം അയാളുടെ സംഭാഷണം. ആത്മാക്കളുടെ വിമോചനം മാത്രമായിരിക്കണം അയാളുടെ പ്രവർത്തനങ്ങളുടെ ഏകലക്ഷ്യം. താണടിഞ്ഞു കിടക്കുന്നവരെ അയാൾ പിടിച്ചുയർത്തണം. കരയുന്നവരെ ആശ്വസിപ്പിക്കണം. വർഷമേഘങ്ങൾ മാരി ചൊരിയുമ്പോലെ അയാൾ ദൈവാനുഗ്രഹത്തിന്റെ സ്രോതസ് ഭൂമിയിൽ വർഷിക്കണം. അതീവ

www.malankaralibrary.com

വിനയത്തോടും നിസ്വാർത്ഥനിഷ്പക്ഷതയോടുമായിരിക്കണം അയാളുടെ വ്യാപാരങ്ങൾ. പ്രാർത്ഥനയിലായിരിക്കണം അയാൾ ഏററവുമധികം ആനന്ദം കണ്ടെത്തേണ്ടതു്. സന്തോഷത്തിലും സന്താപത്തിലും മനുഷ്യപുത്രന്റെ പീഡാനുഭവസ്മരണകളായിരിക്കണം അയാളുടെ നിരന്തര ചിന്താവിഷയം. അയാൾ ഇപ്രകാരം വർത്തിക്കുകയാണെങ്കിൽ, സമാധാനത്തിന്റെയും ജീവന്റെയും അനുഗ്രഹത്തിന്റെയും സത്യത്തിന്റെയും വചനമായ ദൈവവചനം അയാളുടെ മേൽ നിവേശിക്കും. അതിന്റെ പ്രോജ്ജ്വലപ്രഭയിൽ അയാൾ പ്രദീപ്തനാവുകയും ചെയ്യും.

ഈ ഗുണങ്ങളെല്ലാം അന്തോനീസ് എന്ന പ്രേഷിതനിൽ അതിന്റെ പൂർണ്ണതയിൽ തെളിഞ്ഞുവിളങ്ങിയിരുന്നു. അദ്ദേഹത്തെപ്പോലെ പണ്ഡിതനും പക്വമതിയും ആത്മീയപ്രബുദ്ധനും അത്ഭുതപ്രവർത്തകനും അനുഗൃഹീത വാഗീശനുമായ ഒരു പ്രേഷിതപ്രഭാഷകൻ അക്കാലത്തുണ്ടായിരുന്നില്ല.

'ഇതാ, ബുദ്ധിമാനായ ഒരു പുണ്യവാൻ.' അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാൻ തടിച്ചുകൂടിയിരുന്ന പതിനായിരക്കണക്കിനാളുകൾ പ്രസംഗം കേട്ടശേഷം ഇങ്ങനെ പറയുമായിരുന്നു. 'ദൈവത്തിന്റെ പ്രതിപുരുഷൻ' എന്നാണ് മററു ചിലർ വിശേഷിപ്പിച്ചതു്.

'ഇതിനു മുമ്പ് ബൈബിൾ സന്ദേശങ്ങൾ ഇത്ര തന്മയത്വത്തോടെ മററാരും ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിട്ടില്ലല്ലോ' എന്നായിരുന്നു വേറെ ചിലരുടെ പ്രതികരണം.

അന്തോനീസിന്റെ പ്രസംഗമുണ്ടെന്നു കേട്ടാൽ ആളുകൾ നാനാദിക്കുകളിൽനിന്നു മലവെള്ളംപോലെ അങ്ങോട്ടു പ്രവഹിക്കുകയായി. കടകമ്പോളങ്ങൾ അടയ്ക്കും, കോടതികൾ നിർത്തിവയ്ക്കും. ഇങ്ങനെ ഒഴുകിക്കൂടുന്ന പുരുഷാരം ദേവാലയങ്ങളിൽ ഒതുങ്ങാതെ വന്നിരിക്കുന്നതുകൊണ്ട്, അന്തോനീസിന്റെ പ്രസംഗയോഗങ്ങൾ മിക്കവാറും വെളിപ്രദേശങ്ങളിലാണ് നടത്തിയിരുന്നതു്. ഇത്ര വലിയ ആൾക്കൂട്ടത്തിലും നിതാന്തനിശ്ശബ്ദത പാലിക്കപ്പെട്ടിരുന്നുവെന്നുള്ളതാണ് വിസ്മയനീയമായ വസ്തുത.

അന്തോനീസിന്റെ പ്രസംഗം ജനഹൃദയങ്ങളെ ഇളക്കിമറിച്ചു. അനേകർ മാനസാന്തരപ്പെട്ടു. ഒട്ടേറെപ്പേർ അധാർമ്മികജീവിതം വിട്ടകന്നു. വളരെപ്പേർ വരേണ്യ ജീവിതം വരിച്ചു. എല്ലാവരും ആ പ്രസംഗധോരണിയിൽ ആമഗ്നരായി. അതിന്റെ ആശയധാര ഉൾക്കൊള്ളുകയും ചെയ്തു.

www.malankaralibrary.com

ഫ്രാൻസിലെ മൗണ്ടുപെല്ലിയർ ഫ്രാൻസിസ്കൻ ആശ്രമത്തിൽ താമസിച്ചുകൊണ്ട് അവിടെയുള്ള സന്യാസാർത്ഥികളെ ദൈവശാസ്ത്രം പഠിപ്പിക്കുന്ന ചുമതലയും അന്തോനീസിനുണ്ടായിരുന്നു. ഇതിനിടയ്ക്കു കിട്ടിയ വിശ്രമസമയം ഉപയോഗിച്ച് 'സങ്കീർത്തനങ്ങളുടെ ഭാഷ്യം' എന്നൊരു മഹാഗ്രന്ഥവും അദ്ദേഹം രചിക്കുകയുണ്ടായി. ബൈബിളിനെ ആധാരമാക്കി രചിക്കപ്പെട്ട, ആത്മീയവിചിന്തനങ്ങളുടെ ഒരക്ഷയനിധിതന്നെയാണിതു്.

ഈ പുസ്തകത്തെപ്പററി രസകരമായ ഒരു സംഭവം പറയാനുണ്ട്. മൗണ്ടുപെല്ലിയർ ആശ്രമത്തിലുണ്ടായിരുന്ന ഒരന്തേവാസി സന്യാസജീവിതം ഉപേക്ഷിച്ചു പോകാനിടയായി. കെട്ടും കിടയുമായി, സ്ഥലം വിട്ട കൂട്ടത്തിൽ ഈ പുസ്തകത്തിന്റെ കയ്യെഴുത്തു പ്രതിയും അയാറം തട്ടിയെടുത്തുകളഞ്ഞു. അതിന്റെ കർത്തൃത്വം തനിക്കാണെന്നു വരുത്തിത്തീർത്താൽ അതുവഴി പേരും പെരുമയും നേടിയെടുക്കാമെന്നായിരുന്നു ആ വികലമാനസന്റെ വ്യർത്ഥവ്യാമോഹം. ഈ വിവരമൊന്നും അറിയാതെ, കാണാതെപോയ ഗ്രന്ഥം കണ്ടുകിട്ടുവാൻവേണ്ടി അന്തോനീസ് പ്രാർത്ഥനയെ മാത്രം ആശ്രയിച്ചു.

അദ്ദേഹത്തിന്റെ നാതിദീർഘമായ പ്രാർത്ഥന അവസാനിക്കും മുമ്പ്, മോഷ്ടിക്കപ്പെട്ട ഗ്രന്ഥവുമായി, ആശ്രമം വിട്ടുപോയ സന്യാസാർത്ഥി അതാ മുമ്പിൽ! വഴിമധ്യേ, ഏതോ ഒരജ്ഞാതശക്തി പുസ്തകം തിരിച്ചുകൊടുക്കുവാൻ അയാളുടെ മേൽ കടുത്ത നിർബന്ധം ചെലുത്തുകയുണ്ടായത്രേ. ഏതായാലും അന്തോനീസ്, ആശ്രമത്തിൽ പ്രവേശിപ്പിക്കണമെന്നുള്ള അയാളുടെ അഭ്യർത്ഥന സ്വീകരിക്കുകയും ചെയ്തു.

കാണാതെ പോയ വസ്തുക്കറം കണ്ടുകിട്ടുന്നതിന് വി. അന്തോനീസിന്റെ മാധ്യസ്ഥം അപേക്ഷിക്കാൻ വിശ്വാസികളെ പ്രേരിപ്പിച്ചതു് ഈ സംഭവമായിരിക്കണം.

അന്തോനീസ് തന്റെ പ്രസംഗങ്ങളിലൂടെ പാഷണ്ഡവാദഗതികളെ സയുക്തികം ഖണ്ഡിക്കുകയും ക്രിസ്തുവിന്റെ ദൈവികത്വത്തെ തെളിയിക്കുകയും ചെയ്തു. അതോടെ അബദ്ധവിശ്വാസത്തിന്റെ പുകപടലത്തിനുള്ളിൽ പെട്ടുപോയ പലരുടെയും കണ്ണു തെളിഞ്ഞു. പഴയ വിശ്വാസത്തെ പുനരാശ്ലേഷിക്കുകയും ചെയ്തു.

www.malankaralibrary.com

# ഏഴ്

ദൈവത്തിൽ നിന്നു ലഭിച്ച പ്രകൃത്യതീതമായ ശക്തികൊണ്ടു് അന്തോനീസു് നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചതായി ദൃക്സാക്ഷികൾ വിശ്വസനീയമായി രേഖപ്പെടുത്തിയിട്ടുണ്ടു്. ദൈവികശക്തിയുടെ അവ്യാഖ്യേയമായ അതിപ്രസരം കൊണ്ടു സംഭവിക്കുന്ന ആ പ്രതിഭാസങ്ങളെ കേവലയുക്‌തിയുടെയോ ഭൗതികശാസ്ത്ര നിഗമനങ്ങളുടെയോ മാനദണ്ഡങ്ങൾകൊണ്ടു് അളന്നുകുറിക്കാൻ സാധിച്ചെന്നുവരില്ല. എങ്കിലും ദൈവത്തിന്റെ അപരിമേയശക്‌തിയിൽ വിശ്വസിക്കുന്നവർക്കു് അതു് അസംഭാവ്യമായും തോന്നാനിടയില്ല. നിരന്തരമായ സാധനകൊണ്ടും ദൈവികോപാസനകൊണ്ടും മനുഷ്യൻ കൂടുതൽ ദൈവോന്മുഖനായിത്തീരുമ്പോൾ മനുഷ്യനിൽ ദൈവികശക്‌തി സന്നിവേശിക്കുകയും അലൗകികമായ പല സിദ്ധികൾക്കും അതു് ഹേതുഭൂതമായിത്തീരുകയും ചെയ്യുമെന്നുള്ളതു് ശാസ്ത്രീയമായി തെളിക്കപ്പെട്ടിട്ടുള്ളതാണു്. അന്തോനീസിനെപ്പോലുള്ള ദൈവികമനുഷ്യർക്കു സിദ്ധിച്ചിരുന്ന അത്ഭുതപ്രവർത്തന സിദ്ധികളുടെ അടിസ്ഥാനം ആ ശക്‌തിവിശേഷമായിരിക്കും എന്നു വിശ്വസിക്കുന്നതിൽ യുക്‌തി ഭംഗമുണ്ടെന്നു തോന്നുന്നില്ല.

അന്തോനീസു് പ്രവർത്തിച്ചിട്ടുള്ള നിരവധി അത്ഭുതങ്ങളിൽ ചിലതുമാത്രമേ ഇവിടെ രേഖപ്പെടുത്തുതാൻ ഉദ്ദേശിക്കുന്നുള്ളു.

ഒരു ദിവസം അദ്ദേഹം പ്രസംഗിച്ചുകൊണ്ടു് നില്ക്കുമ്പോൾ ഒരു യുവാവിന്റെ മൃതശരീരം കുറെപേർ ചേർന്നു് അവിടെ കൊണ്ടുവന്നു. ഒരു പാവപ്പെട്ട കുടുംബത്തിന്റെ ഏകാവലംബമായിരുന്നു ആ യുവാവു്. ആശ്രയമററ ആ കുടുംബാംഗങ്ങളും ജീവച്ഛവങ്ങളായി ആ ശവമഞ്ചത്തെ പിന്തുടരുന്നുണ്ടായിരുന്നു.

ഈ ദാരുണ രംഗം കണ്ടു്, അന്തോനീസു് ആ ശവമഞ്ചത്തെ തൊട്ടുകൊണ്ടു്, വിശ്വാസവും പ്രതീക്ഷയും ഓളം വെട്ടുന്ന സ്വരത്തിൽ ഇങ്ങനെ വിളിച്ചു പറഞ്ഞു: 'യുവാവേ, എഴുന്നേല്ക്കുക, ക്രിസ്തുവിന്റെ നാമത്തിൽ നിന്നോടു ഞാൻ പറയുന്നു'.

പൊടുന്നനെ ആ ശവമഞ്ചത്തിൽ മരിച്ചു മരവിച്ചു കിടന്ന യുവാവു് ചാടിയെഴുന്നേററു.

www.malankaralibrary.com

അന്തോനീസിന്റെ അന്നത്തെ പ്രസംഗത്തിനു്, ഈ അത്ഭുത കൃത്യം എത്രമേൽ ഫലമണച്ചിരിക്കും എന്നു പറയേണ്ടതില്ലല്ലോ.

1225—ലെ ഉയിർപ്പുതിരുനാരം. അന്തോനീസ് മൗണ്ടു പെല്ലിയറിലെ ഭദ്രാസനപ്പള്ളിപ്പരിസരത്തു് വമ്പിച്ച ജനാവലിയോടു് ഗംഭീരപ്രസംഗം നടത്തുകയായിരുന്നു. ഇടയ്ക്കു് ഏതാനും നിമിഷത്തേക്കു് അദ്ദേഹം നിശ്ചല ധ്യാനനിരതനായി നിശ്ശബ്ദം നില കൊള്ളുന്നതുപോലെ സദസ്യർക്കു് തോന്നി. യഥാർത്ഥത്തിൽ അതേ സമയം തന്നെ അദ്ദേഹത്തിന്റെ സാന്നിധ്യം ആശ്രമംവക പ്രാർത്ഥനാലയത്തിൽ നടന്നുകൊണ്ടിരുന്ന ദിവ്യബലിയിലും അനുഭവപ്പെടുകയുണ്ടായി. ഒരേ സമയത്തു് ഒരേ വ്യക്തി രണ്ടു സ്ഥലത്തു് പ്രത്യക്ഷപ്പെടുന്നതു് അലൗകികമായ ഒരു പ്രതിഭാസം തന്നെയല്ലേ?

മൗണ്ടുപെല്ലിയറിലെ ആശ്രമത്തിനടുത്തു് തവളകരം കൂത്താടുന്ന ഒരു കുളമുണ്ടായിരുന്നു. അവററയുടെ കൂട്ടക്കരച്ചിൽ ആശ്രമവാസികളുടെ സമൂഹപ്രാർത്ഥനയ്ക്കു വലിയ ശല്യമായി. ഇതു് മൂത്തുവന്നപ്പോരം അന്തോനീസ് ഒരു ദിവസം കുളക്കരയിൽച്ചെന്നു് സന്യാസികളുടെ പ്രാർത്ഥനാസമയത്തു് മിണ്ടടക്കം പാലിക്കണമെന്നു് അവയോടു് ആജ്ഞാപിച്ചു. മുമ്പൊരിക്കൽ ഫ്രാൻസീസ് അസ്സീസ്സിയെ വെനീസിലെ പക്ഷികരം അനുസരിച്ചതുപോലെ ആ തവളകരം അന്തോനീസിനെയും അനുസരിച്ചു.

വിശുദ്ധകുർബാനയിൽ ക്രിസ്തുവിന്റെ സാന്നിധ്യത്തെപ്പററി സംശയാലുവായ ഗില്ലാർഡ് എന്നൊരാളെ ഒരു അത്ഭുതം വഴി വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുവാൻ അന്തോനീസിനു സാധിച്ചു. വിശന്നു വലഞ്ഞിരുന്ന ഒരു കഴുത വിശുദ്ധ കുർബാനയുടെ സന്നിധിയിലേക്കു് ആനയിക്കപ്പെട്ടു. തൊട്ടടുത്തു് ഹിതകരമായ ഭോജ്യവസ്തുക്കരം നിരത്തിയിരുന്നിട്ടും അന്തോനീസ് ആജ്ഞാപിച്ച പ്രകാരം വിശേഷബുദ്ധിയില്ലാത്ത ആ മൃഗം വിശുദ്ധകുർബാന സമക്ഷം മുട്ടു മടക്കി കുറേനേരം നിന്നു. അന്തോനീസ് അനുവദിച്ച ശേഷം മാത്രമേ കഴുത തീററിയിലേക്കു തിരിഞ്ഞുള്ളൂ. ഈ അത്ഭുതംമൂലം മാനസാന്തരപ്പെട്ട ഗില്ലാർഡ് കഴുത മുട്ടുകുത്തിയ സ്ഥാനത്തു് ഉത്തുംഗ ഗംഭീരമായ ഒരു ദേവാലയം നിർമ്മിച്ചു് ആ അത്ഭുതത്തിനു് ഒരു ശാശ്വത സ്മാരകമാക്കി.

ലിമോഗായിൽ അന്തോനീസ് പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോരം ശക്തിയായ മഴ വന്നു. ജനങ്ങളെല്ലാം നനഞ്ഞു കുഴയുമെന്നു പേടിച്ചു. അന്തോനീസ് കൈ ഒന്നു പൊക്കിയതേയുള്ളൂ. മഴ തൽക്ഷണം നിലച്ചു. മുഴവനായിട്ടല്ല, പ്രസംഗസ്ഥലത്തു ജനങ്ങരം കൂടിയിരുന്നിടത്തു മാത്രം ഒരു തുള്ളി വെള്ളം വീണില്ല. ചുററും തകർത്തടിച്ചു പെയ്യുന്നുണ്ടായിരുന്നു താനും.

www.malankaralibrary.com

കുമ്പസാരസമയത്തു മറവികൊണ്ടു പാപങ്ങൾ വിട്ടുപോകാതിരിക്കാൻവേണ്ടി, ചെയ്ത പാപങ്ങളെല്ലാം കടലാസിൽ കുറിച്ചുകൊണ്ട് ഒരു അനുതാപി അന്തോനീസിൻെറ പക്കൽ കുമ്പസാരിക്കാൻ ചെന്നു. പാപങ്ങൾ ഓരോന്നും ഏററു പറഞ്ഞ മുറയ്ക്ക് കടലാസിൽനിന്ന് അതു മാഞ്ഞു മാഞ്ഞു പോകുന്നതായി അയാൾ കണ്ട് ആശ്ചര്യപ്പെട്ടു.

അന്തോനീസിൻെറ പ്രസംഗം കേൾക്കാൻ പോകാനുള്ള തിടുക്കത്തിൽ ഒരു തള്ള ഓർക്കാപ്പുറത്തു ചുട്ടുതിളച്ച വെള്ളം ഒഴിച്ചു കുഞ്ഞിനെ കുളിപ്പിക്കാൻ തുടങ്ങി. വെള്ളത്തിൽ നിന്ന് ആവി പറക്കുന്നതു കണ്ടപ്പോഴാണ് ആ സ്ത്രീക്ക് അബദ്ധമൊക്കെ പിണഞ്ഞ കാര്യം മനസ്സിലായത്. കുഞ്ഞിൻെറ പിഞ്ചുമേനി പൊള്ളിക്കഴന്നു പോയിരിക്കുമെന്ന് അവൾ വേവലാതിപ്പെട്ടു. പെട്ടെന്ന് അന്തോനീസിനെ മനസ്സിൽ ഓർത്തുകൊണ്ട് അവൾ കുഞ്ഞിനെ തൊട്ടു. ഭാഗ്യത്തിന് കുഞ്ഞിന് ഒട്ടും പൊള്ളലേററതായി കണ്ടില്ല.

ഇററലിയിലെ റെമിനി എന്ന സ്ഥലത്തു വച്ചും അന്തോനീസ് അത്ഭുതം പ്രവത്തിച്ചു. അവിടത്തെ മതവിരുദ്ധരായ ജനസമൂഹം അദ്ദേഹത്തിൻെറ പ്രഭാഷണം ശ്രവിക്കുവാൻ ആദ്യമാദ്യം തീരെ താല്പര്യം കാട്ടിയില്ല. ഈ പരിതഃസ്ഥിതിയിൽ അദ്ദേഹം അവർ കാൺകെ കടലോരത്തു ചെന്നു കടലിലെ മത്സ്യങ്ങളെ സംബോധന ചെയ്തുകൊണ്ടു പ്രസംഗിച്ചു. അന്തോനീസിൻെറ ശബ്ദം കേട്ടമാത്രയിൽ മത്സ്യങ്ങളായ മത്സ്യങ്ങളെല്ലാം ജലോപരി നിരന്ന് നിശ്ചലം നിലകൊണ്ടു.

ഈ കാഴ്ച കണ്ട് ജനങ്ങൾ ആശ്ചര്യഭരിതരായി. ഈ വിവരം കേട്ടറിഞ്ഞ്, നേരത്തെ പ്രസംഗം കേൾക്കാൻ മടിച്ചിരുന്ന ജനങ്ങൾ പോലും അന്തോനീസിൻെറ ചുററും ഓടിക്കൂടി.

ഫ്രാൻസീസ് അസ്സീസ്സി പറവകളോടു പ്രസംഗിച്ചതു പോലെ അന്തോനീസ് മത്സ്യങ്ങളോടു പ്രസംഗിച്ചതും ഗുരുശിഷ്യബന്ധത്തെ ബലപ്പെടുത്തുന്ന മററൊരു കണ്ണിയായി കണക്കാക്കാം.

ഫെറാറയിൽ വച്ചു നടത്തിയ മററൊരത്ഭുതവും ശ്രദ്ധേയമാണ്. അവിടെ സ്വന്തം ഭാര്യയുടെ പാതിവ്രത്യത്തിൽ ശങ്കാകുലനായ ഒരു മനുഷ്യൻ അവളെയും കുഞ്ഞിനെയും വളരെ പീഡിപ്പിച്ചു. സാധുവായ ആ സ്ത്രീ അന്തോനീസിൻെറ സഹായം അഭ്യർത്ഥിച്ചു. ഭത്താവിൻെറ തെററിദ്ധാരണ നീക്കാൻ സാധാരണ ഉപദേശങ്ങളൊന്നും വിലപ്പോവുകയില്ലെന്നു കണ്ടപ്പോൾ അന്തോനീസ് അസാധാ

www.malankaralibrary.com

രണമായ ഒരു വിദ്യ പ്രയോഗിച്ചു. 'വാക്കുകൾ കൂട്ടിച്ചൊല്ലാൻ' പോലും പ്രായം തികയാതിരുന്ന ആ കുഞ്ഞിനെ കയ്യിലെടുത്ത്, പുൽക്കൂട്ടിൽ പിറന്ന പൊന്നുണ്ണിയുടെ നാമത്തിൽ അവൻെറ സാക്ഷാൽ പിതാവാരാണെന്നു പറയണമെന്ന് ആവശ്യപ്പെട്ടു. ഇതു കേട്ട ഉടനെ സ്വന്തം പിതാവിനെക്കാണിച്ചുകൊണ്ട് 'ഇതാണ് എൻെറ അപ്പൻ' എന്ന് ആ ശിശു കൊഞ്ചിപ്പറഞ്ഞു. ജനിച്ചിട്ട് അധികനാൾ കഴിയാത്ത ആ കുഞ്ഞിൻെറ പിഞ്ചിളം ചുണ്ടിൽനിന്നു തിർന്ന വാക്കുകൾ എല്ലാ തെററിദ്ധാരണയും പാടേ വിപാടനം ചെയ്തു എന്നു പറയേണ്ടതില്ലല്ലോ.

ഫ്ളോറൻസിൽവച്ചും വളരെ സാർത്ഥകമായ ഒരത്ഭുത കൃത്യം അന്തോനീസ് നിർവഹിച്ചു. കൊള്ളപ്പലിശക്കാരനും ധനദുർമോഹിയുമായ ഒരു മനുഷ്യൻെറ ശവസംസ്ക്കാരച്ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. 'നിൻെറ നിധി എവിടെയോ അവിടെ ആയിരിക്കും നിൻെറ ഹൃദയവും'. എന്ന സുവിശേഷ സൂക്തം ഉദ്ധരിച്ചുകൊണ്ടായിരുന്നു പ്രസംഗം. പണക്കാരൻെറ ഹൃദയം പണപ്പെട്ടിയിലായിരിക്കുമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ഇതിൻെറ വാസ്തവികത പരിശോധിച്ചറിയാൻ അടുത്ത ബന്ധുക്കളിൽ ചിലർ മരിച്ചയാളിൻെറ പണപ്പെട്ടി തുറന്നുനോക്കി. അത്ഭുതമേ! അന്തോനീസ് പറഞ്ഞതുപോലെ അതിനുള്ളിൽ നാണയത്തുട്ടുകൾക്കു മീതെ ഒരു ഹൃദയം ഇരുന്നു തുടിക്കുന്നു.

ഒരിക്കൽ ഒരു ചെറുപ്പക്കാരൻ അന്തോനീസിൻെറ പക്കൽ പാപനിവേദനം നടത്തി. പെററതള്ളയെ ചവിട്ടുകയും തൊഴിക്കുകയും ചെയ്തിട്ടുണ്ടെന്ന് അവൻ വെളിപ്പെടുത്തി. അവൻ ചെയ്ത പാപത്തിൻെറ ഗുരുത്വം അവനെ ബോധ്യപ്പെടുത്താനായി അന്തോനീസ് അവനോടു പറഞ്ഞു. 'അമ്മയെ ചവിട്ടിയ പാദം മുറിച്ചുകളയേണ്ടതാണ്'.

വീട്ടിൽ മടങ്ങിയെത്തിയ ഉടനെ അയാൾ എന്തു ചെയ്തെന്നോ? തേച്ചുമൂർച്ച വരുത്തിയ ഒരു കോടാലികൊണ്ട് അമ്മയെ ചവിട്ടിയ പാദം വെട്ടിമുറിച്ചൊരേറ്!

ഈ അവിവേകം കാണിച്ചതെന്തിനാണെന്നു പലരും അയാളോടു ചോദിച്ചു. 'അന്തോനീസച്ചൻ പറഞ്ഞു. ഞാൻ ചെയ്തു' എന്നു മാത്രമായിരുന്നു അയാളുടെ പ്രത്യുത്തരം.

മകനെക്കൊണ്ട് ഈ സാഹസം ചെയ്യിച്ചതിനു സമാധാനം ചോദിക്കാനായി അമ്മ തന്നെ ആശ്രമത്തിലേക്കു പാഞ്ഞു. ആ തള്ളയുടെ ശകാരവും പരിദേവനവും ക്ഷമാപൂർവം കേട്ടശേഷം അന്തോനീസ് ആ സ്ത്രീയോടൊപ്പം അവരുടെ വീട്ടിലേക്കു നടന്നു.

www.malankaralibrary.com

രക്തം ഒലിപ്പിച്ചുകൊണ്ടു കിടക്കുകയായിരുന്നു ആ സ്ത്രീയുടെ മകൻ. അന്തോനീസ്, വെട്ടിമുറിച്ചിട്ടിരുന്ന കാലിന്റെ പാദം എടുത്തു മുറിപ്പാടിൽ ചേർത്തു വച്ചിട്ട് കുരിശടയാളം വരച്ചതേയുള്ളു. എല്ലുകളും മുറികൂടി. മാംസം കൂട്ടിപ്പിടിച്ചു. തൊലി ഒന്നായി. എല്ലാം പഴയ പടിയായി. അമ്മയും മകനും ദൈവത്തിനു നന്ദി പറഞ്ഞു. അന്തോനീസിനെ പഴി ചാരിയതിനു മാപ്പു ചോദിക്കുകയും ചെയ്തു.

പന്ത്രണ്ടു പേരടങ്ങിയ ഒരു കൊള്ളസംഘത്തിന്റെ തലവൻ അന്തോനീസിന്റെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടു. ദുഷ്ടജീവിതം ഉപേക്ഷിച്ച് പന്ത്രണ്ടു പ്രാവശ്യം റോമിലേക്കു തീർത്ഥാടനം നടത്തിയ ഒരു ചരിത്രസംഭവം ജീൻ എന്നൊരു ഫ്രാൻസിസ്കൻ വൈദികൻ രേഖപ്പെടുത്തിയിട്ടുണ്ട്.

കന്യകാമാതാവിന്റെ സശരീരമായ സ്വർഗ്ഗാരോഹണത്തെക്കുറിച്ച് വിശ്വസനീയമായ ഒരു ദർശനവും അന്തോനീസിനു ലഭിക്കുകയുണ്ടായതായി പറയപ്പെടുന്നു. ദിവ്യമാതാവു ദർശനമരുളിയപോലെ തന്നെ ചാററന്നാവിൽവച്ച് ഉണ്ണിയേശുവിന്റെ പരമാനന്ദപ്രദമായ ഒരു ദർശനാനുഭൂതിയും അന്തോനീസിനു ലഭിക്കുകയുണ്ടായി.

ചാററാന്നാവിലെ പ്രഭുവിന്റെ വസതിയിൽ അന്തികഴിച്ച ദിവസം അന്തോനീസ് നിദ്രാരഹിതനായി ധ്യാനനിമഗ്നനായിരിക്കെ, ബത്ലഹേമിലെ ഉണ്ണിയേശുവിന്റെ രൂപത്തിൽ കർത്താവ് അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ആ മുറിയിൽനിന്ന് നാലുപാടും പ്രസരിച്ച പ്രകാശധാരകണ്ടു വീട്ടുടമസ്ഥൻ അമ്പരന്നു. കാര്യം അറിയാനുള്ള അത്യാകാംക്ഷയോടെ അദ്ദേഹം മുറിയിലേക്കു പാളിനോക്കി. കോമളാകാരനായ ഒരു ശിശുവിനെ സ്വകരങ്ങളിൽ വഹിച്ചുകൊണ്ട് പരമാനന്ദനിർവൃതിയിൽ നിലീനനായി നില്ക്കുന്ന അന്തോനീസിനെയാണ് പ്രഭു അവിടെ കണ്ടതു്. പ്രഭു കുത്തിക്കുഴിച്ചു ചോദിച്ചതുകൊണ്ട് തനിക്കുണ്ടായ ദർശനത്തിന്റെ സാമാന്യരൂപം അന്തോനീസ് അദ്ദേഹത്തെ ധരിപ്പിച്ചു. പക്ഷേ ഈ രഹസ്യം തന്റെ മരണം വരെ പരമരഹസ്യമായി സൂക്ഷിക്കണമെന്നും അദ്ദേഹം നിഷ്കർഷിച്ചിരുന്നു. ആ വ്യവസ്ഥയനുസരിച്ച് അന്തോനീസിന്റെ മരണശേഷം മാത്രമേ ചാററന്നാ പ്രഭു ആ ദർശനരഹസ്യം പരസ്യമാക്കിയുള്ളു.

ഉണ്ണിയേശുവിനെ കരങ്ങളിൽ വഹിച്ചുകൊണ്ടു നിൽക്കുന്ന രീതിയിൽ അന്തോനീസിന്റെ ചിത്രങ്ങളും പ്രതിമകളും ആവിഷ്കരിച്ചിരിക്കുന്നതിന്റെ അടിസ്ഥാനം ചാററന്നാവിലെ ഈ ദർശനമാണ്.

www.malankaralibrary.com

# എട്ട്

1225—ൽ അന്തോനീസ് മൗണ്ടു പെല്ലിയറിൽനിന്നു തുളുസി ലേ്യക്കു സ്ഥലം മാറി. മൂന്നുമാസം മാത്രമേ അദ്ദേഹം അവിടെ തങ്ങിയുള്ളു. ഇക്കാലത്തിനിടയ്ക്കും പാഷണ്ഡതയെ തച്ചുടയ്ക്കുന്ന ഒരു ചുററികയായിത്തന്നെ അദ്ദേഹം പ്രവർത്തിച്ചു. ഇവിടെവച്ചായിരുന്നു കന്യകാമാതാവ് അന്തോനീസിനു ദർശനമരുളിയത്. 1225 ആഗസ്റ്റു 14—ാം തീയതി ആയിരുന്നു ആ സംഭവം. അന്തോനീസിനെ വാത്സല്യപൂർവം മാടിവിളിച്ചുകൊണ്ട് ദിവ്യമാതാവ് ഇങ്ങനെ മൊഴിഞ്ഞു:

'മനുഷ്യാവതാരം ചെയ്ത തിരുവചനത്തിന്റെ സജീവ പേടകമായിരുന്ന എന്റെ ഈ ശരീരം കുഴിമാടത്തിലിരുന്ന് അഴുകിയിട്ടില്ലെന്നുള്ളതു നിസ്സന്ദേഹമാണ്. എന്റെ മരണശേഷം മൂന്നാം ദിവസം മാലാഖമാരുടെ ചിറകുകളിന്മേൽ ദൈവപുത്രന്റെ വലതുഭാഗത്തേക്ക് ഞാൻ സംവഹിക്കപ്പെട്ടു. ഞാൻ അവിടെ രാജ്ഞിയായി വാഴുകയാണ്''.

മാതാവിന്റെ ശരീര സംയുക്തമായ സ്വർഗാരോഹണത്തിന് ഇതിനേക്കാൾ വലിയ തെളിവ് ആവശ്യമില്ലല്ലോ. അങ്ങനെ വി. ഫ്രാൻസീസ് മാതാവിന്റെ അമലോത്ഭവത്തിന്റെ അപ്പസ്തോലനായതുപോലെ വി. അന്തോനീസ് ആ അമ്മയുടെ 'സ്വർഗാരോഹണത്തിന്റെയും സജീവസാക്ഷിയായി.

1225 സെപ്ററംബറിൽ അന്തോനീസ് പയ്യൻ വാലേ ആശ്രമത്തിന്റെ അധിപനായി. അന്ന് അദ്ദേഹത്തിന് മുപ്പതു വയസ്സേ പ്രായമായിരുന്നുള്ളു. പ്രായത്തിൽ എളപ്പമായിരുന്നെങ്കിലും മററു കഴിവുകൾ പരിഗണിച്ചായിരുന്നു ഈ നിയമനം. 'നിന്റെ ജീവിതം മററു സഹോദരന്മാർക്കെല്ലാം സന്മാതൃകയുടെ ഒരു ദർപ്പണമായിരിക്കണം' എന്നുള്ള ഫ്രാൻസിസ്കൻ സൂക്തിയുടെ സമ്പൂർണ്ണ സാക്ഷാൽക്കാരമായിരുന്നു അന്തോനീസിന്റെ അവിടത്തെ ജീവിതം.

പാഷണ്ഡവാദിയും ദുർമാർഗിയുമായിരുന്ന ഒരു മനുഷ്യൻ മാനസാന്തരപ്പെട്ടു വേദസാക്ഷിത്വം വരിക്കുമെന്ന് അന്തോനീസ് ആയിടെ ഒരു പ്രവചനം നടത്തി. പിൽക്കാലത്ത് അത് അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു.

www.malankaralibrary.com

അന്തോനീസിൻെറ ധീരതയേയും നിഷ്പക്ഷതയേയും വിളംബരം ചെയ്യുന്ന ഒരു സംഭവവും ഇവിടെവച്ചുണ്ടായി. പയ്യൻ വാലേയിൽ ചെന്നു രണ്ടു മാസത്തോളം കഴിഞ്ഞപ്പോഠം ബോർഗസിൽവച്ച് ഒരുവൈദികമഹായോഗം നടന്നു. കർദ്ദിനാഠം, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ, ആശ്രമാധിപന്മാരടക്കം അധികാര ശ്രേണിയിൽപ്പെട്ടവരായിരുന്നു യോഗത്തിൽ സംബന്ധിച്ചിരുന്നത്. ആ വിദ്വൽസഭയിൽ മുഖ്യപ്രസംഗം നടത്തുവാൻ ക്ഷണിക്കപ്പെട്ടതു് അന്തോനീസ് ആയിരുന്നു. ധീരവും സത്യസന്ധവുമായ ഒരു തുറന്ന വിമർശനമായിരുന്നു അദ്ദേഹത്തിൻെറ അന്നത്തെ പ്രസംഗം. സ്വന്തം ചുമതലകഠം വിശ്വസ്തതാപൂർവം നിർവഹിക്കാതെ വൈദികത്വത്തിനും സന്യാസത്തിനും കളങ്കം വരുത്തുന്ന കപടാത്മാക്കളെ അദ്ദേഹം നിശിതമായി വിമർശിച്ചു. 'ലോകത്തിൻെറ മായികവിലാസങ്ങഠം കാണാനല്ലാതെ പാവങ്ങളുടെ കഷ്ടപ്പാടുകഠം കാണുന്നതിനു് അവർക്കു കണ്ണില്ല. കർണ്ണേജപന്മാരുടെ മുഖസ്തുതി കേഠക്കുന്നതിനല്ലാതെ അഗതികളുടെ ദീനരോദനം കേഠക്കുന്നതിനു് അവർക്കു കാതില്ല. ധനം സമ്പാദിച്ചു കൂട്ടുന്നതിനല്ലാതെ, ക്രിസ്തുവിൻെറ തിരുമുറിവുകളിൽ തടവുന്നതിനു് അവർക്കു കൈകളില്ല. സ്വന്തം കോട്ടകൊത്തളങ്ങളിലും കൊട്ടാരക്കെട്ടുകളിലും ഉലാത്തുവാനല്ലാതെ, ദൈവവചന പ്രഘോഷണത്തിനു നടക്കാൻ അവർക്കു പാദങ്ങളില്ല'.

ബോർഗസിലെ മെത്രാപ്പോലീത്തയായ സൈമൺഡിസള്ളിയുടെ മുഖത്തു നോക്കിക്കൊണ്ടു് ആ ധർമ്മധീരൻ അലറി: സ്വന്തം അജഗണങ്ങളെ ശ്വാസം മുട്ടിച്ചു കൊല്ലുന്ന അവിശ്വസ്തനായ ആട്ടിടയനു ഹാ! ദുരിതം. ക്രൂരമൃഗങ്ങളുടെ ആക്രമണത്തിൽനിന്നു സ്വന്തം ആട്ടിൻ പററത്തെ കാത്തുസൂക്ഷിക്കുന്നതിൽ അമാന്തം കാണിക്കുന്ന അലസനും സുഖലോലുപനുമായ അജഹലനു ഹാ! ദുരിതം'.

അന്തോനീസിൻെറ തീക്ഷ്ണശക്തവും സുവിശേഷ ദീപ്തവുമായ വാക്കുകഠം മെത്രാപ്പോലീത്തായെ ഇരുത്തി ചിന്തിപ്പിച്ചു. അദ്ദേഹത്തിൻെറ ഹൃദയം ഒരു യുദ്ധക്കളമായി മാറി. അനുതാപചിന്തയും ആത്മനിന്ദാഭാരവും ഹൃദയത്തെ ഞെരുക്കി. ഒടുവിൽ പശ്ചാത്താപ വിനീതനായിത്തീർന്ന ആ വൈദികമേലദ്ധ്യക്ഷൻ സൂക്ഷ്മദൃക്കായ ആ പ്രഭാഷകൻെറ മുമ്പിൽ മുട്ടുകുത്തി. സ്വന്തം കൃത്യവിലോപം ഏററുപറയുക തന്നെ ചെയ്തു.

1226—അന്ത്യത്തിൽ അന്തോനീസ് ലിമോജസിലെ കസ്റ്റോസായി നിയമിക്കപ്പെട്ടു. സഭാസ്ഥാപക പിതാവായ ഫ്രാൻസീസിൻെറ ദേഹവിയോഗത്തിനു പത്തൊൻപതു ദിവസം മുൻപായിരുന്നു ഈ നിയമനം. ഒന്നിലേറെ ആശ്രമങ്ങളുടെ പൊതുമേലധികാരിയാണ് കസ്റ്റോസ് എന്ന പേരിൽ അറിയപ്പെട്ടിരുന്നതു്.

www.malankaralibrary.com

ഔദ്യോഗികമായ ചുമതലകറക്കെല്ലാം വീഴ്ച കൂടാതെ ഇവിടെയും അദ്ദേഹം സുവിശേഷപ്രഭാഷണപരിപാടി തുടർന്നുകൊണ്ടിരുന്നു. അതിലൊന്നായിരുന്നു സെൻറുപോളിൻെറ നാമത്തിലുള്ള ശവക്കോട്ടയിൽ അദ്ദേഹം നടത്തിയ പ്രസംഗം. 'വൈകുന്നേരം കരച്ചിലും രാവിലെ സന്തോഷവും ഉണ്ടായിരിക്കും'. എന്ന സങ്കീർത്തനവാക്യത്തെ ഉപജീവിച്ചുള്ള ആ പ്രസംഗം ശ്രോതാക്കളെ രോമഹർഷം കൊള്ളിച്ചു എന്നുതന്നെ പറയാം.

ബനഡിക്റ്ററയിൻ സന്ന്യാസിമാരുടെ ആശ്രമത്തിൽ വച്ച് സന്യാസജീവിതത്തെ ആസ്പദമാക്കിയും അന്തോനീസ് ഒരു പ്രസംഗം ചെയ്തു. അതിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു.

'നിങ്ങറ നഗരങ്ങളെ വിട്ടുപോവുക. അവിടെ, ആത്മാവിനെ മലിനമാക്കുന്ന പാപങ്ങളും അഴുക്കുമാണുള്ളത്. ദൈവത്തോട് അടുക്കുവാനും ദൈവത്തെപ്പററി ചിന്തിക്കുവാനും തടസ്സം നില്ക്കുന്ന ബഹളങ്ങളെയും ബദ്ധപ്പാടുകളെയും വിട്ടകലുക. പട്ടണങ്ങളിൽ അനീതിയും മത്സരവും അന്യായപ്പലിശ ഏർപ്പാടും വിശ്വാസ വഞ്ചനയും കൊടികുത്തി വാഴുകയാണ്. ആകയാൽ പട്ടണങ്ങളിൽ നിന്ന് ഓടിയകലുക. ലോകം അഹങ്കാരജടിലമാണ്. ബൗദ്ധികമായ അഹങ്കാരംകൊണ്ട് ദൈവസന്നിധിയിൽ തല നമിക്കാൻ മടിക്കുന്നു. മനസ്സിൻെറ അഹങ്കാരംകൊണ്ടു ദൈവഹിതത്തിനു കീഴ്വഴങ്ങാൻ മടിക്കുന്നു. ഇന്ദ്രിയങ്ങളുടെ ഔദ്ധത്യം ബോധശക്തിയോടു മത്സരിക്കുന്നു.

യഥാർത്ഥ സന്ന്യാസി ലോകത്തിൽ നിന്നകന്നു നില്ക്കുകയും നഗരത്തിൻെറ കോലാഹല ഹല്ലോഹലങ്ങളിൽ നിന്നു ഒഴിഞ്ഞു നില്ക്കുകയും ചെയ്താൽ മാത്രം പോരാ, യേശുക്രിസ്തുവാകുന്ന പാറയിൽ കുടിയിരിക്കുക തന്നെ വേണം. അതു മാത്രമാകണം നമ്മുടെ ചിന്താവിഷയവും. സ്നേഹഭാജനവും പഴയനിയമത്തിലെ കുലപതിയായ യാക്കോബ് ഒരു കല്ലിന്മേൽ വിശ്രമിച്ചപ്പോറ സ്വർഗ്ഗം തുറക്കപ്പെട്ടതായി കണ്ടതുപോലെ, ക്രിസ്തുവാകുന്ന പാറയെ ആശ്രയിക്കുന്നവരും സ്വർഗീയദൃശ്യങ്ങറ കണ്ടാനന്ദിക്കും. ഈ പാറയിൽ അഭയം കണ്ടെത്താത്ത ആത്മാവിന് ഈ അനുഗ്രഹം ലഭിക്കുകയുമില്ല.

പാറയുടെ ആഴത്തിൽ കൂടുണ്ടാക്കുന്ന മാടപ്രാവിനെപ്പോലെ ക്രിസ്തുവിൻെറ ഹൃദയത്തിനുള്ളിൽ നാം കൂടുണ്ടാക്കണം. എളിമ, അനുസരണ, ദാരിദ്ര്യം, പരിത്യാഗം, സഹനം, സേവനം, പ്രാർത്ഥന ഇവയൊക്കെയാണ് ആ കൂടു പണിയാനുള്ള സാമഗ്രികറ........ ഇങ്ങനെ പോയി, ആ പ്രസംഗം.

www.malankaralibrary.com

# ഒൻപത്

ഫ്രാൻസീസ് അസ്സീസ്സി സമാധിയടഞ്ഞതോടു കൂടി അദ്ദേഹത്തിന്റെ പിൻഗാമിയെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് റോമിലെത്തി മാർപ്പാപ്പായുടെ അഭിപ്രായമാരായാൻ നിയോഗിക്കപ്പെട്ടതു് അന്തോനീസ് ആയിരുന്നു. ഫ്രാൻസിൽ നിന്ന് മാർസെയിതുവഴി അദ്ദേഹം റോമിലേക്കു തിരിച്ചു. 1127–ലെ പെസഹാവാരത്തിലാണ് അന്തോനീസ് റോമിലെത്തിയതു്. ഗ്രിഗരി 9–ാമനായിരുന്നു അന്നത്തെ മാർപ്പാപ്പ. ഫ്രാൻസിസ്കൻ സഭയുടെ ഉത്തമപ്രോത്സാഹകനും അഭ്യുദയകാംക്ഷിയുമായിരുന്ന ആ പരിശുദ്ധപിതാവ് അന്തോനീസിനെ വാത്സല്യപൂർവം സ്വീകരിച്ചു.

മാർപ്പാപ്പയുടെ പ്രത്യേക താല്പര്യപ്രകാരം അന്തോനീസ് റോമിൽ ഒരു പീഡാനുഭവപ്രസംഗം നടത്തി. അവിടെയും ഒരു അത്ഭുതം നടന്നു. അന്തോനീസിന് പത്രോസ് ശ്ളീഹായെപ്പോലെ ഭാഷാവരം ലഭിച്ചു. അവിടെ കൂടിയിരുന്ന ശ്രോതാക്കൾ, വിഭിന്ന ഭാഷക്കാരായിരുന്നെങ്കിലും സ്വന്തം മാതൃഭാഷയിൽതന്നെ ആ പ്രസംഗം ശ്രവിച്ചു. പ്രഭാഷകനാകട്ടെ, വെട്ടിത്തിളങ്ങുന്ന ശിരോപരിവേഷത്തിൽ ചൂടും വെളിച്ചവും പ്രസരിപ്പിക്കുന്ന ഒരു പ്രകാശരൂപമായി പരിശോഭിച്ചു. അന്തോനീസിന്റെ പ്രസംഗം ആദ്യന്തം കേട്ടുകൊണ്ടിരുന്ന പരിശുദ്ധപിതാവ് ഗ്രിഗരി നവമൻ, 'ഉടമ്പടിയുടെ പേടകം' എന്നൊരു ബഹുമതി നൽകി അദ്ദേഹത്തെ പരസ്യമായി അഭിനന്ദിച്ചു. സഭാസാമന്തപദവിയോടെ റോമിൽ സ്ഥിരതാമസമാക്കുവാൻ മാർപ്പാപ്പ അന്തോനീസിനെ പലപാടു നിർബന്ധിക്കുകയും ചെയ്തു. പക്ഷേ അന്തോനീസിലെ വിനീതസന്യാസി ഇററലിയിലെ ഉംനാടൻ പർണ്ണശാലകളിലേക്ക് മടങ്ങിപ്പോകുവാൻ, തന്നെ അനുവദിക്കണമെന്നാണ് അപേക്ഷിച്ചതു്.

മടക്കയാത്രയിൽ അന്തോനീസ് ഫ്രാൻസിസ്കൻ സഭയുടെ ആസ്ഥാനവും സ്ഥാപകപിതാവിന്റെ അന്ത്യവിശ്രമകുടീരവുമായ അസ്സീസ്സി സന്ദർശിച്ചു പ്രാർത്ഥന നടത്തി.

1227 മെയ് 30–തീയതി നടന്ന പൊതു സംഘം സഭാനേതാവായി ഗോവാനിപാരന്തിയെ തെരഞ്ഞെടുത്തു. ബൊളോണായിലെ പ്രൊവിൻഷ്യലായി അന്തോനീസും ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. തന്റെ ആദ്യനേതാവായ ഫാ. ഗ്രസ്യാൻ

www.malankaralibrary.com

വഹിച്ചിരുന്ന അതേ പദവി. ഈ ഘട്ടത്തിലും അന്തോനീസ് പ്രസംഗപര്യടനം ഉപേക്ഷിച്ചിരുന്നില്ല. റെമിനി, ഇല്ലീറിയാ, ഗൊമോനാ വെനീസ് ഇങ്ങനെ പല സ്ഥലങ്ങളിലും അദ്ദേഹം മാറി മാറി പ്രസംഗപരിപാടി തുടർന്നു പോന്നു. പാഷണ്ഡവാദി കൾക്കു ചുട്ട മറുപടി കൊടുക്കുക മാത്രമല്ല സന്ദിഗ്ധമാനസരെയും അല്പവിശ്വാസികളെയും വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തു.

1228 ആദ്യം അന്തോനീസ് പാദുവായിലെത്തി. അതു നോയമ്പുകാലമായിരുന്നു. അനുതാപ പ്രസംഗത്തിനു പററിയ കാലാവസ്ഥ. അന്തോനീസ് അതു ശരിക്കുപയോഗിച്ചു. പാദുവാ യിൽ പാഷണ്ഡതയോടു മല്ലടിക്കേണ്ട ആവശ്യമില്ലായിരുന്നു. ജന ങ്ങൾ പൊതുവേ മതവിശ്വാസികളായിരുന്നു. എങ്കിലും അസാന്മാ ര്ഗ്ഗിക ജീവിതത്തിൽ ആണ്ടു മുഴുകിയിരുന്നതുകൊണ്ട് അതിൽ നിന്ന് അവരെ പ്രതി നിവർത്തിപ്പിക്കുവാനായിരുന്നു അന്തോനീ സിൻെറ ശ്രമം. അതു് നൂറുമേനി ഫലമണിയുകയും ചെയ്തു. ജന ങ്ങൾക്കിടയിൽ നിലവിലിരുന്ന ശത്രുതയും മാത്സര്യവും അദ്ദേഹം പറഞ്ഞൊതുക്കി. കൊള്ളപ്പലിശക്കാരും ചൂഷകന്മാരും സഹോദര ബുദ്ധ്യാ പെരുമാറാൻ തുടങ്ങി. കൊടിയ പാപികൾ പശ്ചാത്ത പിച്ചു. വ്യഭിചാരശാലകൾ അടച്ചു പൂട്ടപ്പെട്ടു. കുമ്പസാരക്കൂട്ട കൾക്കു ചുററും അനുതാപ വിവശരായ ജനങ്ങൾ തിങ്ങിക്കൂടി തെററുകളും കുററങ്ങളും പമ്പ കടന്നു. എല്ലാം ഒരു മാസം കൊണ്ടു ണ്ടായ പരിവർത്തനമാണ്. അന്തോനീസ് പാദുവായിൽ നട ത്തിയ പ്രസംഗങ്ങളുടെ സംഗ്രഹം 'പെരുന്നാളുകൾക്കായുള്ള പ്രസം ഗങ്ങൾ' എന്ന പേരിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

1230 മെയ് മാസത്തിൽ അന്തോനീസ് അസ്സീസ്സിയി ലേക്കു പോയി. സഭയുടെ പൊതുസംഘത്തിൽ പങ്കെടുക്കുകയും ഫ്രാൻസീസ് അസ്സീസ്സിയുടെ ഭൗതികാവശിഷ്ടം പുതിയ ബസ്സീ ക്കായിലേക്കു മാററി സ്ഥാപിക്കുന്ന ചടങ്ങിൽ സംബന്ധിക്കുകയു മായിരുന്നു യാത്രോദ്ദേശ്യം.

ഔദ്യോഗിക ഭാരങ്ങളിൽ നിന്നു, തന്നെ ഒഴിവാക്കണമെന്ന് അന്തോനീസ് പൊതുസംഘത്തോട് അഭ്യർത്ഥിച്ചു. ഭരിക്കുന്നതി നെക്കാൾ സുവിശേഷ സന്ദേശം പരത്തുന്നതിൽ കഴിവുപോലെ പ്രവർത്തിക്കാൻ, തന്നെ അനുവദിക്കണമെന്നായിരുന്നു അദ്ദേഹ ത്തിൻെറ അപേക്ഷ. പൊതുസംഘം ഈ അപേക്ഷ സ്വീകരിക്കു കയും ഇഷ്ടമുള്ള ആശ്രമത്തിൽ താമസിച്ചുകൊണ്ട് ഇഷ്ടപ്പടി പ്രവ ർത്തിച്ചുകൊള്ളുവാൻ അന്തോനീസിനെ അനുവദിക്കുകയും ചെയ്തു.

www.malankaralibrary.com

അത്യാഘോഷപൂർവം നടത്തുവാൻ നിശ്ചയിച്ചിരുന്ന ഭൗതികാവശിഷ്ടസംസ്ഥാപനം എത്രയും രഹസ്യമായി ബ്രദർ ഏലിയാസിന്റെ നേതൃത്വത്തിൽ മുൻകൂട്ടി നടത്തിയതിനെപ്പററി പൊതുസഭയിൽ വിമർശനമുണ്ടായി. ഇക്കാര്യം മാർപ്പാപ്പായുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണെന്നു യോഗം തീരുമാനിച്ചു. കൂടാതെ സെൻറ് ഫ്രാൻസീസിന്റെ അന്ത്യശാസനത്തിനു് പേപ്പൽ അംഗീകാരവും നേടണം. ഈ രണ്ടു കാര്യങ്ങൾ മാർപ്പാപ്പാ സമക്ഷം നിവേദിപ്പിക്കുന്നതിനായി അന്തോനീസിനെയും ബ്രദർലെയോായേയുമാണ് തെരഞ്ഞെടുത്തതു്.

അന്തോനീസിനെ ഒരിക്കൽക്കൂടി കാണാനിടയായതിൽ മാർപ്പാപ്പാ സന്തുഷ്ടി പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ നിവേദനങ്ങൾക്കെല്ലാം കാലവിളംബമെന്യേ മാർപ്പാപ്പായിൽനിന്നു് അനുകൂലമായ പ്രതികരണം ലഭിച്ചു. ഇത്തവണയും മാർപ്പാപ്പാ ആ ഫ്രാൻസിസ്കൻ താപസനെ കർദ്ദിനാൾ സ്ഥാനത്തേക്കു സാകൂതം ക്ഷണിക്കുകയുണ്ടായി. എന്നാൽ ഇത്തവണയും അന്തോനീസ് വിനയപൂർവ്വം അതു നിരസിക്കുകയാണുണ്ടായതു്.

അന്തോനീസ് പാദുവായിലെ സെൻറ് മേരീസ് ആശ്രമത്തിലേക്കുതന്നെ മടങ്ങി. ദിവ്യാംബികയുടെ നാമം വഹിക്കുന്ന ആ സ്ഥലത്തായാൽ ആ സ്വർഗ്ഗരാജ്ഞിയെപ്പററി നിരന്തരം ധ്യാനിക്കുന്നതിനും 'ഓ, സർവ്വേശ്വരന്റെ മാതാവേ, അത്യുന്നതമായ ഗിരിയേ, സങ്കേതനഗരമേ, അത്യുന്നതന്റെ സിംഹാസനമേ, സമുദ്രതാരമേ നിനക്കു സ്വസ്തി' എന്നുള്ള മധുമധുരമായ മേരീസ്തവം അനുസ്യൂതം ആലപിക്കുന്നതിനും കൂടുതൽ സൗകര്യമുണ്ടാകുമല്ലോ എന്നു് ആ മരിയഭക്തൻ കരുതി.

www.malankaralibrary.com

# പത്ത്

എസിലിനോ എന്നൊരു ആക്രമണകാരി പാദുവാ നഗരത്തിനു സമീപത്ത് കാസർഫോന്തി എന്ന പ്രഭുവിന്റെ വകയായി ഉണ്ടായിരുന്ന പ്രഭുമന്ദിരം ആക്രമിക്കുകയും പ്രഭുവിന്റെ പൗത്രനെ പിടിച്ചു തടവിലാക്കുകയും ചെയ്തു. ഈ അന്യായത്തിനെതിരെ പാദുവാ ഉണർന്നു. ആ കുട്ടിയെ തടങ്കലിൽനിന്നു വിടുവിക്കുന്നതിൽ അന്തോനീസിന്റെ സഹായം അഭ്യർത്ഥിച്ചു. അന്തോനീസ് ഒട്ടും മടിക്കാതെ എസിലിനോയെ സമീപിച്ച് അയാളുടെ ക്രൂരതയെ അപലപിക്കുകയും നിരപരാധികളെ ദ്രോഹിക്കുന്നതിൽനിന്നു പിന്തിരിയണമെന്നു കർശനമായി ആവശ്യപ്പെടുകയും നിർദോഷികളുടെ രക്തം ചിന്തിയാൽ വരാവുന്ന കടുത്ത ദൈവശിക്ഷയെപ്പററി മുന്നറിയിപ്പു നൽകുകയും ചെയ്തു.

ഈ ധിക്കാരത്തിന് അന്തോനീസിനു തക്ക തിരിച്ചടിയുണ്ടായേക്കുമെന്ന് എല്ലാവരും ഭയപ്പെട്ടു. പക്ഷേ എല്ലാവരെയും അമ്പരപ്പിക്കുമാറ്, എസിലിനോ അന്തോനീസിന്റെ മുമ്പിൽ മുട്ടുകുത്തി മാപ്പപേക്ഷിക്കുകയാണ് ചെയ്തത്.

'ആ പുണ്യാത്മാവിന്റെ കണ്ണുകളിൽനിന്നു മിന്നൽപിണർ പ്രവഹിക്കുന്നതുപോലെയും ആരോ എന്നെ പാതാളഗർത്തത്തിലേക്കു തലകീഴായി പിടിച്ചു തള്ളിയിടാൻ ഭാവിക്കുന്നതുപോലെയും എനിക്കു തോന്നി'. എന്നാണ് അസാധാരണമായ തന്റെ പെരുമാററത്തിനു കാരണമായി ആ നൃശംസൻ പിന്നീടു വെളിപ്പെടുത്തിയത്.

ഏതായാലും അന്തോനീസ് ആവശ്യപ്പെട്ട പ്രകാരം ആക്രമിക്കപ്പെട്ട പ്രഭുമന്ദിരം അതിന്റെ ഉടമസ്ഥനു് തിരിച്ചു കൊടുക്കുകയും ബന്ധനസ്ഥനാക്കപ്പെട്ട യുവാവിനെ മോചിപ്പിക്കുകയും ചെയ്തു.

പിന്നീടൊരിക്കൽ അന്തോനീസിനെ പരീക്ഷിക്കുന്നതിനായി എസിലിനോ ഭൃത്യന്മാർവശം വിലപിടിച്ച കുറെ സമ്മാനവസ്തുക്കൾ അദ്ദേഹത്തിനു കൊടുത്തയച്ചു.

'നിങ്ങളുടെ സമ്മാനങ്ങളൊന്നും എനിക്കു വേണ്ട. കൊള്ളമുതലാണത്' എന്നു പറഞ്ഞ് അന്തോനീസ് അത് അപ്പാടെ തിരസ്കരിച്ചു കളഞ്ഞു.

www.malankaralibrary.com

ഈ വിവരമറിഞ്ഞപ്പോൾ, ആ മനുഷ്യന് അന്തോനീസി നോടുണ്ടായിരുന്ന മതിപ്പും ഭയഭക്തിയും വദ്ധിക്കുകയാണുണ്ടായത്.

പാദുവായിൽ തിരിച്ചെത്തിയശേഷം അന്തോനീസ് ഏറെ പ്രസംഗയോഗങ്ങളിൽ പങ്കെടുക്കുകയുണ്ടായില്ല. ഓസ്റ്റിയായിലെ കർദ്ദിനാളായ റെയ്നാൾഡ് ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം കുത്തിയിരുന്ന് തന്റെ ഓർമ്മക്കുറിപ്പുകൾ എഴുതാൻ ഏറെ സമയം ചെലവഴിച്ചു. 'പുണ്യവാന്മാരുടെ തിരുനാളുകളിലെ പ്രസംഗങ്ങൾ' എന്ന വിലപ്പെട്ട ഗ്രന്ഥം അങ്ങനെയാണ് രചിക്കപ്പെട്ടത്.

അന്തോനീസ് ക്ഷീണിതനായി തുടങ്ങി. നീണ്ട പ്രസംഗങ്ങൾ ചെയ്യാൻ വയ്യെന്നായി. കൂടുതൽ സമയം ഏകാന്തതയിൽ കഴിച്ചുകൂട്ടണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അന്തോനീസ് തന്റെ അഭിലാഷം കാസൽഫോന്തി പ്രഭുവിനെ അറിയിച്ചു. അദ്ദേഹത്തിന്റെ പൗത്രനുവേണ്ടിയായിരുന്നല്ലോ അന്തോനീസ് എസിലിനോടു ന്യായവാദം നടത്തിയത്.

കാസൽ ഫോന്തിപ്രഭു തന്റെ അതിവിസ്തൃതമായ കാമ്പൊസാം പിയറോ എന്ന തോട്ടം ആ ധന്യാത്മാവിന്റെ ഉപയോഗത്തിനു വിട്ടുകൊടുക്കാമെന്നു സസന്തോഷം സമ്മതിച്ചു.

വൃക്ഷനിബിഡമായ ആ തോട്ടത്തിൽ ഒരു പർണശാല കെട്ടിയുണ്ടാക്കി അന്തോനീസ് അവിടെ താമസമാക്കി. സഹായത്തിനു രണ്ടു സഹോദരന്മാരെയും കൂട്ടി. പാദുവായിൽനിന്ന് ഒരു കാതം ദൂരെയായിരുന്നു ഈ ധന്യസ്ഥലം.

1231 മെയ് 30-ാം തീയതി ആ പർണശാലയുടെ ഉമ്മറത്തു നിന്നുകൊണ്ടു പാദുവായെ നോക്കി അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'ഓ, പാദുവാ നിന്റെ സ്ഥാനമാഹാത്മ്യത്താൽ നീ അനുഗൃഹീത'.

രണ്ടാഴ്ചയ്ക്കുശേഷം സംഭവിക്കാനിരിക്കുന്ന തന്റെ ദേഹവിയോഗത്തെയും അതുവഴി ആ നഗരത്തിനു സംസിദ്ധമാകാനിരിക്കുന്ന ഔന്നത്യത്തെയും ഉദ്ദർശിച്ചുകൊണ്ടാണ് അദ്ദേഹം അങ്ങനെ പ്രവചിച്ചതെന്ന് അപ്പോൾ അതു കേട്ടവർക്കാർക്കും തോന്നിയില്ല.

ജൂൺ 13-ാം തീയതി വെള്ളിയാഴ്ച ഉച്ചഭക്ഷണസമയം അന്തോനീസ് ഭക്ഷണത്തിനിരുന്നു. പക്ഷേ പെട്ടെന്നൊരാലസ്യം. ശരീരം തളർന്നു വീഴാൻ പോകുന്നതുപോലെ. കൂടെ ഉണ്ടായിരുന്ന

www.malankaralibrary.com

വർ അദ്ദേഹത്തെ താങ്ങിപ്പിടിച്ചു. 'നിങ്ങൾ സമ്മതിച്ചാൽ ഞാൻ പാദുവായിലെ ആശ്രമത്തിലേക്കു പൊയ്ക്കൊള്ളാം'. അന്തോനീസിന്റെ ആഗ്രഹത്തിന് അവർ വഴങ്ങി. പെട്ടെന്ന് ഒരു വണ്ടി തയ്യാറാക്കി വേഗം യാത്രയായി.

വഴിമദ്ധ്യേ ക്ഷീണം വർദ്ധിക്കയാൽ ക്ലാരമഠക്കാരുടെ വക അതിഥിമന്ദിരത്തിൽ പ്രവേശിപ്പിച്ചു.

'എനിക്കു കുമ്പസാരിക്കണം, വിശുദ്ധകുർബാനയും സ്വീകരിക്കണം' രോഗി ആവശ്യപ്പെട്ടു. കുറെ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സ്വരം തീരെ താണു. നേരിയ സ്വരത്തിലും തെരുതെരെ മരിയസ്തവം ഉരുവിട്ടുകൊണ്ടിരുന്നു. ആകാശത്തിലേക്ക് ഉററുനോക്കുന്നതു കണ്ട്, എന്താണു കാണുന്നതെന്ന് ഒരു സഹോദരൻ ചോദിച്ചു:

'എന്റെ രക്ഷകനെ ഞാൻ കാണുന്നു' അന്തോനീസിന്റെ മറുപടി. ക്രമേണ ദേഹവിയോഗത്തിനുള്ള സമയമായി. രോഗീലേപനം നടന്നു. അനുതാപസങ്കീർത്തനം എല്ലാ കണ്ഠങ്ങളും ഏററുപാടി. സൂര്യൻ പടിഞ്ഞാറോട്ടു ചായുകയായിരുന്നു. എന്നാൽ സൂര്യനേക്കാൾ പ്രകാശമുള്ള ഒരു പുണ്യാത്മാവു സ്വർഗത്തിലേയ്ക്കു് ഉയരുകയായി.

1231 ജൂൺ 17—ാം തീയതി നടന്ന അദ്ദേഹത്തിന്റെ മൃതദേഹസംസ്കാരത്തെയും അതേ ചൊല്ലിയുണ്ടായ സുകൃതാത്മകമായ തക്കവിതക്കങ്ങളെയും കുറിച്ച് ആദ്യം തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

www.malankaralibrary.com

# പതിനൊന്ന്

'മാലാഖമാരുടെ ബോധജ്ഞാനവും പൂർവപിതാക്കന്മാരുടെ വിശ്വാസവും പ്രവാചകന്മാരുടെ പ്രവചനവരവും അപ്പസ്തോലന്മാരുടെ പ്രേഷിതതീക്ഷ്ണതയും ഉത്തമകന്യകകളുടെ വിശുദ്ധിയും താപസശ്രേഷ്ഠന്മാരുടെ ആത്മസംയമനവും രക്തസാക്ഷികളുടെ ധർമ്മധീരതയും അദ്ദേഹത്തിനുണ്ടായിരുന്നു' എന്നാണ് വി. ബനവന്തർ അന്തോനീസിനെപ്പററി പ്രസ്താവിച്ചിട്ടുള്ളത്.

അന്തോനീസിന്റെ മൃതദേഹസംസ്കാരകർമ്മങ്ങൾ നടന്നതു മുതൽ ആ കുടീരാന്തികത്തിലേക്കു തീർത്ഥയാത്രക്കാരുടെ പ്രവാഹം തുടങ്ങി. നിരവധി രോഗശമനങ്ങളും മററ് അത്ഭുതങ്ങളും അവിടെ അനുദിനം നടന്നുകൊണ്ടിരുന്നു. അത്ഭുതപ്രവർത്തകനായ ഈ മഹാത്മാവിനെ പുണ്യവാനായി നാമകരണം ചെയ്യുവാൻ നടപടി സ്വീകരിക്കണമെന്ന് പാദുവായിലെ മെത്രാൻ മാർപ്പാപ്പയോട് അപേക്ഷിച്ചു. ആറു മാസം ദീർഘിച്ച ഔദ്യോഗിക പഠനങ്ങൾക്കും പര്യവേഷണങ്ങൾക്കും ശേഷം ഗ്രിഗരി നവമൻ മാർപ്പാപ്പാ ഇങ്ങനെ പ്രഖ്യാപിച്ചു:

'സാർവത്രിക സഭയിലെ മഹാനായ അത്ഭുതപ്രവർത്തകനും അനുഗൃഹീത പുണ്യചരിതനുമായ അന്തോനീസിന്റെ വിസ്മയനീയവും വിശുദ്ധവുമായ ജീവിതത്തിനു നാം തന്നെ സാക്ഷിയായിരിക്കുകയും സ്വർഗത്തിൽ സർവേശ്വരനാൽ സമ്മാനിതനായ അദ്ദേഹത്തിന് ഈ ലോകത്തിലും അർഹിക്കുന്ന ബഹുമതി നൽകേണ്ടതു ന്യായമാണെന്നു കരുതുകയും ചെയ്യുന്നതിനാൽ, നമ്മുടെ ശ്ലൈഹികാധികാരത്തെ ആധാരമാക്കി അദ്ദേഹത്തിന്റെ നാമം പുണ്യവാന്മാരുടെ പട്ടികയിൽ രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നു നാം അഭിപ്രായപ്പെടുന്നു' അന്തോനീസ് നിര്യാണം പ്രാപിച്ച് ഒരു വർഷം തികയും മുമ്പ്, 1232 മെയ് 30-ാം തീയതിയായിരുന്നു ഈ പ്രഖ്യാപനം.

അന്തോനീസിന്റെ വിശുദ്ധ പദാരോഹണം നടന്ന ദിവസം അദ്ദേഹത്തിന്റെ സ്വദേശമായ ലിസ്ബണിലെ ദേവാലയ മണികൾ താനെ മുഴങ്ങിക്കൊണ്ടിരുന്നു. മംഗളകരമായ ആ കൂട്ടമണിനാദം നഗരത്തെ മുഴവൻ ആനന്ദാബ്ധിയിൽ മുക്കി.

www.malankaralibrary.com

പുണ്യവാൻെറ മാധ്യസ്ഥ്യം അപേക്ഷിച്ചവർക്ക് നിരവധി അനുഗ്രഹങ്ങഠം ലഭിച്ചുകൊണ്ടിരുന്നു. ധാരാളം രോഗശമനങ്ങഠംക്കു പുറമേ മരിച്ചുപോയവരുടെ പുനരുജ്ജീവനവും റിപ്പോർട്ടു ചെയ്യപ്പെട്ടു.

പാദുവാ നിവാസികഠം, എസിലിനോയുടെ രണ്ടാമത്തെ ആക്രമണത്തിൽനിന്നും നഗരത്തെ രക്ഷിക്കുന്നതിനായി വി. അന്തോനീസിൻെറ നൊവേന ആരംഭിച്ചു. നൊവേനയുടെ അന്ത്യത്തിൽ, 1256 ജൂൺ 20—ാം തീയതി അപ്രതീക്ഷിതമായി എസിലിനോ നിശ്ശേഷം പരാജയപ്പെട്ടു. നിർണ്ണായകമായ ആ സമരത്തിന് നേതൃത്വം നൽകിയതു് ഫ്രാൻസിസ്കൻ വേഷധാരിയായ ഒരു വൈദികനായിരുന്നുവെന്നു പടയാളികഠംക്കു തോന്നി. അതു വി. അന്തോനീസ് ആയിരുന്നുവെന്നു പാദുവാ നിവാസികഠം വിശ്വസിച്ചു.

1263—ൽ വി. അന്തോനീസിൻെറ നാമത്തിൽ പാദുവായിൽ ബ്രഹ്മാണ്ഡമനോഹരമായ ഒരു ബസ്ലീക്കാ നിർമ്മിക്കപ്പെട്ടു. വി. അന്തോനീസിൻെറ ഭൗതികാവശിഷ്ടം അങ്ങോട്ടു മാററി സ്ഥാപിക്കാനായി ശവകുടീരം തുറക്കപ്പെട്ടു. ശരീരം ദ്രവിച്ചിരുന്നു. പക്ഷേ നാവിനു മാത്രം യാതൊരു മാററവും സംഭവിച്ചിരുന്നില്ല. ഈ മഹാത്ഭുതത്തിനു ദൃക്സാക്ഷിത്വം വഹിച്ച, ഫ്രാൻസിസ്കൻ സഭാധിപനായ വി. ബനവന്തർ, ആ നാവു കൈയിലെടുത്തു ചുംബിച്ചുകൊണ്ട് ഇപ്രകാരം ആദരോദ്ഘോഷം നടത്തി:

'ഓ, അനുഗ്രഹീതമായ നാവേ, ദൈവത്തെ അനവരതം സ്തുതിക്കുകയും അവിടുത്തെ സ്തുതിക്കുവാൻ മററുള്ളവരെ പഠിപ്പിക്കുകയും ചെയ്ത നീ ദൈവദൃഷ്ടിയിൽ എത്ര വിലപ്പെട്ടതാണെന്നു് ഇതാ ഇപ്പോഠം വ്യക്തമായിരിക്കുന്നു. വി. അന്തോനീസേ, ശക്തനായ പ്രസംഗകാ, ഞങ്ങഠംക്കുവേണ്ടി പ്രാർത്ഥിക്കണമേ'.

ബൊളോണായിൽ സന്താനരഹിതയായ ഒരു പ്രഭ്വി, വി. അന്തോനീസിൻെറ തിരുസ്വരൂപത്തിൻ മുമ്പാകെ പ്രാർത്ഥനാനിരതയായി നില്ക്കുമ്പോഠം, 'ഒൻപതു ചൊവ്വാഴ്ച തുടർച്ചയായി ഇവിടെ വന്നു പ്രാർത്ഥിക്കൂ', എന്നു് ഒരശരീരിയുണ്ടായതുപോലെ തോന്നി. ആ സ്ത്രീ അങ്ങനെ ചെയ്തു. അവഠംക്കു സന്താനലബ്ധിയുമുണ്ടായി. പക്ഷേ ഒരു കുഴപ്പം. ശിശുവിനു പ്രകടമായ അംഗവൈകല്യവും വൈരൂപ്യവും. നിരാശപ്പെടാതെ ആ മാതാവു വീണ്ടും പുണ്യവാൻെറ മാധ്യസ്ഥ്യം പ്രാർത്ഥിച്ചുകൊണ്ടു് ശിശുവിനെ പുണ്യവാൻെറ പീഠത്തിന്മേൽ കിടത്തി. പെട്ടെന്നു് കുഞ്ഞിൻെറ അംഗവൈകല്യം മാറി. സമ്പൂർണ്ണസൗഷ്ഠവം കൈ വന്നു. ഈ സംഭവത്തോടെ വി. അന്തോനീസിൻെറ പേരിലുള്ള ഒൻപതു ചൊവ്വാഴ്ച ഭക്തി നാടെങ്ങും പ്രചരിച്ചു. പുണ്യവാൻെറ മരണ തീയതി ഒപ്പിച്ചു്

www.malankaralibrary.com

പിന്നീടതു പതിമ്മൂന്നു ചൊവ്വാഴ്ച ഭക്തിയായി മാറി. പതിമൂന്നാം ലിയോ മാർപ്പാപ്പാ ഈ പതിമൂന്നു ചൊവ്വാഴ്ച ഭക്തിക്കു ഔദ്യോഗികാംഗീകാരവും നൽകിയിട്ടുണ്ട്.

കത്തുകൾ സുരക്ഷിതമായി യഥാസ്ഥാനത്തെത്തിക്കുന്നതിന്റെ മദ്ധ്യസ്ഥനാണ് വി. അന്തോനീസ്. ഇതിനും ആധാരഭൂതമായ ഒരു കഥയുണ്ട്.

അന്തോനിയോ ഡാൻറി എന്നൊരു സ്പാനീഷ് കച്ചവടക്കാരൻ അമേരിക്കയിലെ ലീമാ (പെറു) എന്ന സ്ഥലത്തു പോയി താമസിച്ചിരുന്നു. അയാളുടെ ഭാര്യ, ഭർത്താവിന്, ലീമായിലേക്കു പല കത്തുകളും അയച്ചിട്ടും മറുപടിയൊന്നും കിട്ടായ്കയാൽ വളരെ ദുഃഖിച്ചു. ഒരു ദിവസം അവൾ ഒവിയോദോവിലെ ഫ്രാൻസിസ്കൻ പള്ളിയിൽ ചെന്നു. വി. അന്തോനീസിന്റെ പ്രതിമയുടെ കൈക്കുള്ളിൽ, ഭർത്താവിനായി എഴുതിയ ഒരെഴുത്തു വച്ചിട്ട് ഇങ്ങനെ പ്രാർത്ഥിച്ചു:

'പുണ്യവാനായ അന്തോനീസേ, ഇതു് എന്റെ പ്രിയപ്പെട്ടവന് എത്തിച്ചുകൊടുക്കണേ. എനിക്കു് ഒരു മറുപടിയും വാങ്ങിത്തരണേ'.

പിറേറദിവസം അവൾ പള്ളിയിൽ ചെന്നു് വി. അന്തോനീസിന്റെ പ്രതിമയിലേക്കു നോക്കി. അതാ അവിടെ ഒരു കത്തു്! തലേദിവസം താനവിടെ വച്ച കത്തായിരിക്കുമെന്നു സംശയിച്ച് അവൾ കത്തു കയ്യിലെടുത്തു. അതു് അവളുടെ ഭർത്താവിന്റെ ചിരപരിചിതമായ കൈപ്പടയിൽ എഴുതപ്പെട്ട കത്തായിരുന്നു. കത്തിന്റെ കൂടെ മുന്നൂറു സ്വർണ്ണനാണയങ്ങളും ഉണ്ടായിരുന്നു. ഈ കത്ത് വേറെ ആരോ എടുക്കാൻ നോക്കിയിട്ടു പ്രതിമയുടെ കയ്യിൽനിന്നു വിട്ടുകിട്ടിയില്ലെന്നും അവൾ അറിഞ്ഞു.

1729 ജൂലൈ 23-ാം തീയതി ലീമായിൽ നിന്നയച്ച ആ കത്തു് ഒവിയോദായിലെ ഫ്രാൻസിസ്കൻ പള്ളിയിൽ ഇന്നും സൂക്ഷിക്കപ്പെടുന്നുണ്ട്.

'പുണ്യവാന്മാരുടെ പൂജ്യകുടീരങ്ങളിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന അത്ഭുതസുമങ്ങൾ നിത്യസത്യത്തിന് എന്നും സാക്ഷ്യം വഹിക്കുന്നു. പാഷണ്ഡന്മാരുടെ വിതണ്ഡാവാദങ്ങളെ ഹനിക്കുന്നതിനും സത്യവിശ്വാസത്തിന്റെ യുക്തയുക്തയെ സ്ഥിരീകരിക്കുന്നതിനും അവർ വഴിയൊരുക്കുന്നു. ജീവിതം സുവിശേഷത്തിന്റെ വെളിച്ചത്തിൽ ചൈതന്യവത്താക്കുന്നതിനും വഴിയും സത്യവും

www.malankaralibrary.com

ജീവനുമായ ക്രിസ്തുവിലേക്കു മനുഷ്യരാശിയെ കൈപിടിച്ചു നയിക്കുന്നതിനും അവർ മാധ്യസ്ഥം വഹിക്കുന്നു' എന്ന് ഒൻപതാം പീയൂസ് മാർപ്പാപ്പായുടെ വചനങ്ങൾ അക്ഷരാർത്ഥത്തിൽ തന്നെ വി. അന്തോനീസിനു യോജിക്കുന്നുണ്ട്.

ജീവിതകാലത്ത് വി. അന്തോനീസ് ദുഃഖിതരെയും പീഡിതരെയും പ്രണിതഹൃദയരെയും സ്നേഹിച്ചു. അവരുടെ വേദന മാററുവാൻ, ദുഃഖം മാററുവാൻ, ക്ലേശമകററുവാൻ, നഷ്ടം നികത്തുവാൻ സഹായിച്ചു. സ്വർഗ്ഗത്തിലും അതേ സേവനം തന്നെ അദ്ദേഹം തുടരുകയാണ്. നമ്മുടെ പ്രയാസങ്ങൾ, വ്യഥകൾ, ജീവിതവ്യഗ്രതകൾ ആവലാതികൾ, ആവശ്യങ്ങൾ എല്ലാം നമുക്ക് അദ്ദേഹത്തിന്റെ മുമ്പിൽ സമർപ്പിക്കാം. അദ്ദേഹത്തിന്റെ അത്ഭുതകരമായ മാധ്യസ്ഥശക്തി വഴി ദൈവത്തിൽനിന്ന് അതെല്ലാം അർഹതയുടെ അടിസ്ഥാനത്തിൽ നമുക്കു നേടിയെടുക്കാം.

വി. അന്തോനീസ് ജീവിച്ചിരുന്ന കാലത്തെപ്പോലെ ഇന്നും മതവിരുദ്ധശക്തികളും അധാർമ്മിക പ്രവണതകളും ആധിപത്യം പുലർത്തുവാൻ പല വിധത്തിലും രൂപത്തിലും കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ. അധർമ്മവിദ്ധ്വംസകനെന്നും പാഷണ്ഡതയുടെ കണ്ഠകോടാലിയെന്നും അറിയപ്പെട്ടിരുന്ന ധർമ്മധീരനായ ആ പുണ്യാത്മാവിന്റെ മാധ്യസ്ഥ്യം തിന്മയുടെ ശക്തികളോടും പൊരുതി ജയിക്കുന്നതിനു വളരെ പ്രയോജനകരമായിരിക്കുമെന്നുള്ളതു തീർച്ചയാണ്.

വി. അന്തോനീസ് അല്പവിശ്വാസികളും അബദ്ധവിശ്വാസികളുമായിരുന്ന അനേകരെ വിശ്വാസത്തിൽ ഉറപ്പിക്കുകയും സന്യാസജീവിതത്തിൽ പരുങ്ങിയും തേങ്ങിയും അദ്ധമനസ്സോടെയും അവിശ്വസ്തതയോടെയും കഴിഞ്ഞിരുന്ന പലരെയും അവരുടെ ദൈവവിളിയിൽ അപ്രലോഭിതരായി മുന്നേറുവാൻ സഹായിക്കുകയും ചെയ്തിരുന്നു. ഇക്കാലത്തും അങ്ങനെയുള്ളവർക്ക് വിശ്വാസപൂർവം ആശ്രയിക്കാവുന്ന ഒരത്താണിയായിരിക്കും ഉത്തമ സന്യാസിയും വിശ്വാസപ്രഘോഷകനും ദൈവവിളിയുടെ വിശ്വസ്തസംരക്ഷകനുമായിരുന്ന ആ പുണ്യാത്മാവ്. ചുരുക്കത്തിൽ എല്ലാവരുടേയും ഏതു കാലത്തെയും മധ്യസ്ഥനാണ് വി. അന്തോനീസ്.

N. B. വി. അന്തോനീസിന്റെ മാധ്യസ്ഥംവഴി ഇതെഴുതുന്ന ആളിന്റെ കുടുംബത്തിനു ലഭിച്ച പ്രത്യേക നന്മയ്ക്കു് ഉപകാരസ്മരണയായി, സ്വന്തമായി രചിച്ച രണ്ടു ലഘു ഗാനങ്ങൾ കൂടി ചേർത്തുകൊള്ളുന്നു.

www.malankaralibrary.com

1. സിദ്ധനാമന്തോനീസേ,
ഉത്തമ പുണ്യനിധേ,
പാദുവാനാഥാ, ഗുരോ,
താവക പാദ താരിൽ
ഭക്ത്യാ നമിക്കുന്നിതാ
ദീനരർത്ഥികളെങ്ങൾ (സിദ്ധനാ... )

രോഗാർത്തരേഴകളാം
ഞങ്ങൾതൻ പ്രാർത്ഥനകൾ
കർത്താവിൻ ചേവടിയിൽ
എത്തിക്കാൻ നീ തുണക്കൂ
മദ്ധ്യസ്ഥ മുഖ്യസിദ്ധാ
അത്ഭുതശക്തിയുക്താ.

2. പരിശുദ്ധതാതാ, ദീനവത്സലാ
കരുണക്കായ് കേഴും മനുജരെ
സ്നേഹജ്യോതിസ്സു നൽകി ഭൂമിയിൽ
നേർവഴിക്കു നയിക്കണേ! (പരിശുദ്ധ....)

പുണ്യപൂരിതനായ പ്രേഷിതാ;
ജ്ഞാനവേദ പ്രദീപമേ.
അജ്ഞതാന്ധ്യത്തിലാണ്ടു മുങ്ങിടും—
ഞങ്ങളെ കരകയററണേ!
സാഗരത്തിലെ മത്സ്യജീവികൾക്കും
വേദമോതിയ വല്ലഭാ (പരിശുദ്ധ....)

യേശുവിൻ സ്നേഹധീര മുദ്രിത
രക്തസാക്ഷിത്വം ചൂടുവാൻ
ഏറെയേറെക്കൊതിച്ച ഫെർണാൻറോ
ഫ്രാൻസിസിൻ സ്നേഹപുത്രനായ്
അപ്പാതേ ചേർന്നിട്ടിപ്പാപികളും
യേശുവിൽ ധീരരാവട്ടെ!

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# സെബസ്ത്യാനോസ്
# ഗീവർഗീസ്, അന്തോനീസ്

## വർഗീസ് കാഞ്ഞിരത്തുങ്കൽ

കേരളത്തിലെ, ഭാരതത്തിലെ നാനാജാതി മതസ്ഥർ ഒരുപോലെ വണങ്ങുന്ന, ആദരിക്കുന്ന പുണ്യാത്മാക്കളാണല്ലോ വി. സെബസ്ത്യാനോസും, വി. ഗീവർഗീസും വി. അന്തോനീസും. ഈ പുണ്യാത്മാക്കളുടെ ലഘുചരിത്രവും അവർ ഇന്നത്തെ ലോകത്തിനുനൽകുന്ന സന്ദേശവും ആണ് ഈ ചെറുഗ്രന്ഥം. ഈ ദിവ്യ വ്യക്തിത്വങ്ങളുടെ ആനുകാലിക പ്രസക്തിയും മദ്ധ്യസ്ഥശക്തിയും പ്രത്യേകം എടുത്തുകാണിച്ചിരിക്കുന്നു. തിരുനാൾ പ്രസംഗകർക്ക് ഒരു വഴികാട്ടിയാണീഗ്രന്ഥം. ഭാരതത്തിലെ ക്രൈസ്തവർ ഈ മൂന്നു വിശുദ്ധരുടേയും തിരുനാളുകൾ അതീവ പ്രാധാന്യം നൽകിയാണല്ലോ ആഘോഷിക്കുന്നത്. അതുകൊണ്ട് അവരെപ്പറ്റി കൂടുതൽ അറിയുക ഉചിതമാണല്ലോ ലളിതമായഭാഷയിൽ സുന്ദരമായ ശൈലിയിൽ പ്രസിദ്ധ ഗ്രന്ഥകർത്താവും വാഗ്മിയും പണ്ഡിതനുമായ മി. വർഗീസ് കാഞ്ഞിരത്തുങ്കൽ രചിച്ച ഈ കൃതിയെ ഭാരതത്തിലെ നാനാജാതി മതസ്ഥർ കൈ നീട്ടി സ്വീകരിക്കുമെന്ന് ഉറപ്പുണ്ട്.

---

ഒരു. ഡി. ബി. എച്ച് പ്രസിദ്ധീകരണം

---

www.malankaralibrary.com